# സത്യദൂതൻ

2024 ഡിസംബർ | ലക്കം 12

വില ₹ 30



## ഗർഭച്ഛിദ്രവും ജനന നിയന്ത്രണവും

## യേശുവിന്റെ തിരുപിറവി: സ്ഥലകാലങ്ങളിലെ വൈരുദ്ധ്യം

## ട്രംപും ലോകവും


# ഉടൻ

# പുറത്തിറങ്ങുന്നു!!

# കേവല നീതി കാരുണ്യം, ബന്ധുത്വം

## മൂന്ന് ക്രിയാത്മക തത്ത്വങ്ങൾ

മനുഷ്യബന്ധങ്ങളിൽ പ്രതിഫലിക്കേണ്ട ദൈവ കൽപിതമായ നീതിയുടെയും കാരുണ്യത്തിന്റെയും അദ്ധ്യാപനങ്ങളെ സംബന്ധിച്ച് സൂക്ഷ്മവും സമഗ്രവുമായി പ്രതിപാദിക്കുന്ന ഉജ്ജ്വല ഗ്രന്ഥം.




**വില**
**300 രൂപ**

Hadrath Mirza Tahir Ahmad
(Khalifathul Masih IV)

വിവർത്തനം : ഏ.എം. മുഹമ്മദ് സലീം

**പ്രസാധകർ**

**മജ്‌ലിസ് അൻസാറുല്ലാഹ്, എറണാകുളം ജില്ല**

# അകം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7** **തിരുനബി ചരിത്രം: ഹുദൈബിയാ സന്ധി**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു) 2024 നവംബർ 15 ന് നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.



**10** **ജീവിലോകം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**15** **ഗർഭച്ഛിദ്രവും ജനന നിയന്ത്രണവും**
സഹീർ അഹ്മദ് ഖാൻ.യു എസ്.




**22** **യേശുവിന്റെ തിരുപിറവി: സ്ഥലകാലങ്ങളിലെ വൈരുദ്ധ്യം**
എ.എം.മുഹമ്മദ് സലീം

**28** **സാംബിയയിലെ അഹ്മദിയ്യാ മുന്നേറ്റങ്ങൾ**
ബിലാൽ അഹ്മദ്, പെട്ടോക്ക്, സാംബിയ




**31** **ലോക സമാധാനത്തിനു ഖുർആൻനൽകുന്ന പാഠവും അഹ്മദിയ്യാ ഖലീഫയുടെ പരിശ്രമങ്ങളും**
ഇബ്നു വഫാ, ബേപ്പൂർ



**36** **സർ ഐസക് ന്യൂട്ടൻ ഏകദൈവ വിശ്വാസിയായ ശാസ്ത്രപ്രതിഭ**
ഡോ. ഫസൽ മാലിക്ക്



**40** **കുറിപ്പുകൾ ട്രംപും ലോകവും**
മുസാഫിർ

**42** അനുസ്മരണം



لاالٰہ الا اللہ محمد رسول اللہ

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

2024 – ഡിസംബർ
ഹി.ശ. 1404– ഫതഹ്
1445 ജ. അവ്വൽ – ജ ആഖിർ
പുസ്തകം 96 ലക്കം 12
വില 30 രൂപ

എഡിറ്റർ
**എ.എം.മുഹമ്മദ് സലീം**
**ഫോൺ : 8907 182 933**
Email: salimqld@gmail.com

ചീഫ് എഡിറ്റർ
**സി.പി.സുൽത്താൻ നസീർ**
**ഫോൺ : 9544 274 240**

മാനേജർ
**ഡോ. സി. സലാഹുദ്ദീൻ**
**ഫോൺ : 9447 424 619**

സർകുലേഷൻ മനേജർ
**കെ.സാജിദ്**
**ഫോൺ : +971505253252**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്
എറണാകുളം നോർത്ത്, കൊച്ചി – 682018

**Printed & Published by**
B.B.Ahmad Kabeer,
for the Kerala
Ahmadiyya Muslim Jama-ath

**Printed at**
A-One Offset Prints,
Ramanattukara,
Calicut, Kerala - 673 633

**Published at**
Masjid Umar, St. Benedict Road,
Ernakulam, Kochi-18.

**Edited by** A.M. Muhammed Salim.


**Design:** HA *Creative Graphics*


**സത്യദൂതന്റെ പഴയ ലക്കങ്ങൾ ഓൺലൈനിൽ വായിക്കുവാൻ ഈ QR CODE ഉപയോഗിക്കുക.**

## വിശുദ്ധ ഖുർആനിൽ നിന്ന്



അല്ലാഹു തനിക്കായി ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്നു
പറയുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നതിന്നു വേണ്ടിയാണ്
(ഈ ഗ്രന്ഥം ഇറക്കിയിരിക്കുന്നത്). അവർക്കോ അവരുടെ
പിതാക്കൾക്കോ അത് സംബന്ധിച്ച് യാതൊരറിവുമില്ല.
അവരുടെ വായയിൽ നിന്നും വരുന്ന വാക്ക് ഗുരുതരമായതാണ്.
കള്ളമല്ലാതെ അവർ പറയുന്നില്ല.
(18:59)



## നബിവചനം

ഇസബ് മറിയം 120 വയസ്സുവരെ ജീവിച്ചിരുണ്ടായിരുന്നുവെന്ന്
ജിബ്‌രീൽ എന്നെ അറിയിച്ചിരിക്കുന്നു.
(കൻസുൽ ഉമ്മാൽ വാല്യം 6 ഭാ. 120)

## വാഗ്ദത്ത മസീഹിന്റെ വചനം



ഹദ്റത്ത് ഈസാ(അ)ന്റെ ജനനം അദ്ദേഹത്തിന്റെ ദൈവത്വം സ്ഥാപിക്കാൻ പര്യാപ്തമല്ല. വിശുദ്ധ ഖുർആനും ഇഞ്ചീലും ഹദ്റത്ത് ഈസാ(അ)ന്റെയും യഹ്‌യയുടേയും ജനന വിവരണം ഒരുമിച്ചാണ് കൊടുത്തിരിക്കുന്നത് അത് രണ്ടും അത്ഭുതമാണെങ്കിൽ തന്നെയും അതിലൂടെ അദ്ദേഹത്തിന്റെ ദൈവത്വം സ്ഥാപിതമാകുന്നില്ലെന്ന് അനുവാചകൻ മനസ്സിലാക്കുന്നതിനു വേണ്ടിയാണിത്. ഈ എല്ലാ ഗവേഷണങ്ങളിൽ നിന്നും തെളിയുന്നത്, ഈസാ(സ)ന്റെ ഏതെങ്കിലും മുഅ്ജിസയോ ജനനമോ അദ്ദേഹത്തിന്റെ ദൈവത്വം തെളിയിക്കാൻ സാദ്ധ്യമായ അത്ഭുതമല്ലെന്നാണ്. ഈ കാര്യം വ്യക്തമാക്കുന്നതിനു വേണ്ടിത്തന്നെയാണ് മസീഹിന്റെ ജനന വിവരണത്തോടൊപ്പം യഹ്‌യയുടെ ജനനത്തെ പറ്റിയും വിവരിച്ചിരിക്കുന്നത്. യഹ്‌യയുടെ അത്ഭുതകരമായ ജനനം അദ്ദേഹത്തെ മനുഷ്യൻ എന്ന അവസ്ഥയിൽ നിന്ന് പുറത്താക്കാത്തതു പോലെ മസീഹ് ബിനു മർയമിന്റെ ജനനം അദ്ദേഹത്തെ ദൈവമാക്കുന്നില്ല. യോഹന്നാന്റെ ജനനം ഹദത്ത് ഈസാ(അ)ന്റെ ജനനത്തേക്കാളും കുറഞ്ഞതോതിലുള്ള മുഅ്ജിസ അല്ലായിരുന്നു. മറിച്ച് ഹദ്റത്ത് ഈസാ(അ)ൽ പിതാവിന്റെ ഭാഗം മാത്രമാണ് അഭൗമികമായിട്ടുള്ളത്. ഹദ്റത്ത് യഹ്‌യ(അ)ൽ മാതാവിന്റേയും പിതാവിന്റെയും അതായത് രണ്ട് ഭാഗവും അഭൗമികമാണ് അതോടൊപ്പം ഹദ്റത്ത് യഹ്‌യയുടെ ജനനമെന്ന അടയാളം സ്വച്ഛവുമാണ്, കാരണം അദ്ദേഹത്തിന്റെ മാതാവിനുമേൽ അവർ വന്ധ്യയായിരുന്നതുകൊണ്ട് അവിഹിത ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടില്ല. ആരോപണത്തിന് ഒരു സാഹചര്യവും ഇല്ലായിരുന്നു. എന്നാൽ ഹദ്റത്ത് മർയമിനു മേൽ ആരോപണം ഉന്നയിക്കപ്പെട്ടു. ആ ആരോപണം ഹദ്റത്ത് ഈസാ(അ)ന്റെ ജനനമെന്ന അത്ഭുതത്തെ മറമാടുന്നു (നസീമെ ദഅ്‌വത്ത്, റൂഹാനി ഖസാഇൻ)

# യേശു ആകാശത്ത് നിന്നും വരില്ല. വിശ്വാസികൾ തീരുമാനിക്കാൻ നേരമായി

ആധുനിക മനുഷ്യസമൂഹത്തിന്റെ ആത്മീയവും ധാർമികവുമായ ജീർണ്ണത ഉൾക്കാഴ്ച്ചയുള്ള സത്യാന്വേഷികളെ തുറിച്ചു നോക്കുകയും വ്യാകുലപ്പെടുത്തുകയും ചെയ്യുന്നു. എല്ലാവിധ അടയാളങ്ങൾക്കൊണ്ടും ഇത് മതഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ട യുഗാന്ത്യകാലമാണെന്ന് മിക്ക മതപണ്ഡിതന്മാരും തിരിച്ചറിഞ്ഞിട്ടുണ്ട്. ഭൂമിയിലെവിടെയും നാഗരിക ഗരിമയുടെയും ശാസ്ത്ര മുന്നേറ്റങ്ങളുടെയും കണ്ണഞ്ചിപ്പിക്കുന്ന പ്രകടനമാണ് . എന്നാൽ മനുഷ്യന്റെ ആത്മീയ–ധാർമികാവസ്ഥ അങ്ങേയറ്റം അധപതനാവസ്ഥയിലും! മതപുരോഹിതന്മാർ, നേതാക്കൾ, സാംസ്കാരിക നായകന്മാർ എന്നിവരടക്കം ആഗോള സമൂഹത്തിൽ മുഴുവനും മനുഷ്യസ്നേഹവും നിഷ്പക്ഷമായ നീതിയും അപ്രത്യക്ഷമായിരിക്കുന്നു. എത്രത്തോളമെന്നാൽ ഈ ജീർണ്ണത ഭയാനകമായ ഒരു യുദ്ധമുഖത്ത് ലോക ജനതയെ എത്തിച്ചിരിക്കുന്നു. സൂക്ഷ്മമായി നോക്കിയാൽ മനുഷ്യന്റെ ആത്മീയവും ധാർമികവുമായ അപചയമാണ് രാഷ്ട്രീയവും സൈനികവുമായ ഈ സംഘർഷാവസ്ഥ സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യസമൂഹത്തിന്റെ യഥാർത്ഥ സത്ത ആത്മീയവും മതപരവുമാണ്. മനുഷ്യ സമൂഹങ്ങളുടെ നാനാ വിധത്തിലുള്ള മുന്നേറ്റം ഗോത്രീയവും വംശീയവുമായ വിഭജനങ്ങൾ ഇല്ലാതാക്കി ഇന്ന് ആഗോളഗ്രാമം വിശ്വസമൂഹവുമായി മാറിക്കൊണ്ടിരിക്കുന്നു.

മതപ്രമാണങ്ങളിൽ പ്രവചിതമായ ഈ അവസ്ഥക്ക് ദൈവികമായ ഒരു പരിഹാരമുണ്ടോ? തീർച്ചയായും ഉണ്ട്. ക്രൈസ്തവരും മുസ്‌ലിംകളും ഹിന്ദുക്കളും മറ്റു മതസ്ഥരും മതപ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ദൈവികപ്രതിപുരുഷനിൽ പ്രതീക്ഷയർപ്പിക്കുന്നു. തീർച്ചയായും വരാനിരിക്കുന്ന രക്ഷകൻ എല്ലാവർക്കും ഒരാളാണ്. അതിന്റെ പ്രാധാന്യം നോക്കൂ. ബൈബിളിൽ പൗലൂസ് തന്റെ ലേഖനങ്ങളിൽ സ്നാനത്തെക്കുറിച്ച് 13 പ്രാവശ്യമേ പറഞ്ഞിട്ടുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ രണ്ടാംവരവിനെ പറ്റി 50 ൽ പരം പ്രാവശ്യം എഴുതിയിട്ടുണ്ട്. ബൈബിളിലെ ഓരോ 25 വാക്യത്തിലും ഒരു വാക്യം എന്ന അനുപാതത്തിൽ ക്രിസ്തുവിന്റെ രണ്ടാം വരവിനെ പറ്റി പറയുന്നു. ഒന്നാം വരവിനെ കുറിച്ച് പറഞ്ഞതിന്റെ എട്ടിരട്ടിയാണ് രണ്ടാം വരവിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിന്നായി അവസാന കാലത്ത് അല്ലാഹു ഏർപ്പെടുത്തിയ ഒരേയൊരു ദൈവിക പുനരുജ്ജീവന പദ്ധതി ഈസാ മസീഹിന്റെ ആഗമനമാണ് എന്നാണ് ക്രിസ്ത്യാനികളെപോലെ മുസ്‌ലിം ഭൂരിപക്ഷവും വിശ്വസിക്കുന്നത്. അല്ലാതെ ഇക്കാണുന്ന മുസ്‌ലിം സംഘടനകളല്ല ആ കാര്യം നിർവ്വഹിക്കുക. അത് അല്ലാഹുവിന്റെ രീതിയുമല്ല. മുസ്‌ലിംകൾ അഞ്ച് നേരവും നിർവ്വഹിക്കുന്ന നമസ്ക്കാരങ്ങളിൽ ദജ്ജാൽ എന്ന ഭീകര ശക്തിയുടെ ഉപദ്രവത്തിൽ നിന്നും രക്ഷിക്കാൻ പ്രാർത്ഥിക്കുന്നു. അവസാനം ആ ദജ്ജാലിനെ സംഹരിക്കുന്നത് ഈസാ നബി(അ) ആണെന്നാണ് വിശ്വാസ സങ്കൽപ്പം. കലിയുഗത്തിന്റെ ലക്ഷണം വിവരിച്ച് ആ കാലത്ത് അവതരിക്കേണ്ട കൽക്കി അവതാരത്തെ കുറിച്ച് ഭാഗവതം, വിഷ്ണു പുരാണം, അഗ്നി പുരാണം, പത്മ പുരാണം, കൽക്കി പുരാണം, ഭവിഷ്യ പുരാണം, ഗരുഡപുരാണം എന്നീ ഹിന്ദു മതഗ്രന്ഥങ്ങളിലും പറഞ്ഞിരിക്കുന്നു. ദേവദത്ത എന്ന ചിറകുള്ള വെളുത്ത കുതിരയുടെ പുറത്താണ് കൽക്കി വരുക എന്നാണ് ഹിന്ദു വിശ്വാസം.

കിസ്ത്യാനികളും മുസ്‌ലിംകളും ഹിന്ദുക്കളും പ്രവചനഭാഷയുടെ അക്ഷരാർത്ഥങ്ങളിൽ ഭാവനയുടെ വർണ്ണം ചാലിച്ചാണ് ഇതിഹാസവൽക്കരിക്കപ്പെട്ട രക്ഷകനെ കാത്തിരിക്കുന്നത്. ഒരു ചരിത്രപാഠം നാം ഓർക്കണം. തങ്ങളുടെ മോചനത്തിനു വേണ്ടി അധികാരത്തിന്റെ വേഷഭൂഷകളണിഞ്ഞ് അഭിഷിക്തനായ ഒരു രാജാവ് ആഗതനാകുമെന്ന് പ്രവചനങ്ങളെ അക്ഷ്രാർത്ഥത്തിലെടുത്ത് യഹൂദർ പണ്ട് രക്ഷകനെ കാത്തിരുന്നിരുന്നു. തച്ചന്റെ വീട്ടിൽ ജനിച്ച് നിസ്വവേഷത്തിൽ രക്ഷകനായ യേശു ആഗതനായപ്പോൾ അവർ നിഷ്ക്കരുണം നിഷേധിച്ചു. മുൾക്കിരീടം അണിയിച്ചു. ഞാണങ്ങാക്കോലുകൊണ്ട് പ്രഹരിച്ചു. മുഖത്ത് കാർക്കിച്ചു തുപ്പി. അവസാനം ക്രൂശിക്കാൻ ധൃഷ്ടരായി. വ്യാജസങ്കൽപ്പങ്ങളെ താലോലിച്ചിരുന്നവർ സത്യരക്ഷകനായ യേശുവിനോട് ചെയ്ത് കൂട്ടിയ പാപങ്ങൾ നമുക്ക് മുമ്പിലുണ്ട്.

യഥാർത്ഥ രക്ഷകൻ പ്രവചനങ്ങളുടെ നിറവിൽ ആഗതനായിരിക്കുന്നു. ആ മഹാത്മാവാണ് ഭാരതത്തിന്റെ കിഴക്ക് പഞ്ചാബിൽ ആഗതനായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ). സത്യാന്വേഷകർ പ്രമാണങ്ങൾ നിരത്തി വെച്ച് സത്യഹൃദയത്തോടെയും യുക്തി ബോധത്തോടെയും സത്യം ഗ്രഹിക്കുക.ലോകത്ത് സ്വർഗ്ഗീയ ശാന്തിയും സമാധാനവും പുലരുമാറാകട്ടെ



# യേശുവിനെ സംബന്ധിച്ച അന്ധവിശ്വാസങ്ങൾ

**ഹദ്റത്ത് അഹ്മദ്** عليه السلام

**ഹാ** കഷ്ടം! മനുഷ്യൻ ഒരു സംഗതി പറഞ്ഞു പോകുകയോ ഏതെങ്കിലുമൊരു വിശ്വാസ സിദ്ധാന്തം കൈകൊള്ളുകയൊ ചെയ്തു കഴിഞ്ഞാൽ പിന്നെ ആ സംഗതിയുടെ നേരെയോ ആ സിദ്ധാന്തത്തിന്റെ യുക്തി ഭംഗവും നിരർത്ഥകതയും എത്ര തന്നെ വെളിപ്പെട്ടാലും അതിനെ കൈവെടിയാൻ കൂട്ടാക്കാറില്ല. ഈ നില എത്ര തന്നെ ശോചനനീയ മായിട്ടുള്ളതാണ്. മോക്ഷപ്രാപ്തിക്കുള്ള അഭിലാഷം സത്യത്തിന്നു മേൽ അധിഷ്ഠിതമാണെങ്കിൽ അതു ശ്ലാഘ്യം തന്നെ. എന്നാൽ സത്യ പ്രവാചനനായ ഒരു പാവനാത്മാവിന്ന് ദൈവവുമായുള്ള ബന്ധം അറ്റുപോകതക്ക അന്യഥാത്വം സംഭവിച്ച് ഏകാഗ്ര ഭക്തിക്കും വിശ്വാസത്തിന്നും നിഷ്ഠക്കും ഭംഗകരമാമാം വിധം അദ്ദേഹത്തിന്നും ദൈവവുമായി അന്യാഥാത്വവും വിരഹവും വിരാഗവും സംജാതമായി അദ്ദേഹത്തിന്റെ ഹൃദയം ദൈവാനുരാഗപ്രഭയ്ക്കു പകരം തമോഭാവത്തിന്റെ ഇരിപ്പിടമായിത്തീർന്നുവെന്നു പറയുന്നതിന്ന് തുല്യമായ തരത്തിലുള്ള ഈ വിശ്വസ സിദ്ധാന്തത്തെ കൈകൊള്ളുകയും അങ്ങനെ ഒരു സത്യത്തെ അറുകൊല ചെയ്യുകയും ചെയ്തുകൊണ്ടുള്ള മോക്ഷാഭിലാഷത്തിന്ന് എന്ത് അർത്ഥമാണുള്ളത്?

തന്നെനയുമല്ല. ഈ വിശ്വാസ സിദ്ധാന്തം യേശു മശീഹായുടെ ദിവ്യമായ പ്രവാചക ദൗത്യത്തിന്ന് സുവിശേഷത്തിൽ ഉടനീളം അദ്ദേഹം അവകാശപ്പെട്ടു കാണുന്ന തന്റെ ശ്രേഷ്ഠതക്കും ദൈവപ്രേമത്തിലും ദിവ്യജ്ഞാന ലബ്ധിക്കുക്കുമെല്ലാം കടക വിരുദ്ധ മായിരിക്കുന്നതാണ്. താൻ ലോകത്തിന്റെ പ്രദീപമാണെന്നും സത്യ മാർഗ്ഗദർശകനാണെന്നും തനിക്കു ദൈവവുമായി അത്യുൽക്കൃഷ്ടമായ തരത്തിലുള്ള പാവനമായൊരു സ്നേഹ ബന്ധമുണ്ടെന്നും താൻ അവങ്കൽ പാവന ജന്മം പ്രാപിച്ചിരിക്കുന്നുവെന്നും അവന്റെ പ്രിയപുത്രനാനാന്നെുമെല്ലാം അദ്ദേഹം അവകാശപ്പെട്ടിട്ടുള്ളതായി സുവിശേഷങ്ങൾ വായിച്ചു നോക്കുന്ന ഏവർക്കും സ്പഷ്ടമായി കാണാവുന്നതാണ്. ഇങ്ങനെ അദ്ദേഹത്തിന്ന് ദൈവവുമായി അവിഭാജ്യമായ ഒരു പാവന പ്രേമബന്ധം നിലനിന്നിരിക്കേ, അദ്ദേഹത്തിന്റെ ഹൃദയത്തിൽ ശാപ സംബന്ധിയായ അശുദ്ധാർത്ഥം സാക്ഷാത്ഭവിക്കുന്നതെങ്ങനെ? ഇതു ഒരിക്കലും സംഭവ്യമല്ല തന്നെ. ആകയാൽ അദ്ദേഹത്തെ കുരിശിച്ചു കൊന്നിട്ടില്ല എന്നത് തെളിഞ്ഞ ഒരു വസ്തുതയാണ്. അതായത് കുരിശിന്മേൽ തറക്കപ്പെട്ടുവെങ്കിലും അദ്ദേഹം അതിന്മേൽ മരിച്ചിരിന്നില്ല. എന്തെന്നാൽ കുരിശീകരണത്തിന്റെ ഫലത്തെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിന്റെ വ്യക്തിത്വം എത്രയും ഉപരിയായിട്ടുള്ളതത്രെ ഇങ്ങനെ അദ്ദേഹം കുരിശിൽ മരിച്ചിരുന്നില്ല എന്ന് വരുമ്പോൾ ശാപത്തിന്റെ അശുദ്ധമായ അപവിത്രവുമായ ഫലത്തിലും സാഹചര്യത്തിലും നിന്ന് സന്ദേഹമന്യെ അദ്ദേഹത്തിന്റെ ഹൃദയം നിർബാധം സുരക്ഷിതവുമാക്കപ്പെട്ടിരിക്കുന്നു എന്നു സിദ്ധിക്കുന്നു. ഇതിൽ നിന്നും അദ്ദേഹം ആകാശത്തേക്ക് കരേറിപ്പോയിട്ടി ല്ലെന്ന് തെളിഞ്ഞിരിക്കുകയാണ്. എന്തെന്നാൽ അദ്ദേഹത്തിന്റെ ആകാശാരോഹണ സങ്കൽപ്പം കുരിശീകരണ പദ്ധതിയുടെ ഒരു ഘടകവും ശാഖയുമത്രെ. അതിനാൽ അദ്ദേഹം ശാപഗ്രസ്തനല്ലെന്നും മൂന്ന് ദിവസം നരകത്തിലിരുന്നില്ലെന്നും മരത്തിന്മേൽ തൂങ്ങി മരിച്ചിട്ടില്ലൊന്നും തെളിഞ്ഞതോടെ അതിന്റെ രണ്ടാമത്തെവശമായ ആകാശാരേഹണവും അവാസ്തവമാണെന്ന് സിദ്ധിച്ചു. ഇതിലേക്ക് സുവിശേഷത്തിൽ നിന്ന് വേറെയും അനേകം പ്രമാണങ്ങൾ ലഭിക്കുന്നുണ്ട്. (മസീഹ് ഹിന്ദുസ്ഥാൻ മെ)

# തിരുനബി ചരിത്രം: ഹുദൈബിയാ സന്ധി

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2024 നവംബർ 15 ന് മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.



ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)

**ഹു**ദൈബിയ സന്ധി ഹിജ്റ ആറാം വർഷം ദുൽഖഅദഃ മാസം അതായത് എ.ഡി. 628 മാർച്ച് മാസത്തിലാണ് ഉണ്ടായത്. ഇതിനെ ഹുദൈബിയ യുദ്ധം എന്നും പറയാറുണ്ട്. ഹുദൈബിയ യുദ്ധത്തെ സംബന്ധിച്ച് അല്ലാഹു സൂറത്തുൽ ഫത്ഹ് എന്ന ഒരു അധ്യായം തന്നെ ഇറക്കുകയുണ്ടായി. ഇതിന്റെ പ്രാരംഭ വചനത്തിൽ അല്ലാഹു പറയുന്നു:

**തീർച്ചയായും നാം നിനക്ക് സ്പഷ്ടമായൊരു വിജയം നൽകിയിരിക്കുന്നു. മുമ്പും പിമ്പുമുള്ള നിന്റെ വൈകല്യങ്ങളെ അല്ലാഹു നിന്നിൽനിന്നും മറയ്ക്കുന്നതിനും, നിന്റെ മേൽ അവന്റെ അനുഗ്രഹത്തെ പൂർത്തീകരിക്കുന്നതിനും, നിന്നെ നേർമാർഗത്തിൽ നയിക്കുന്നതിനും, അല്ലാഹു നിനക്ക് പ്രബലമായ സഹായം നൽകുന്നതിനും വേണ്ടിയാണത്.**

ഇസ്‌ലാമിന്റെ ആരംഭകാലത്ത് യാത്രക്കാർക്കും ഹാജിമാർക്കും ഒരുപാട് ഉപയോഗപ്രദമായിരുന്ന ഒരു കിണറിന്റെ പേരാണ് ഹുദൈബിയ. പക്ഷേ അവിടെ ജനവാസമുണ്ടായിരുന്നില്ല. ഹുദൈബിയ മക്കയിൽനിന്ന് ഒരു കാതം, അതായത് ഒൻപത് മൈൽ ദൂരെയാണ് സ്ഥിതി ചെയ്യുന്നത്. ഹുദൈബിയ മക്കയുടെ പടിഞ്ഞാറേ അതിർത്തിയാണ്.

(അതിന്റെ കാരണം) നിവേദനങ്ങളിൽനിന്നും ചരിത്രങ്ങളിൽനിന്നും മനസിലാകുന്നത് എന്തെന്നാൽ തിരുനബി(സ) ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ഹുദൈബിയയിലേക്ക് യാത്രതിരിച്ചു. നബി(സ)ന് ഒരു സ്വപ്നം ഉണ്ടായി. അതായത്, തിരുനബി(സ)യും സഹാബാക്കളും സമാധാനത്തോടുകൂടി, ശിരസ്സ് മുണ്ഡനം ചെയ്ത്, മക്കയിൽ പ്രവേശിക്കുന്നു. നബി(സ) ബൈത്തുല്ലായിൽ പ്രവേശിക്കവേ അതിന്റെ താക്കോൽ വാങ്ങുന്നു. അറഫാ മൈതാനത്തു തമ്പടിച്ച വരോടൊപ്പം തിരുനബി(സ)യും തങ്ങുന്നു. പിന്നെ തിരുനബി(സ) അറേബ്യക്കാരെയും തൊട്ടടുത്തുള്ള ഗ്രാമീണവാസികളെയും തന്നോടൊപ്പം പുറപ്പെടാൻവേണ്ടി വിളിക്കുന്നു. ഈ യാത്രയിൽ മുസ്‌ലിങ്ങളുടെ പക്കൽ വാളുകളല്ലാതെ മറ്റൊരു ആയുധവും ഇല്ലായിരുന്നു. അക്കാലഘട്ടത്തിൽ വീട്ടിൽനിന്ന് പുറത്തിറങ്ങുമ്പോൾ എല്ലാവരും വാളുകൾ കരുതിയിരുന്നു. വാളുള്ളവരെല്ലാം യുദ്ധം ചെയ്യുമെന്ന് അതു കൊണ്ട് അർത്ഥമാകുന്നില്ല. ഹദ്റത്ത് ഉമർ(റ)ന്റെ എന്തുകൊണ്ടാണു യുദ്ധത്തിനുള്ള സാധനങ്ങൾ കൂടെ കരുതാത്തത് എന്ന ചോദ്യത്തിന് നബി(സ) (മറുപടി) പറഞ്ഞു: ഞാൻ ഉംറക്കുള്ള ഉദ്ദേശത്തിലാണ് പോകുന്നത്. അതുകൊണ്ട് ആയുധങ്ങൾ കയ്യിൽ കരുതാൻ ആഗ്രഹിക്കുന്നില്ല.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്ത് ഖാത്തമുന്നബിയ്യീനിൽ നബി(സ)ന്റെ ഈ സ്വപ്നത്തെ പരാമർശിച്ചുകൊണ്ട് എഴുതുന്നു. നബി(സ) ഈ സ്വപ്നം കണ്ടതിന്ശേഷം തന്റെ സഹാബാക്കളെ ഉംറക്ക് തയ്യാറാകാൻ ആഹ്വാനം ചെയ്തു. ഉംറ ഒരർത്ഥത്തിൽ ചെറിയ ഹജ്ജാകുന്നു. അതിൽ ഹജ്ജിന്റെ ചില കാര്യങ്ങൾ ഒഴിവാക്കി ബൈത്തുല്ലായെ പ്രദക്ഷിണം ചെയ്യുകയും ബലിയറുക്കുകയുമാണ് ചെയ്യുന്നത്. ഹജ്ജിനെപ്പോലെ

അതിന് വർഷത്തിൽ ഒരു നിശ്ചിത സമയം ഇല്ല. മറിച്ച് ഈ ഇബാദത്ത് എല്ലാ കാലത്തും അനുഷ്ഠിക്കാവുന്നതാണ്.

ഹുദൈബിയ യുദ്ധാവസരത്തിൽ മുസ്‌ലിങ്ങളുടെ എണ്ണം എത്രയായിരുന്നുവെന്ന കാര്യത്തിൽ അഭിപ്രായ ഭിന്നതയുണ്ട്. ആയിരം മുതൽ ആയിരത്തി എഴുന്നൂറ് വരെ പറയപ്പെടുന്നുണ്ട്. ഈ യാത്രയിൽ നബി(സ)യുടെ ധർമ്മപത്നി ഹദ്റത്ത് ഉമ്മുസൽമ(റ)യും നബിയോടൊപ്പമുണ്ടായിരുന്നു. നബി(സ) ദുൽഖഅദഃ മാസത്തിലെ ആദ്യ തിങ്കളാഴ്ചയാണ് പുറപ്പെട്ടത്. ദുൽഹലീഫയിൽ എത്തിയശേഷം അവിടെ ളുഹർ നമസ്കരിച്ചു. തുടർന്ന് കുർബാനിക്കുള്ള മൃഗങ്ങളെ വരുത്തിച്ചു. അത് എഴുപതെണ്ണം ഉണ്ടായിരുന്നു. അവയെ ഹാരമണിയിച്ചു. പിന്നെ കുറച്ച് ഒട്ടകങ്ങൾക്ക് (അവ ഖുർബാനിക്കുള്ള ഒട്ടകം ആണെന്നറിയാൻ) അടയാളമിട്ടു. തുടർന്ന് നാജിയ മറ്റ് മൃഗങ്ങൾക്കുമേലും അടയാളമിട്ടു. ഈ യാത്രയിൽ മുസ്‌ലിങ്ങളുടെ പക്കൽ 200 കുതിരകൾ ഉണ്ടായിരുന്നു.

തിരുനബി(സ) ഖുറൈശികളുടെ അവസ്ഥയെ ക്കുറിച്ച് അറിയുന്നതിന് വേണ്ടി, (മുൻകരുതലെന്ന നിലക്ക്) ഒരു അന്വേഷകനെ നേരത്തെ അയക്കുകയുണ്ടായി. കൂടാതെ ഇരുപത് കുതിര സവാരിക്കാരെയും നേരത്തെ അയച്ചിരുന്നു. റൗഹ എന്ന സ്ഥലത്തെത്തിയപ്പോൾ അവിടെ കുറച്ച് മുശ്‌രിക്കീങ്ങൾ ഉണ്ടെന്ന് അറിവ് ലഭിക്കുകയുണ്ടായി. അവർ ഓർക്കാപ്പുറത്ത് മുസ്‌ലിങ്ങളെ അക്രമിക്കുമോ എന്ന ആശങ്കയുണ്ടായിരുന്നു. തിരുനബി(സ) ഹദ്റത്ത് അബൂഖത്താദ അൻസാരി(റ)യെ, സഹാബാക്കളുടെ ഒരു സംഘത്തോടൊപ്പം അവരുടെ അടുക്കലേക്ക് പറഞ്ഞുവിടുകയുണ്ടായി.

ഈ യാത്രക്കിടയിൽ ഒരു സ്ഥലത്ത് ആളുകൾ നബി(സ)ന് ചുറ്റും ഒരുമിച്ചുകൂടി. തിരുനബി(സ)ക്ക് മുന്നിൽ ഒരു വെള്ളമുള്ളപാത്രം ഉണ്ടായിരുന്നു; തിരുനബി(സ) അത് കൊണ്ടാണ് വുളു ചെയ്തിരുന്നത്. നബി(സ)ചോദിച്ചു: എന്താണ് കാര്യം? സ്വഹാബാക്കൾ പറഞ്ഞു: അങ്ങയുടെ പക്കലുള്ള ഈ പാത്രത്തിലെ വെള്ളമല്ലാതെ ഞങ്ങളുടെ ആരുടെ കയ്യിലും കുടിക്കാനോ വുളു എടുക്കാനോ വെള്ളമില്ല. അത് കേട്ടപ്പോൾ നബി(സ) പ്രസ്തുത പാത്രത്തിൽ തന്റെ കൈവെച്ചു. ആ സമയത്ത് തിരുനബിയുടെ വിരലുകൾക്കിടയിൽ നിന്ന് നീരുറവ പൊട്ടിപ്പുറപ്പെട്ടത്പോലെ വെള്ളം വരാൻ തുടങ്ങി. ഹദ്റത്ത് ജാബിർ(റ) പറയുന്നു: ഞങ്ങൾ എല്ലാവരും വെള്ളം കുടിക്കുകയും വുളു എടുക്കുകയും ചെയ്തു. അഥവാ ഞങ്ങളുടെ എണ്ണം ഒരുലക്ഷം ആയിരുന്നെങ്കിൽ പോലും ആ വെള്ളം ഞങ്ങൾക്ക് ധാരാളമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഅ്ജിസത്തുകളുമായി ബന്ധപ്പെട്ട് വിവരിക്കുന്നു: ലിഖാ എന്ന അവസ്ഥയിലെത്തുമ്പോൾ ചില സമയത്ത് മാനുഷിക കഴിവിന്നതീതമായ ചില കാര്യങ്ങളും മനുഷ്യരിലൂടെ സംഭവിക്കുന്നതായി മനസ്സിലാകുന്നു. ദൈവീക ശക്തികളുടെ ഒരു വർണ്ണം അവർക്ക് ലഭിക്കുന്നു. ഒരുപാട് അത്ഭുതങ്ങൾ തിരുനബി(സ) ഇത്തരം വ്യക്തിഗതമായ കഴിവുകൾകൊണ്ട് കാണിച്ചിട്ടുണ്ട്. അതോടൊപ്പം ദുആകളൊന്നും ഇല്ലായിരുന്നു.

മുസ്‌ലിങ്ങൾ യുദ്ധത്തിനല്ല മറിച്ച് ബൈത്തുല്ലാഹ് സന്ദർശിക്കുന്നതിനാണ് വരുന്നത് എന്ന് അറിഞ്ഞപ്പോഴും ഖുറൈശികൾ മുസ്‌ലിങ്ങളെ മക്കയിൽ കടക്കുന്നത് തടയാൻ തീരുമാനിച്ചു. ഖുറൈശികൾ യുദ്ധത്തിനായി ഒരു വലിയ സൈന്യത്തെ സ്വരുക്കൂട്ടിയിരിക്കുന്നുവെന്നും ബൈത്തുല്ലായിൽ പ്രവേശിക്കുന്നത് തടയുന്ന താണ് എന്നും അറിഞ്ഞപ്പോൾ തിരുനബി(സ) ആളുകളോട് അഭിപ്രായം ആരാഞ്ഞു. ബൈത്തുല്ലായിലേക്ക് യാത്ര തുടരുകയും ചെയ്തു.

തിരുനബി(സ) ഹുദൈബിയയിൽ എത്തിയ പ്പോൾ തിരുനബി(സ)യുടെ ഖസ്‌വ എന്ന ഒട്ടകം അവിടെ ഇരുന്നു. ആളുകൾ അതിനെ എഴുന്നേൽപ്പിക്കാൻ ശ്രമിച്ചെങ്കിലും അത് അങ്ങനെത്തന്നെ ഇരിക്കുകയുണ്ടായി. ആളുകൾ പറഞ്ഞു: ഖസ്‌വ ഇരുന്നിരിക്കുന്നു. തിരുനബി(സ) പറഞ്ഞു: ഖസ്‌വ ഇരുന്നതല്ല. അങ്ങനെയൊരു സ്വഭാവവും അതിനില്ല. മറിച്ച് ആനകളെപ്പോലും തളക്കുന്ന പരിശുദ്ധമായ അസ്തിത്വം അഥവാ അല്ലാഹു അതിനെ തടഞ്ഞതാണ്. തുടർന്ന് തിരുനബി(സ) പറഞ്ഞു: ആരുടെ കയ്യിലാണോ എന്റെ ജീവനുള്ളത്, അവനാണെ സത്യം, ഖുറൈശികൾ ആവശ്യപ്പെടുന്ന, അല്ലാഹുവിന്റെ ആദരവിന് അനുഗുണമായ കാര്യങ്ങളെല്ലാം ഞാൻ സമ്മതിച്ചു കൊടുക്കുന്നതാണ്. പിന്നെ നബി(സ) ഒട്ടകത്തെ ശകാരിച്ചപ്പോൾ അത് എഴുന്നേറ്റു.

മുസ്‌ലിങ്ങൾ ഹുദൈബിയയുടെ ഒരു അറ്റത്ത് ചെറിയ ഒരു ജലാശയമുള്ള ഒരു സ്ഥലത്ത് തമ്പടിച്ചു. തടാകത്തിൽനിന്ന് ആളുകൾ വെള്ളം എടുത്തുതുടങ്ങി. കുറച്ച് സമയത്തിനകംതന്നെ അത് വറ്റിപ്പോയി. ഹദ്റത്ത് നാജിയ(റ) നിവേദനം ചെയ്യുന്നു. തിരുനബി(സ) നോട് വെള്ളം കുറവാണെന്ന് പരാതിപ്പെട്ടപ്പോൾ തിരുനബി(സ) എന്നെ വിളിച്ചു. തന്റെ ആവനാഴിയിൽനിന്ന് ഒരു അമ്പ് എനിക്ക് എടുത്തു തന്നു. പിന്നെ അരുവിയിലെ വെള്ളം ഒരു പാത്രത്തിൽ കൊണ്ടുവരാൻ പറഞ്ഞു. ഞാൻ അതുമായിവന്നപ്പോൾ നബി(സ) വുളു എടുക്കുകയും വായയിൽ വെള്ളമാക്കി അതിലേക്ക് തന്നെ തിരിച്ച് ഒഴിക്കുകയും ചെയ്തു. തുടർന്ന് എന്നോട് പറഞ്ഞു: ഈ പാത്രത്തിലെ വെള്ളം വറ്റിപ്പോയ ആ

അരുവിയിൽ ഒഴിക്കുക. അതിലെ വെള്ളത്തിൽ ഈഅമ്പ് നാട്ടുകയും ചെയ്യുക. ഞാൻ അങ്ങനെത്തന്നെ ചെയ്തു. തിരു നബി(സ)നെ സത്യവുമായി അയച്ച അല്ലാഹുവാണെ സത്യം. എന്റെ നാല് ഭാഗത്തും വെള്ളമായിരുന്നു; ഞാൻ വളരെ പ്രയാസപ്പെട്ടാണ് പുറത്തേക്ക് വന്നത്. അടുപ്പിലെ പാത്രം തിളക്കുന്നത്പോലെ വെള്ളം തിളച്ചുമറിയുന്നുണ്ടായിരുന്നു. അങ്ങനെ വെള്ളം ഉയരുകയും കരയോടൊപ്പമെത്തുകയും ചെയ്തു. ആളുകൾ അതിന്റെ കരയിൽ ഇരുന്ന് വെള്ളം നിറച്ചു തുടങ്ങി. എത്രത്തോളമെന്നാൽ അവരിൽ അവസാന വ്യക്തിയും ദാഹം ശമിപ്പിക്കുകയുണ്ടായി.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ആ സന്ദർഭത്തിൽ ഉണ്ടായ ഒരു മഴയെക്കുറിച്ച് പരാമർശിച്ചുകൊണ്ട് പറയുന്നു: അതേ ദിവസം രാത്രി മഴയുണ്ടായി. തിരുനബി(സ) രാവിലെ നമസ്കാരത്തിന്വേണ്ടി വന്നപ്പോൾ മൈതാനം മുഴുവനും വെള്ളം കെട്ടിനിൽക്കുകയായിരുന്നു. തിരുനബി(സ) സ്വഹാബാക്കളോട് പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു; ഈ സന്ദർഭത്തിൽ നിങ്ങളുടെ നാഥൻ എന്താണ് പറഞ്ഞത് എന്ന് നിങ്ങൾക്കറിയാമോ? സഹാബാക്കൾ തങ്ങളുടെ പതിവ് ശീലമനുസരിച്ച് അല്ലാഹുവും അവന്റെ റസൂലും നന്നായി അറിയുന്നു എന്ന് പറയുകയുണ്ടായി. തിരുനബി(സ) പറഞ്ഞു: അല്ലാഹു ഇങ്ങനെ പറയുകയുണ്ടായി: എന്റെ ദാസന്മാരിൽ പലരും ശരിയായ ഈമാന്റെ അവസ്ഥയിലാണ് നേരം വെളുപ്പിച്ചത്. പക്ഷേ ചിലർ കുഫ്റിന്റെ അവസ്ഥയിൽ ചഞ്ചലപ്പെട്ടുകൊണ്ടിരുന്നു. കാരണം നമുക്ക്മേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും മുഖേന മഴ ഉണ്ടായി എന്ന് പറഞ്ഞ ദാസന്മാർ തങ്ങളുടെ വിശ്വാസത്തിന്റെ യാഥാർഥ്യത്തിൽ ഉറച്ചുനിന്നവരാണ്. എന്നാൽ ഇന്ന ഇന്ന നക്ഷത്രങ്ങളുടെ സ്വാധീനഫലമായിട്ടാണ് മഴ ഉണ്ടായതെന്ന് പറയുന്നവർ തീർച്ചയായും സൂര്യന്റെയും ചന്ദ്രന്റെയും വിശ്വാസികളാണ്. പക്ഷേ അവർ അല്ലാഹുവിനെ നിഷേധിച്ചവരുമാണ്. ഈ നിർദേശം മുഖേന തൗഹീദിന്റെ സമ്പത്തുമായി നിയോഗിക്കപ്പെട്ട തിരുനബി(സ) സ്വഹാബാക്കൾക്ക് നൽകിയ പാഠമെന്തെന്നാൽ തീർച്ചയായും കാര്യകാരണങ്ങൾക്ക് വിധേയമായിട്ട് ആണ് അല്ലാഹു ഈ പ്രപഞ്ചസംവിധാനത്തെ നടത്തിക്കൊണ്ടുപോകുന്നതിന് വിവിധ സാധന സാമഗ്രികൾ ഒരുക്കിയിട്ടുള്ളത്. മഴയും മറ്റും ഉണ്ടാകുമ്പോൾ ആകാശീയ നക്ഷത്രാദികൾക്കുള്ള സ്വാധീനത്തെ നിഷേധിക്കുന്നില്ല. എന്നാൽ യഥാർത്ഥ തൗഹീദ് ഈ സാമഗ്രികളെല്ലാം ഉണ്ടായിട്ടും മനുഷ്യന്റെ ദൃഷ്ടി എല്ലാത്തിനും അപ്പുറത്തുള്ള അസ്തിത്വത്തെക്കുറിച്ച് അശ്രദ്ധമാകാൻ പാടില്ല എന്നുള്ളതാണ്. അവൻ തന്നെയാണ് തന്റെ സംവിധാനത്തിന്റെ മൂല കാരണം. അവനെക്കൂടാതെ ഭൗതിക സാഹചര്യങ്ങൾക്ക് ഒരു മൃതമായ കീടത്തെക്കാളും വലിയ പ്രസക്തിയൊന്നുമില്ല.

ഈ സംഭവം തുടരുന്നതാണ്. ഹുദൈബിയയെ സംബന്ധിച്ച് ചില കാര്യങ്ങൾ ഇനിയും ബാക്കിയുണ്ട്. അത് ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഈ സമയത്ത് ഞാൻ ചില മർഹൂമീങ്ങളെ അനുസ്മരിക്കുന്നതും നമസ്കാരത്തിന്ശേഷം അവരുടെ ജനാസ നിർവ്വഹിക്കുന്നതുമാണ്. ഇതിലെ ആദ്യത്തെ അനുസ്മരണം ബംഗ്ലാദേശിലെ ജനാബ് മുഹമ്മദ് അബ്ദുല്ലാഹ് സാഹിബിന്റെ മകൻ ശെഹ്റിയാർ റഹീനിനെക്കുറിച്ചുള്ളതാണ്. (ബംഗ്ലാദേശിൽ) ആഗസ്റ്റ് അഞ്ചിന് സർക്കാർ സ്ഥാനഭ്രഷ്ടമാക്കപ്പെട്ടതിനുശേഷം ചില ദിവസങ്ങളിൽ വലിയ കലാപമാണുണ്ടായത്. (രാജ്യത്ത് അരക്ഷിതാവസ്ഥപടർന്നപ്പോൾ) അഹ്മദിയ്യാ വിരോധികൾ അത് മുതലെടുത്തു കൊണ്ട് അഹ്മദ്നഗർ ജമാഅത്തിനുമേൽ ആക്രമണം നടത്തി. വിരോധികൾ അഹ്മദികളുടെ വീടുകൾക്ക് തീയിട്ട്കൊണ്ട് ജാമിഅഃയിലേക്കും ജൽസാഗാഹിലേക്കും വരികയുണ്ടായി. ജാമിഅഃയിലേക്ക് കടക്കാൻ അവർക്ക് കഴിഞ്ഞില്ലെങ്കിലും ജൽസാഗാഹിന് പിന്നിലൂടെ വന്ന് (അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന) ഖാദിമിങ്ങളെ വളയുകയും അവരെ ആക്രമിക്കുകയും ചെയ്തു. ആ സമയത്ത് ശെഹ്റിയാറിന് ശക്തമായി പരിക്കുപറ്റി. അത് കാരണം മൂന്ന് മാസത്തോളം ചികിത്സയിലായിരുന്നു. അവസാനം നവംബർ എട്ടാം തീയതി പതിനാറാമത്തെ വയസ്സിൽ ആദ്ദേഹം ശഹീദായി. അദ്ദേഹം വഖ്ഫെനൗ പദ്ധതിയിൽ അംഗമായിരുന്നു. സന്തപ്ത കുടുംബത്തിൽ മാതാപിതാക്കളും പിതാമഹനും പിതാമഹിയും ഒരു സഹോദരിയും രണ്ട് സഹോദരന്മാരും ഉണ്ട്. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുകയും മാതാപിതാക്കൾക്കും കുടുംബക്കാർക്കും സഹനവും സ്ഥൈര്യവും നൽകുകയും ചെയ്യട്ടെ.

അടുത്ത അനുസ്മരണം കബാബീറിലെ അബ്ദുല്ലാഹ് ആസാദ് ഓദേ സാഹിബിന്റേതാണ്. (മുബല്ലിഗുമാരുമായി ഏറെ സ്നേഹവും ബന്ധവുമുള്ള ഒരു കുടുംബത്തിലാണ് അദ്ദേഹം വളർന്നത്.) അദ്ദേഹം ഖിലാഫത്തിനോട് അനുസരണത്തിലും ആത്മാർത്ഥതയിലും വലിയ ബന്ധം സ്ഥാപിക്കുകയും ചെയ്തിരുന്നു. അദ്ദേഹം വലിയ എഴുത്തുകാരനും ആത്മാർഥനുമായ വ്യക്തിയും ജമാഅത്തിന്റെ യഥാർഥ സേവകനും ആയിരുന്നു.

അല്ലാഹു ഇദ്ദേഹത്തോട് പൊറുമയോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ. ഇദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ തലമുറക്കും ഇദ്ദേഹത്തിന്റെ ചുവടുകളിൽ ചരിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ.

ലേഖനം

# ജീവിലോകം

മനുഷ്യൻ അവന്റെ നൈതികതയും ഇച്ഛയുമനുസരിച്ചാണ് പെരുമാറുന്നത്.
മൃഗങ്ങളാകട്ടെ അതിന്റെ സഹജാവബോധമനുസരിച്ചും

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്** ﷺ
ഖലീഫത്തുൽ മസീഹ് നാലാമൻ

ദാർശനികന്മാരുടെ സമീപനം സംബന്ധിച്ച് പരാമർശിക്കുകയാണെങ്കിൽ അവരിൽ ചിലർ വിശ്വസിക്കുന്നത് പ്രപഞ്ച സൃഷ്ടിപ്പിന്ന് ഒരു സ്രഷ്ടാവിന്റെ ആവശ്യമില്ലെന്നാണ്. അവർ വാദിക്കുന്നത് പ്രപഞ്ച സൃഷ്ടി എന്നത് സ്വയംഭുവും തുടർന്നു കൊണ്ടിരിക്കുന്നതും അന്ധവും പരിണാമാത്മകവുമായ ഒരു പ്രക്രിയയാണെന്നാണ്. വ്യക്തമായും ഈ അന്ധതത്വങ്ങളുടെ അടിസ്ഥാനത്തിൽ തന്നെയാണ് അവർ മനുഷ്യപ്രകൃതിയെ മനസ്സിലാക്കാൻ ശ്രമിക്കുന്നതും അത് കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നതും.

അത്തരം ദാർശനികന്മാർ മുന്നോട്ടുവെക്കുന്ന തത്വം. മനുഷ്യന്റെ മേൽ പ്രത്യേകമായി നൈതികവും ധാർമികവുമായ യാതൊരു വിധ നിബന്ധനകളും ഉണ്ടാവാൻ പാടില്ല എന്നും മൃഗങ്ങൾ എങ്ങനെയാണോ അത്പോലെ തങ്ങളുടെ ജീവിതം രൂപപ്പെടുത്താൻ മനുഷ്യർക്ക് പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ട് എന്നുമാണ്. ഈ ഒരു പശ്ചാത്തലത്തിൽ മനുഷ്യന്ന് നിയമം നിർമ്മിക്കാൻ ഒരു പരമോന്നത നിയമദാതാവ് എന്ന നിലയിൽ പുറമെനിന്നും ദൈവത്തെ പോലെയുള്ള ഒരു ബാഹ്യ എജൻസിയുടെ പങ്ക് നാം കാണുന്നില്ല എന്നുമാണ്. അവരുടെ അഭിപ്രായത്തിൽ നീതിയുടെ സങ്കൽപ്പം മനുഷ്യന്റെ ധൈഷണിക പ്രവർത്തനങ്ങളിൽ നിന്നുമാത്രം സംജാതമായതാണ്. ചരിത്രാതീതകാലം മുതൽ അവന്റെ സുദീർഘമായ അനുഭവ പരമ്പരകളുടെ വെളിച്ചത്തിൽ മനുഷ്യസമൂഹം വികസിക്കുന്ന മുറക്ക് ക്രമേണ നിയമങ്ങളും ചട്ടങ്ങളും അവൻ രൂപീകരിക്കാൻ ആരംഭിച്ചു. അങ്ങനെ അവൻ നീതിയുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങൾക്കുകൂടി നിയമനിർമ്മാണം ആരംഭിച്ചു.

മതപരമായ ആദർശങ്ങൾ ഈ സെക്കുലർ സാമൂഹിക സിദ്ധാന്തങ്ങളുമായി നേരിട്ടുള്ള സംഘട്ടനത്തിലേർപ്പെടുന്നു. മതം നമ്മെ പഠിപ്പിക്കുന്നത് ഒരു സവിശേഷ ഉദ്ദേശ്യത്തോടെയാണ് ദൈവം മനുഷ്യന് വിവേചന ബോധം നൽകിയിരിക്കുന്നത് എന്നാണ്. അതായത് മൃഗത്തെ പോലെ അവന്റെ സഹജവാസനകൾ പിന്തുടരണമോ അതല്ലെങ്കിൽ ചില അവസരങ്ങളിൽ ചില നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിട്ടുനിൽക്കണമോ എന്ന്.

അവസാനമായി ഈ ഗുണങ്ങൾ മനുഷ്യന് ദൈവം നൽകിയതാണെന്ന് വിശ്വസിക്കാമെങ്കിൽ എന്താണ് മനുഷ്യൻ ചെയ്യേണ്ടതെന്നും എന്താണ് ചെയ്യരുതാത്തതെന്നുമുള്ള മാർഗ്ഗദർശനം വെളിപാട് മുഖേന ദൈവത്തിൽ നിന്ന് തന്നെ വരേണ്ടതാണെന്ന് ന്യായമായും കരുതണം.

എന്തായാലും ഈ വാദമുഖങ്ങൾ ചില മാതൃകകളുടെ സഹായത്തോടെ വിശദീകരിക്കേണ്ടതുണ്ട്. ഉദാഹരണത്തിന്ന് ഒരു സിംഹത്തിന്റെ സഹജാവബോധം അതിനോട് പറയുക വിശപ്പ് മാറ്റാനായി ഏതെങ്കിലും ഒരു മൃഗത്തെ പോയി കൊല്ലുക എന്നാണ്. എന്നാൽ അതിന്ന് സിംഹത്തിന്റെ ഇരയായ മൃഗത്തിനെ ഏറ്റവും കുറഞ്ഞ അളവിൽ വേദനിപ്പിച്ചുകൊണ്ട് കൊല്ലാൻ തീരുമാനിക്കുക എന്നത് അതിന്റെ നൈസർഗികമായ കഴിവിന്റെ പരിധിക്കപ്പുറത്താണ്. ദൈവം തന്നെയാണ് അതിന്ന് തന്റെ ഇരയെ ഏറ്റവും വേദനാരഹിതമായി കൊല്ലാൻ സഹജാവബോധത്താൽ പഠിപ്പിച്ചിട്ടുള്ളത്. ആ അർത്ഥത്തിൽ ഇര അനാവശ്യമായ വേദന സഹിക്കുന്നത് ഒഴിവാക്കപ്പെടുന്നു.

തഖ്വീം (കേവല നീതി എന്ന പ്രക്രിയയുടെ ജൈവ അജീവ ലോകത്തെ പ്രവർത്തനം) എന്ന പ്രക്രിയ ദീർഘകാലമായി ക്രമാനുസൃതം പ്രാവർത്തികമാക്കിയതിനാൽ മറ്റുള്ള ജീവികളുടെ യാതനയെയും വേദനയേയും കുറിച്ച് മൃഗങ്ങൾക്ക് ഒരു ബോധം ലഭിച്ചത് വളരെ സാവകാശത്തിലും എന്നാൽ സുനിശ്ചിതവും ലക്ഷ്യോന്മുഖവുമായ ഒരു പരിവർത്തനത്തിലൂടെയുമാണ് മനുഷ്യരിൽ അത് പ്രാഥമികമായ ചുവട് വെച്ചത്. അത് അടുത്ത ബന്ധു മിത്രാതികളിലാണ് ആരംഭിക്കുന്നത്. പിന്നീട് അത് വിപുലമായ ഒരു കുടുംബവൃത്തിലും പിന്നീട് സഹജീവികളായ എല്ലാ മനുഷ്യരും ഉൾപ്പെടുന്ന അതിവിസ്തൃതമായ ഒരു വൃത്തത്തിലേക്കും പകരുന്നു.



അതിന് ശേഷം താഴ്ന്ന ജീവികൾ അനുഭവിക്കുന്ന യാതനാ–വേദനകളുടെ ഊഴം വരുന്നു. ഒരു മൃഗത്തിന്ന് മറ്റൊരു മൃഗത്തോടുള്ള ഈ ഒരു വികാരത്തിൽ നിന്നാണ് ഈ ഗുണം മുഴുവൻ മൃഗലോകത്തും ഉണ്ടായത് എന്ന് നിരീക്ഷിക്കപ്പെടുന്നു. പ്രതിസന്ധിയുടെ കാലത്ത് ഒരേ വർഗ്ഗത്തിലുള്ള മൃഗങ്ങൾ കൂട്ടം കൂടുന്നു. ഈ കൂട്ടം കൂടാനുള്ള സഹജാവബോധമായിരിക്കും ഒരു പക്ഷേ നായകൾക്കും ചെന്നായ്ക്കൾക്കും സംഘ ബോധത്തിന്ന് നിദാനമായി വർത്തിച്ചത്. അവ കൂട്ടമായാണ് വേട്ടക്കിറങ്ങുന്നത്. മറ്റുള്ളവരുടെ വികാരങ്ങളെപ്പറ്റി വിപുലീകൃതമായ ബോധം ഉണ്ടാകുന്നത് സംബന്ധിച്ച ചില പരിണാമാത്മക പ്രവണതകളുടെ ഉദാഹരണങ്ങളാണ് ഇവ. വിപദ്ഘട്ടങ്ങളിൽ ആനയും കാട്ടുമൃഗങ്ങളും സീബ്രയും മാനുമെല്ലാം ശത്രുവിന്നെതിരെ ഒരുകൂട്ടമായി നിന്നോ വർഗ്ഗമായി നിന്നോ പ്രതികരിക്കുന്നു. ഇവിടെ നമുക്ക് ഒരു ജീവിവർഗ്ഗത്തിന്റെയോ ഒരു സംഘത്തിന്റേയോ ജാഗ്രതാ ബോധത്തിന്റെ അതിർത്തി കൂടതൽ വികസിച്ചു വരുന്നതായി കാണാം. മനുഷ്യൻ പരിണമിച്ച് രൂപപെട്ട് വരുന്നതനുസരിച്ച് മൃഗപരമായ അതേ പ്രവണതകൾ തന്നെയാണ് ശക്തമായും വ്യതിരിക്തമായും അവനിലും വളരുന്നത്. അവന്റെ വൈകാരികതയും മറ്റുള്ളവരെ സംരക്ഷിക്കേണ്ട ബോധവും അവന്റെ സ്വന്തം കുടുംബത്തിൽ മാത്രമായോ മനുഷ്യ വർഗ്ഗത്തിൽ മാത്രമോ ഒതുങ്ങിയില്ല അത് താഴ്ന്ന ജീവികളുടെ ജീവിലോകത്തേക്ക് കൂടി വ്യാപിക്കുകയുണ്ടായി. ഈ സന്ദർഭത്തിൽ മനുഷ്യരാശിക്ക് ഒരു ജീവിത സംഹിതയുടെ ആവശ്യം ബോദ്ധ്യമാവുന്നു. അദ്ദേഹത്തിന്റെ മനുഷ്യരാശിയോടുള്ള സംവേദന ബോധം മനുഷ്യവർഗ്ഗത്തിന്റെ അതിർത്തികളേയും അതിവർത്തിക്കുന്നു.

അവസാനമായി, ഈ പ്രകൃതി വിദ്യാഭ്യാസത്തിന്റെയും അദ്ധ്യാപനങ്ങളുടെയും പദ്ധതി പ്രകാരം ജീവനുള്ള മൃഗങ്ങളുടെ സ്വഭാവ വാഹക ജീനുകളിൽ ഭൗതിക മാറ്റങ്ങൾ ഉണ്ടാവുന്നു. അങ്ങനെ മാറ്റം വന്ന ഈ ജീനുകൾ കണ്ണി മുറിയാതെ അഖണ്ഡമായി ഒരു വർഗ്ഗത്തിൽ നിന്നും മറ്റ് ഉയർന്ന വർഗ്ഗത്തിലേക്ക് കൈമാറുകയും അത് മനുഷ്യൻ വരെയുള്ള ജീവികളിൽ എത്തിചേരുകയുയും ചെയ്യുന്നു. അതാത് ജീവികളുടെ പരിസരത്ത് വെച്ച് പരിണമിച്ചു വരുന്ന ഓരോ ജീവിവർഗ്ഗങ്ങളുടെയും ബോധം പ്രകൃതി വികസിപ്പിക്കുന്നതിനനുസരിച്ച് അതിന്റെ സ്വഭാവ വാഹക ജീനുകളിൽ കൊത്തിവെക്കപ്പെടുകയും ചിലത് അതിന്റെ പെരുമാറ്റരീതികളിൽ മുദ്രിതമാവുകയും ചെയ്യുന്നു. അതുകൊണ്ടാണ് നാം ഓരോ ജീവികളിൽ നിന്നും വ്യത്യസ്തമായി മറ്റു ജീവികളിൽ വേറിട്ട പെരുമാറ്റരീതികൾ കാണുന്നത്.


മനുഷ്യന്റെ സ്ഥാനത്ത് എത്തപ്പെടുന്ന ജീവിയെ നോക്കുമ്പോൾ, ഒരാൾ വിസ്മയിച്ചുപോകും. അതായത് മനുഷ്യനും അവന്റെ പൂർവ്വ ജീവിയും തമ്മിലുള്ള വ്യത്യാസം കേവലം ഒന്നോ രണ്ടോ വ്യതിയാനങ്ങളല്ലെന്നും മറിച്ച് വമ്പിച്ച ഒരു വ്യത്യാസം തന്നെയാണെന്നും കണ്ടെത്തുമ്പോഴാണ് ആ വിസ്മയം. മനുഷ്യൻ അവന്ന് ചുറ്റും കാണുന്നതിൽ മാത്രമല്ല സജീവനാവുന്നത്. അവൻ കാണാനും കേൾക്കാനും നേരിട്ട് അനുഭവിക്കാനും കഴിയാത്ത ചില അസ്തിത്വരൂപങ്ങളെ പറ്റിയും ബോധവനാകുന്നു. അസ്തിത്വം സാധ്യമാകുന്ന വിവിധ തരം രുപങ്ങളെ സംബന്ധിച്ച് ഭാവന കൊള്ളാനുള്ള കഴിവുകളാണ് മനുഷ്യന്ന് നൽകപ്പെട്ടിരിക്കുന്നത്. ഇത് മനുഷ്യ ഭാവനയെ ഭൗമഗൃഹത്തിന്റെ അതിരുകളെ ഭേദിക്കുന്ന വിധത്തിൽ അറ്റമില്ലാതെ വികസിപ്പിക്കുന്നു. പരിണാമത്തിന്റെ ഉന്നത രൂപത്തിലുള്ള വികാസമാണിത്. ഈ യൊരു ബോധം അവന്ന് വിധിക്കപ്പെട്ട അടുത്ത ഉന്നത നിലവാരത്തിലുള്ള കൃത്യനിർവ്വഹണത്തിലേക്ക് തയ്യാറെടുക്കാൻ സജ്ജമാക്കുകയും അത് അവന് അതിരില്ലാത്ത പുരോഗതിയിലേക്കെത്തിക്കാനുള്ള കഴിവ് പ്രദാനം നൽകുകയും ചെയ്യുന്നു. ഈ പുതിയ കഴിവുകൾ സ്രഷ്ടാവും മനുഷ്യനും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലം പണിയുകയും ദൈവവുമായി വിനിമയം നടത്താനുള്ള ഒരുപാധിയായിത്തീരുകയും ചെയ്യുന്നു.

മനുഷ്യന്റെ നിലനിൽപ്പിന്ന് ഭക്ഷണം ആവശ്യമായതിനാൽ കഴിവനുസരിച്ച് അവന് മാംസഭുക്കോ സസ്യഭുക്കോ ആകാമായിരുന്നു. ചരിത്രാതീതകാലം മുതൽ മൃഗമാംസം അവന്റെ ഭക്ഷണത്തിന്റെ ഭാഗമായി മാറി. അതേസമയം പൂർണ്ണമായും സസ്യോത്പന്നങ്ങളെ മാത്രം ആശ്രയിച്ച് അവന് ജീവിക്കാനും കഴിയുമായിരുന്നു. ഈ ഭക്ഷണശീലം സ്വയം തന്നെ മനുഷ്യന്റെ പരിണാമാത്മകമായ വികാസദിശ സൂചിപ്പിക്കുന്നു. അതിന്ന് പുറമേ സാമൂഹ്യപരമായും ധാർമികമായും സുപ്രധാനമായ മറ്റൊരു ചോദ്യം ഉയരാം. മനുഷ്യന്റെ ഏറ്റവും വ്യതിരിക്തവും പ്രധാനപ്പെട്ടതുമായ ഒരു സവിശേഷത കണക്കിലെടുക്കേണ്ടതുണ്ട്. അതായത് അവന് തന്റെ സഹജമായ ആഗ്രഹങ്ങളെ പിന്തുടരാനോ അതല്ല ആ ആഗ്രഹങ്ങളുടെ കൽപ്പനകളെ തിരസ്ക്കരിക്കാനോ ഉള്ള സ്വാതന്ത്ര്യം നൽകപ്പെടുകയുണ്ടായി എന്നതാണ്.

ഇവിടെ മനുഷ്യന്റെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും അതിന്റെ മുഴുവൻ പ്രയോഗവും പുന:പരിശോധിക്കുമ്പോൾ നിയമ നിർമ്മാണത്തിന്റേയും പെരുമാറ്റ സംഹിതയുടെയും ആവശ്യകത സ്വയം ബോദ്ധ്യടുന്നതാണ്. മനുഷ്യന്റെ നിലനിൽപ്പിന്നായുള്ള ഭക്ഷണ ഉപഭോഗവുമായി ബന്ധപ്പെട്ട യഥാർത്ഥ പ്രശ്നത്തിലേക്ക് തന്നെ തിരിച്ചുവരാം. നമുക്ക് മൃഗമാംസം ഭക്ഷിക്കുന്ന വിഷയത്തിലേക്ക് തന്നെ വീണ്ടും വരാം. മനുഷ്യന്ന് അവന്റെ നിലനിൽപ്പിന്നായുള്ള അടിസ്ഥാന ആവശ്യം നിവർത്തിക്കാനും വ്യക്തിപരമായ അഭിരുചികൾക്കും ഇഷ്ടങ്ങൾക്കും വേണ്ടി ഏത് മൃഗത്തേയും വേട്ടയാടാനുള്ള സ്വാതന്ത്ര്യമുണ്ട്. ഓരോ മനുഷ്യനും മറ്റ് മനുഷ്യരെപ്പോലെ ഒരേ പ്രവണതയും ഒരേ അഭിരുചിയും പ്രാപിച്ചുവെന്ന് കരുതാൻ സാദ്ധ്യമല്ല. വിഭിന്നങ്ങളായ അഭിരുചികളുടെ വൈവിധ്യം വളരെ വിസ്യതമായി വളരുകയുണ്ടായി. മാത്രമല്ല ഇത് മനുഷ്യന്റെ സഹജാവബോധത്തിന്റെ പ്രത്യേകതകൾ മറ്റു താഴ്ന്ന ജീവികളുടെ ഘട്ടങ്ങളുമായി താരതമ്യം ചെയ്യാനുള്ള ഒരു അവസരം പ്രദാനം ചെയ്യുന്നു.

മൃഗലോകത്തെ ഭക്ഷണശീലം മൊത്തത്തിൽ പ്രത്യേകമായി പ്രോഗ്രാം ചെയ്യപ്പെട്ടതാണ്. വ്യക്തിപരമായ അഭിരുചികളുടേയും മൂല്യങ്ങളുടേയും വൈവിധ്യങ്ങൾക്ക് മൃഗലോകത്ത് വളരെ കുറച്ച് പ്രാധാന്യമേ ഉള്ളൂ. എന്തായിരുന്നാലും മനുഷ്യന്റെ ഭക്ഷണ ശീലങ്ങളിൽ അവന്റെ തിരഞ്ഞെടുപ്പും അഭിരുചികളും വളരെ വിശാലമാണ്. മനുഷ്യൻ ഇന്ന് ഭക്ഷണശീലത്തിന്റെ ഒരു ഘട്ടത്തിൽ എത്തിചേർന്നിരിക്കയാണ്. അതായത് മറ്റു മൃഗങ്ങളുടെ ഭക്ഷണശീല പ്രവണതകളിൽ നിന്നും വ്യത്യസ്തനായി, മാംസം ഭക്ഷിക്കാനുള്ള വ്യഗ്രത ഉണ്ടായിരിക്കെ വേറെ ഭക്ഷണങ്ങൾ തിരഞ്ഞെടുത്ത് മാംസാഹാരത്തിന്നായുള്ള ആഗ്രഹം നിയന്ത്രിക്കാനും അടക്കിവെക്കാനും അവന്ന് കഴിയും. ഇവിടെ മനുഷ്യന്റെ വികസിതമായ മാനസിക കഴിവുകളും ബോധത്തിന്റെ അതിവിശാലമായ വൈവിധ്യങ്ങളും ഉന്നതമായ ആദർശങ്ങൾക്ക് വേണ്ടി തന്റെ ആന്തരികമായ ആവേഗങ്ങളെ നിരാകരിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുകയുണ്ടായി. ഈ ആദർശങ്ങൾ അവന് ഏറ്റവും പ്രധാനപ്പെട്ടതായി തീർന്നു. അവന്റെ പ്രകൃതിപരമായ ആവശ്യങ്ങൾ പോലും ത്യജിച്ച് ആദർശങ്ങൾക്ക് വേണ്ടി മറ്റു ബദലുകളിൽ സംതൃപ്തി കണ്ടെത്താൻ അവന് കഴിഞ്ഞു. മാംസം ഭക്ഷിക്കാനുള്ള സ്വന്തം പ്രലോഭനങ്ങൾ ഉണ്ടായിരിക്കേ അതിന് കീഴടങ്ങാൻ പാടില്ല എന്ന് സ്വന്തം പ്രലോഭനങ്ങളോട് അനുശാസിക്കാൻ അവന് സാധിച്ചു.

മൃഗങ്ങൾ അവയുടെ സഹജാവബോധത്തിനനുസരിച്ച് മാത്രമാണ് നിയന്ത്രിക്കപ്പെടുന്നത്. എന്നാൽ മനുഷ്യൻ ഇഛകൾക്കനുസരിച്ചാണ് പെരുമാറുന്നത്. അവന്ന് ചിലപ്പോൾ മാംസഭുക്കുകളെപ്പോലെയും സസ്യഭുക്കുകളെപ്പോലെയും പെരുമാറാനാകും. അത്ഭുതകരമെന്ന് പറയട്ടെ രണ്ട് ഭക്ഷണശീല




ങ്ങൾക്കും ഉതകുന്ന രീതിയിലാണ് അവന്റെ ദന്തനിരകൾ രൂപീകരിക്കപ്പെട്ടിരിക്കുന്നത്.

മനുഷ്യനും മൃഗവും തമ്മിൽ മറ്റൊരു വലിയ വ്യത്യാസമുണ്ട്. ചില ഘട്ടങ്ങളിൽ മനുഷ്യൻ മൃഗങ്ങളേക്കാൾ മൃഗീയമായി പെരുമാറുന്നു. മൃഗങ്ങൾക്ക് ഒരിക്കലും തന്നെ സ്വന്തം ജീവിവർഗ്ഗത്തെ ഭക്ഷിക്കുന്ന (Cannibals) ജീവിയായി മാറാൻ സാദ്ധ്യമല്ല. എന്നാൽ മനുഷ്യന്ന് അതിന്ന് സാധിക്കും. ഈ കാലഘട്ടത്തിൽ പോലും ആഫ്രിക്കയിൽ ചില കറുത്ത പുള്ളികൾ നമുക്ക് കാണാം. അവിടെ നരഭോജികളായ മനുഷ്യരെ നമുക്ക് കാണാം. അവിടുത്തെ ചില ഗോത്രവർഗ്ഗക്കാർ തങ്ങളുടെ രാഷ്ട്രീയ അതിർത്തിക്കപ്പുറത്ത് താമസിക്കുന്ന ഗോത്രക്കാരിൽപെട്ടവരെ പിടിച്ചുകൊണ്ടു വരുന്നു. എന്നിട്ട് അവരിടെ മാംസത്തിന്ന് വേണ്ടി അവരെ കൊല്ലുന്നു. ഭേരീനാദം മുഴക്കി വാദ്യഘോഷങ്ങൾ നടത്തിയാണ് അവർ ഈ കൃത്യം നിർവ്വഹിക്കുന്നത്. സിംഹമോ ചെന്നായ്ക്കളോ നായയോ അവരുടെ സമജാതിയിൽ പെട്ട സിംഹങ്ങളോടോ ചെന്നായ്ക്കളോടോ നായകളോടോ ഇത്തരത്തിൽ പെരുമാറുമെന്ന് സങ്കൽപ്പിക്കാൻ കൂടി സാദ്ധ്യമല്ല. കൊടും പട്ടിണികൊണ്ട് വിശന്നവരായാൽ പോലും മൃഗങ്ങൾ ഒരിക്കലും സ്വവർഗ്ഗത്തിൽ പെട്ട മൃഗങ്ങളെ കൊന്ന് തിന്നാറില്ല.

മനുഷ്യന്റെ സ്വഭാവത്തിൽ പ്രത്യക്ഷമായി പ്രതിഫലിക്കുന്ന ഇക്കാര്യം കൂടുതൽ ആഴത്തിൽ പഠിക്കേണ്ടിയിരിക്കുന്നു. അല്ലാത്ത പക്ഷം നാം തെറ്റായ നി ഗമനത്തിൽ എത്തിച്ചേരും. മനുഷ്യൻ അവന്റെ സഹചരനെ കൊന്നു തിന്നാതിരിക്കുന്നതിൽ നിന്നും അവനെ തടയുന്നത് വെറും സഹജാവബോധം മാത്രമല്ല. വാസ്തവത്തിൽ സ്വതന്ത്രമായി തിരഞ്ഞെടുക്കാനുള്ള രണ്ട് വഴികൾ അവന്ന് മുമ്പിൽ ഉള്ളത്കൊണ്ടാണ്. മനുഷ്യന്റെ ഈ ദുഷ്ചെയ്തിക്കും അവനുമിടയിൽ നിൽക്കുന്ന ഒരു പ്രകൃതി നിയമവും ഇല്ല. ഇത്തരം ഹീനപ്രവൃത്തികൾ തടയാൻ മൂല്യങ്ങളിധലധിഷ്ഠിതമായ ഉന്നത നിലയിലുള്ള പരിഷ്ക്കരണം കൊണ്ട് മാത്രമേ സാദ്ധ്യമാകൂ.

ഈ വസ്തുത കുറെകൂടി ആഴത്തിൽ മനസ്സിലാക്കാൻ സ്വവർഗ്ഗഭോജിത്വ വിരുദ്ധമായ (Non-Cannibalistic) പ്രവണതകളുടെ അടിസ്ഥാനത്തിൽ പറയേണ്ടതുണ്ട്. അങ്ങനെയാവുമ്പോൾ സിംഹം മനുഷ്യനേക്കാൾ കൂടുതൽ പരിഷ്കൃതനായി കാണപ്പെട്ടേക്കാം. പക്ഷേ ഇതൊരിക്കലും ഒരു അവസാനവാക്കല്ല. ഒരു സിംഹം അതിന്ന് പ്രകൃതി പഠിപ്പിച്ചതെന്തോ അതാണ് പ്രവർത്തിക്കുക. ആ നിർദ്ദിഷട രീതികളിൽ നിന്നും അത് വ്യതിചലിക്കുന്നില്ല. മറിച്ച് മനുഷ്യൻ അവന്റെ വഴി അവൻ സ്വയം തിരഞ്ഞെടുക്കുന്നു. ഒരു പുരസ്ക്കാരം നൽകപ്പെടുന്നത് സ്വതന്ത്രമായി തിരഞ്ഞെടുക്കപ്പെടുന്നതിന്ന് അവസരമുള്ളപ്പോൾ മാത്രമാണ്. തിരഞ്ഞെടുപ്പിന്നുള്ള അവസരമില്ലെങ്കിൽ പുരസ്ക്കാരത്തിന്റെ പ്രശ്നം തന്നെ ഉദിക്കുന്നില്ല. പക്ഷേ എവിടെയാണോ തിരഞ്ഞെടുപ്പിന്നുള്ള അവസരങ്ങളുണ്ടാകുന്നത് അവിടെയെല്ലാം അവകാശങ്ങൾ, ബാദ്ധ്യതകൾ, ഔചിത്യം അനൗചിത്യം മുതലായ മേഖലകളിൽ ഒരു പെരുമാറ്റ സംഹിതയുടെ നിയമ നിർമ്മാണം ആവശ്യമായി വരുന്നു. അതുകൊണ്ട് ശരിയായ തീരുമാനമെമെടുക്കാൻ മനുഷ്യന്ന് ദൈവത്തിൽ നിന്നുള്ള മാർഗ്ഗദർശനത്തിന്റെ ആവശ്യമുണ്ട്. കാരണം ലോകത്തിന്റെ പല ഭാഗങ്ങളിലുള്ള വിവിധങ്ങളായ ആചാരങ്ങളും, ശീലങ്ങളും പാരമ്പര്യങ്ങളും മൂല്യങ്ങളും സാമൂഹിക സാഹചര്യങ്ങളും വ്യത്യസ്തമായാണ് നിലകൊള്ളുന്നത്. ഇതാണ് ലോകത്തിലെ മുഖ്യമതങ്ങളെല്ലാം പങ്കുവെക്കുന്ന ദിവ്യമായ അദ്ധ്യാപനങ്ങളുടെ തത്വശാസ്ത്രം.

അതിനാൽ സാവകാശം ക്രമിക

വും സ്ഥിരവും സുദീർഘവുമായ അദ്ധ്യാപനങ്ങളാൽ മനുഷ്യൻ അവസാനം താഴ്ന്ന വർഗ്ഗത്തിൽപ്പെട്ട മൃഗലോകത്ത് നിന്നും മാനവീയ പെരുമാറ്റത്തിലൂടെ തിരിച്ചറിയപ്പെടുന്ന മനുഷ്യന്റെ സ്ഥാനത്തെത്തി. ഈ അദ്ധ്യാപനങ്ങൾ അദ്ൽ (കേവല നീതി) ന്റെ മേഖലയിൽ നിരന്തര പ്രബോധനത്തിലൂടെ അനുശാസനം ചെയ്യപ്പെട്ട മൂല്യങ്ങൾ മാത്രമല്ല ഉൾക്കൊള്ളുന്നത്. ഇഹ്സാൻ(ഒരാൾക്ക് അർഹിക്കുന്നതിനേക്കാൾ നൽകൽ) ഈതാഇ ദിൽ ഖുർബാ (ബന്ധുക്കളോടെന്ന പോലെ മറ്റുള്ളവരോട് അത്യധികമായ അനുകമ്പോടെയുള്ള പെരുമാറ്റം) എന്നീ മേഖലയിലെ മൂല്യങ്ങൾ കൂടി ഉൾക്കൊള്ളുന്നു.

അതിൽ കൂടുതലായി അജ്റും ഖൈറു മംമ്നൂൻ (അവസാനിക്കാത്ത പ്രതിഫലം) എന്നതിന്റെ അർത്ഥത്തിലേക്ക് കൂടി അത് വെളിച്ചം വീശുന്നു. ഈ വചനം പറയുന്നത് മനുഷ്യൻ കൂടുതൽ പുരോഗമിക്കുന്നതനുസരിച്ച് തന്റെ സ്വഭാവം സ്ഫുടീകൃതമാവുകയും നേട്ടങ്ങളുടെയും പ്രതിഫലങ്ങളുടേയും അറ്റമില്ലാത്ത ഒരു പ്രയാണത്തെ കുറിച്ചുമാണ്. പക്ഷേ അതെല്ലാം മനുഷ്യന്റെ ഭാഗത്ത് നിന്നുള്ള ശരിയായ തീരുമാനത്തെ അശ്രയിച്ചാണിരിക്കുന്നത്. മനുഷ്യൻ ശരിയായ തീരുമാനമാണ് തുടരുന്നതെങ്കിൽ അവൻ ശാശ്വതമായി സ്ഥൈര്യത്തിന്റെ പരിഷ്ക്കരണ പാതയിലായിരിക്കും അടിവെച്ച് മുന്നേറുന്നത്. മനുഷ്യൻ എപ്പോഴാണോ അവന്റെ അഭിപ്രായ സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തുന്നത് അപ്പോൾ അവൻ അധ:പതിക്കാൻ ആരംഭിക്കുന്നു. അസ്ഫല സാഫിലീൻ (പതിതരിൽ ഏറ്റവും പതിതൻ) എന്ന താഴ്ന്ന പതിതസ്ഥാനത്ത് എത്തുന്നു. അവനേ സംബന്ധിച്ചിടത്തോളം അവന്റെ സഹചരന്മാരെ കുറിച്ച് ആശങ്കകകൾ ഒന്നുമില്ലാത്ത അവസ്ഥയിൽ അവൻ എത്തിച്ചേരുന്നു. അവൻ തന്റെ പെരുമാറ്റത്തിൽ അത്യതിധികം ഹൃദയശൂന്യനും സ്വാർത്ഥനുമായിതീർന്ന് താഴ്ന്ന ജീവിയേക്കാൾ സ്വയം അധമാവസ്ഥ പ്രാപിച്ചേക്കാം.

അതേ പോലെ ബാക്കി ജീവിലോകത്ത് കാണാൻ കഴിയാത്ത വിധത്തിൽ പരിഷ്ക്കരണത്തിന്റെ അസാധാരണ വിതാനത്തിലേക്ക് ഉയരാനുള്ള കഴിവുകളും മനുഷ്യനുണ്ട്. തന്റെ വ്യക്തിപരമായ നേട്ടങ്ങളും സുഖങ്ങളും യഥാർത്ഥ ബന്ധുക്കളല്ലാത്ത മറ്റുള്ളവർക്ക് വേണ്ടി ത്യജിച്ചു കൊണ്ടും സത്ക്കർമ്മങ്ങളിലൂടെ നീതിയും ന്യായവും മുറുകെ പിടിച്ചുകൊണ്ടും ഈതാഇ ദിൽ ഖുർബാ (ബന്ധുക്കളോടെന്ന പോലെ മറ്റുള്ളവരോട് അത്യധികമായ അനുകമ്പോടെയുള്ള പെരുമാറ്റം.) എന്നതിന്റെ അത്യുന്നതാവസ്ഥയെ പ്രാപിക്കാനും മനുഷ്യന് കഴിയും.

മനുഷ്യന്റെ സ്ഥാനത്തിന്ന് നിരക്കാത്ത കൃത്യങ്ങൾ ചെയ്ത കാര്യങ്ങൾ നാം വിവരിച്ചു. യാതൊരു നിർബന്ധവും കൂടാതെ നിഷ്ക്കളങ്കരായ മനുഷ്യസന്താനങ്ങളെ അവരുടെ മാംസഭോജനത്തിനായി മാത്രം കൊല്ലുന്ന നരാധമന്മാരെ നാം കണ്ടു. അതേ ഗണത്തിൽ പെട്ടതാണ് ബാലപീഢനവും. ഇവിടെയാണ് മനുഷ്യൻ ഏറ്റവും താഴ്ന്ന ജീവിയിലേക്ക് മടങ്ങാനുള്ള അപകടസാദ്ധ്യതയെപ്പറ്റി വിശുദ്ധ ഖുർആൻ നൽകിയ താക്കീത് പ്രസക്തമാവുന്നത്.

മനുഷ്യൻ ഒരു സംഘമായി നിന്ന് മതപരവും രാഷ്ട്രീയവുമായ വ്യത്യാസത്തിന്റെ പേരിൽ അവന്റെ സഹചരനെതിരെ നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ നടത്തുന്നു. മതഭ്രാന്തനും ചെറിയ മനസ്സിന്നുടമയുമായ ഒരു മതപുരോഹിതൻ അല്ലെങ്കിൽ സ്വേഛാധിപതിയും അധാർമികനുമായ ഒരു രാഷ്ട്രീയക്കാരൻ അധികാരസ്ഥാനങ്ങളിൽ അവരോധിതനായാൽ അവർക്ക് തങ്ങളുടെ സകല സന്തുലനവും നീതിബോധവും നഷ്ടപ്പെടുന്നു. **സ്പാനിഷ് ഇൻക്വിസിഷൻ*** അത്തരത്തിലുള്ള ഒരു സംഭവമാണ്.

***സ്പാനിഷ് ഇൻക്വിസിഷൻ** –1478 മുതൽ 1884 വരെ ക്രിസ്ത്യാനികൾ ഭരിച്ചിരുന്ന സ്പെയിനിലും അവരുടെ കോളനികളിലും മതനിന്ദക്കെതിരെ പ്രവർത്തിച്ചിരുന്ന കിരാതവും നീതിരഹിതവുമായ മതവിചാരണ കോടതി. സ്പെയിനിൽ മുസ്‌ലിംകളെ പരാജയപ്പെടുത്തി അധികാരത്തിലെത്തിയ ക്രിസ്ത്യൻ രാജദമ്പതികളായ ആർഗോണിലെ ഫെർഡിനാന്റും കാസിലിയിലെ ഇസബല്ലയുമാണ് കത്തോലിക്കാ സഭയുടെ നിയന്ത്രണത്തിൽ ഇൻക്വിസിഷൻ കോടതികൾ സ്ഥാപിച്ചത്. 1492 ലും 1502 പുറപ്പെടുവിച്ച രാജവിളംബരപ്രകാരം ക്രിസ്തുമതത്തിലേക്ക് നിർബന്ധപൂർവ്വം മതം മാറ്റി പിന്നീട് വിശ്വാസ ശങ്ക ആരോപിക്കപ്പെട്ട മുസ്‌ലിംകൾ, യഹൂദർ,, ശാസ്ത്ര പ്രതിഭകൾ, സ്വതന്ത്ര ചിന്തകർ, സഭക്ക് അഭിമതരല്ലാത്തവർ, ബെബിളിന്റെ കാനോനിക വ്യഖ്യാനങ്ങൾക്ക് വ്യത്യസ്തമായി ചിന്തിച്ചവർ, പ്രൊട്ടസ്റ്റന്റ്കാർ, ദുർമന്ത്ര വാദം ആരോപിക്കപ്പെട്ട സ്ത്രീ പുരുഷന്മാർ, എന്നിവരാണ് മതകോടതിയുടെ വിചാരണക്ക് വിധേയരായത്. നാല് നൂറ്റാണ്ടുകൾക്കിടയിൽ 150,000 പേർ വിചാരണക്ക് വിധേയരാമാക്കപ്പെറ്റുകയും 5000 ത്തോളം പേരെ വധിക്കുകയുമുണ്ടായി. (വിവ:)

The Official Website of
the Ahmadiyya Muslim Community
AL-ISLAM
www.alislam.org

# ഗർഭച്ഛിദ്രവും ജനന നിയന്ത്രണവും

ജനന നിയന്ത്രണത്തെയും ഗർഭഛിദ്രത്തെയും പറ്റിയുള്ള
ഇസ്‌ലാമികാദ്ധ്യാപനങ്ങൾ വിശദീകരിക്കുന്നു.

## സഹീർ അഹ്‌മദ് ഖാൻ . യു എസ്.

ജനന നിയന്ത്രണവും ഗർഭച്ഛിദ്രവും മിക്ക സംസ്കാരങ്ങളിലും എല്ലായ്പ്പോഴും വിവാദാത്മകമായ വിഷയങ്ങളാണ്. ചരിത്രത്തിലുടനീളം, പ്രത്യുൽപാദനം തടയുന്നതിനോ ഗർഭച്ഛിദ്രം നടത്തുന്നതിനോ വിവിധ കാരണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഈ വിഷയം കാലാകാലങ്ങളിലായി ഒരു നിർണായക വിഷയമാണ്. നിലവിൽ ഈ പ്രശ്നം കൂടുതൽ ആഗോള ശ്രദ്ധ പിടിച്ചുപറ്റിക്കൊണ്ടിരിക്കയാണ്. അമേരിക്കയിലും മറ്റ് രാജ്യങ്ങളിലും ഈ പ്രശ്നം വൃത്തകളുടെ മുഖ്യ തലക്കെട്ടുകളാണ് പിടിച്ചടക്കുന്നത്. ഗർഭച്ഛിദ്രത്തെയും ജനന നിയന്ത്രണത്തെയും കുറിച്ചുള്ള ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളുടെ ഒരു രൂപ രേഖ സമർപ്പിക്കുകയാണ്. ഏത് കാലഘട്ടത്തിലായാലും ഗർഭച്ഛിദ്രത്തിനോ ജനന നിയന്ത്രണത്തിനോ വേണ്ടി ഉന്നയിച്ച ഏറ്റവും വലിയ കാരണങ്ങളിലൊന്ന് ദാരിദ്ര്യവും ഉപജീവനത്തിന്റെ അഭാവവുമാണ്.

### ജനന നിയന്ത്രണവും ഗർഭച്ഛിദ്രവും തമ്മിലുള്ള വ്യത്യാസം

ജനന നിയന്ത്രണവും ഗർഭച്ഛിദ്രവും തമ്മിലുള്ള വ്യത്യാസത്തെ പറ്റി ഖലീഫത്തുൽ മസീഹ് നാലാമൻ ഹദ്റത്ത് മിർസ ത്വാഹിർ അഹ്‌മദ്(റഹ്) വിശദമായ ഒരു വിവരണം നൽകുന്നുണ്ട്. അദ്ദേഹം പറയുന്നു:

'ഗർഭച്ഛിദ്രവും ജനന നിയന്ത്രണവും രണ്ട് വ്യത്യസ്ത കാര്യങ്ങളാണ്. ഒരു കുട്ടി ഭ്രൂണമായി തീർന്നിട്ടില്ലാത്ത ഒരു സാഹചര്യത്തിലാണ് ജനന നിയന്ത്രണം ബാധകമാകുന്നത്. ഇങ്ങനെ ഗർഭധാരണം തടയുന്നതിനെയാണ് ജനന നിയന്ത്രണം എന്ന് പറയുന്നത്. എന്നാൽ ഗർഭപാത്രത്തിൽ വേരൂന്നിയ കുട്ടി വളരാൻ തുടങ്ങിയാൽ, നിങ്ങൾ അത്തരമൊരു ഭ്രൂണത്തെ നശിപ്പിക്കുകയാണെങ്കിൽ അതിനെയാണ് ഗർഭച്ഛിദ്രം എന്ന് പറയുന്നത്. ഈ രണ്ട് കാര്യങ്ങളിലും ഇസ്‌ലാമിക സമീപനം വളരെ വ്യക്തമാണ്. ജനന നിയന്ത്രണത്തെ സംബന്ധിച്ചിടത്തോളം ഇസ്‌ലാം എതിരല്ല. കൂടുതൽ വായകൾ സൃഷ്ടിക്കപ്പെട്ടാൽ കുടുംബത്തിൽ ഭക്ഷണം കഴിക്കാനും അത് പങ്കിടാനും ആഹാരമില്ലാതെ പോകുമെന്ന ഭയം നിമിത്തമാകരുത് ജനന നിയന്ത്രണം. ഇസ്‌ലാം ഈ ഭീതിയെ പൂർണ്ണമായും നിരാകരിക്കുന്നു. ഈ കാരണത്താൽ മാത്രമുള്ള ജനന നിയന്ത്രണത്തെ തടയുന്നത്. മറ്റ് യഥാർത്ഥ കാരണങ്ങളുണ്ടെങ്കിൽ ജനന നിയന്ത്രണം ഇസ്‌ലാമിൽ നിരോധിച്ചിട്ടില്ല. നോക്കൂ, റസൂൽ തിരുമേനി(സ)യുടെ ആദ്യകാല സമൂഹത്തിൽ ആളുകൾ അവരുടെ ഭാര്യമാരെ ഗർഭിണിയാക്കാതിരിക്കാൻ അവർക്ക് ലഭ്യമായ ഉപാധികൾ അവർ സ്വീകരിച്ചു കൊണ്ട് ജനന നിയന്ത്രണം പ്രയോഗിച്ചിരുന്നു. ഇതിനെ അറബിയിൽ 'അസൽ'[1] എന്നാണ് പറയുക. ഇത് പൊതുവായ എല്ലാവരും സ്വീകരിച്ചിരുന്ന ഒരു ഗർഭ നിരോധന മാർഗ്ഗമായിരുന്നു. പക്ഷേ ചോദ്യമിതാണ്. 'ഒരാളുടെ ഭക്ഷണം ഭീതികൊണ്ടോ, മറ്റ് വായകളെ ഭക്ഷണം തീറ്റുന്നതിൽ നിന്നും തടയുക എന്ന ഉദ്ദേശത്താലോ ആകരുത്. ഇത് ദൈവം വളരെ ശക്തമായി നിരോധിച്ചതാണ്. മറ്റ് യുക്തമായ കാരണങ്ങളുണ്ടെങ്കിൽ ഗർഭ നിരോധനം നിരോധിച്ചിട്ടില്ല. ഉദാഹരണത്തിന്, സ്ത്രീകളുടെ ആരോഗ്യത്തിന്റെ പേരിൽ, കുട്ടികളുടെ പരിപാലനത്തിന്റെ പേരിൽ, ജനന നിയന്ത്രണം നിരോധിച്ചിട്ടില്ല.' ഹദ്റത്ത് മിർസാ ത്വാഹിർ(റഹ്) തുടരുന്നു:

'ഇപ്പോൾ ഞാൻ ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള ചോദ്യത്തിലേക്ക് വരാം, ഖുർആനിക അദ്ധ്യാപനമനുസരിച്ച്, ശിശുവിന് അതിന്റേതായ യഥാർത്ഥത്തിലുള്ളതും തനതുമായ വ്യക്തിത്വം ആർജ്ജിച്ചിട്ടില്ലാത്ത പ്രാരംഭ ഘട്ടത്തിൽ ഗർഭച്ഛിദ്രം നടക്കാമെന്നും അത് നാലര മാസത്തിൽ സംഭവിക്കുമെന്നും ഡോക്ടർമാർ പറയുന്നു. ഗർഭാവസ്ഥയുടെ ഏതാണ്ട് പകുതിയിൽ, കുട്ടിക്ക് പെട്ടെന്ന് ഒരുതരം ആന്തരിക ബോധം ലഭിക്കുകയും സ്വന്തമായി ഒരു സ്വതന്ത്ര ആത്മാവ് ലഭ്യമാവുകയും ചെയ്യുന്നു. ഗർഭസ്ഥ ശിശുവിന് ഇത്തരം രണ്ട് ഘട്ടങ്ങളുണ്ട്, ഒന്ന് പൂർവ്വ ഘട്ടവും മറ്റേത് അനന്തര ഘട്ടവുമാണ്. പൂർവ്വ ഘട്ടത്തിൽ, ഒരു സ്ത്രീക്ക്-അതായത് അമ്മയാകാൻ പോകുന്ന സ്ത്രീക്ക്-തനിക്ക് ഭാരം വഹിക്കാൻ കഴിയില്ലെന്ന് തോന്നുകയും ഗർഭാവസ്ഥയുടെ ആന്തരിക ലക്ഷണങ്ങളാൽ അസ്വസ്ഥയാകുകയും ചെയ്താൽ, ഗർഭച്ഛിദ്രം നടത്താൻ അവൾക്ക് സ്വാതന്ത്ര്യമുണ്ട്. ഭ്രൂണം ഇതുവരെ ഒരു യഥാർത്ഥ ശിശുവായി മാറിയിട്ടില്ല;



അത് ഒരു സാധ്യതമാത്രമായി അവശേഷിക്കുകയാണ്. അതിപ്പോൾ ശിശുവാകാൻ ക്ഷമതയുള്ള ഒരു അസ്തിത്വം മാത്രമാണ്. പക്ഷേ ഇതുവരെ ഒരു സ്വതന്ത്ര വ്യക്തിത്വമായിട്ടില്ല. അതിനാൽ, ഈ പ്രാരംഭ ഘട്ടത്തിൽ ഗർഭച്ഛിദ്രം സംശയാസ്പദമല്ല. സ്ത്രീകൾക്ക് ഡോക്ടർമാരുടെ അടുത്തേക്ക് പോയി ഈ ഗർഭ ധാരണം ദുർവ്വഹമാണെന്ന് തോന്നുന്നുവെന്ന് പറയാം, അതിനാൽ ഞങ്ങളെ പരിശോധിക്കുക, നിങ്ങൾ ഞങ്ങളോട് യോജിക്കുന്നുവെന്ന് കരുതുന്നുവെങ്കിൽ, ശിശുവിനെ (ഭ്രൂണം) നീക്കം ചെയ്യുന്നത് ഇസ്‌ലാമിൽ മതപരമായ കുറ്റകൃത്യമല്ല. എന്നാൽ, പിന്നീട് ശിശു വളർന്ന് കുട്ടിക്ക് അതിന്റേതായ സ്വതന്ത്രമായ വ്യക്തിത്വം ലഭിക്കുമ്പോൾ, ആ ഘട്ടത്തിൽ കുഞ്ഞിനെ പ്രസവിക്കുകയാണെങ്കിൽ അവനെ ഒരു സാധാരണ മനുഷ്യനായി ഇൻകുബേഷന് കീഴിൽ വളർത്താം. എന്നാൽ ആ ഘട്ടത്തിന് മുമ്പ് എന്തെങ്കിലും ഇൻകുബേഷനും കീഴിലാണെങ്കിലും ജീവൻ നിലനിർത്താൻ കഴിയില്ല എന്ന അവസ്ഥയുണ്ടെങ്കിൽ ഇത് മറ്റൊന്നാണ്. ഇവ രണ്ടും വ്യത്യസ്ത ഘട്ടങ്ങളാണ്. ഈ രണ്ട് ഘട്ടങ്ങളിലും ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള ഇസ്‌ലാമിന്റെ സമീപനം വ്യത്യസ്തമാണ്. ഇസ്‌ലാമിന്റെ അഭിപ്രായങ്ങൾ കണിശമാണ്. ഗർഭ ധാരണം സ്ത്രീയുടെ ജീവന് അപകടമാണെന്ന് ഡോക്ടർമാർ വിധി പറഞ്ഞിട്ടും നിങ്ങൾ ഗർഭച്ഛിദ്രം നടത്തിയില്ലെങ്കിൽ അത് നിങ്ങളുടെ സ്വന്തം ജീവന് യഥാർത്ഥത്തിൽ അപകടമുണ്ടാക്കിയേക്കാം. അപ്പോൾ ഗർഭച്ഛിദ്രത്തിന് ഇസ്‌ലാമിന് എതിർപ്പില്ല. എന്നാൽ മറ്റ് ചെറിയ കാരണങ്ങളാൽ ഗർഭച്ഛിദ്രത്തെ ഇസ്‌ലാം പിന്തുണയ്ക്കുന്നില്ല.'(2)

### ഗർഭനിരോധനവും ഗർഭച്ഛിദ്രവും: ഇസ്‌ലാമിന്റെ അടിസ്ഥാനാദ്ധ്യാപനം.

ഇസ്‌ലാം ഒരു സമ്പൂർണ്ണ മതമാണ്, അതിന്റെ അദ്ധ്യാപനങ്ങൾ കാലകാലങ്ങളിലുള്ളതാണ്. വിശുദ്ധ ഖുർആനാണ് അതിന്റെ മാർഗനിർദേശത്തിന്റെ ഉറവിടം. ഗർഭനിരോധനവും ഗർഭച്ഛിദ്രവും സംബന്ധിച്ച് ഒരു അടിസ്ഥാന അദ്ധ്യാപനം ഖുർആൻ നൽകിയിട്ടുണ്ട്. അല്ലാഹു പറയുന്നു:

'തീർച്ചയായും താൻ ഉദ്ദേശിക്കുന്നവർക്ക് നിന്റെ രക്ഷിതാവ് ജീവിതവിഭവം നൽകുന്നു. (അവനുദ്ദേശിക്കുന്നവർക്ക്) അത് ഞെരുക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ തന്റെ ദാസന്മാരെ സൂക്ഷ്മമായി അറിയുകയുന്നവനും എല്ലാം കാണുന്നവനുമാണ്. ദാരിദ്ര്യത്തെ ഭയന്ന് നിങ്ങളുടെ കുട്ടികളെ കൊല്ലരുത്. അവർക്കും നിങ്ങൾക്കും ആഹാരം നൽകുന്നത് നാമാണ്. തീർച്ചയായും അവരെ കൊല്ലുന്നത് വലിയ പാപമാണ്. നിങ്ങൾ വ്യഭിചാരത്തെ സമീപിക്കരുത്. തീർച്ചയായും അത് നീചകൃത്യവും എത്രയും ദുഷിച്ചതുമായ മാർഗവുമാണ്. അല്ലാഹു (വധിക്കുന്നത് ) വിരോധിച്ചിട്ടുള്ള ജീവനെ നിങ്ങൾ ന്യായമായ കാരണം കൂടാതെ വധിക്കരുത്. ആരെങ്കിലും മർദ്ദിതനായി വധിക്കപ്പെടുന്നതായാൽ നാം അവന്റെ അവകാശിക്ക് (പ്രതിക്രിയ നടത്താനുള്ള) അധികാരം നൽകിയിരിക്കുന്നു. എന്നാൽ അവൻ പ്രതിക്രിയയിൽ നിശ്ചിത പരിധി ലംഘിക്കരുത്. കാരണം അവൻ നിയമ സഹായം ലഭിക്കുന്നവനാണ്.'(ബനീ ഇസ്റായീൽ 17: 31–34)

ആളുകൾ അവരുടെ ചിന്തയുടെ പരിധിയിൽ വളരെ സങ്കുചിതത്വം പുലർത്തുന്നവരാണ്. അവരുടെ

ഹ്രസ്വദൃഷ്ടി കാരണം, വളരെയധികം കുട്ടികളുണ്ടെങ്കിൽ അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയില്ലെന്ന് ചിലർ വിശ്വസിക്കുന്നു. എന്നാൽ മുമ്പുണ്ടായിരുന്നവർക്കും പിന്നീട് വരുന്നവർക്കും ഉപജീവനം നൽകുന്നത് സർവശക്തനായ അല്ലാഹുവാണ് യഥാർത്ഥ ഉപജീവന ദാദാവ്. അവനാണ് ലോകരക്ഷിതാവാണെന്ന് കാര്യം അവർ മറക്കുന്നു. വാസ്തവത്തിൽ, കൂടുതൽ കുട്ടികളുണ്ടെങ്കിൽ, അത് ഭാവിയിൽ ദാരിദ്ര്യം മൊത്തത്തിൽ അവസാനിപ്പിക്കുന്നതിലേക്ക് നയിച്ചേക്കാം. അതിനാൽ, മുകളിലുള്ള വാക്യത്തെ വിവരിക്കുമ്പോൾ ഒന്നാം ഖലീഫ(റ) ഈ വിഷയം ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി.

മനുഷ്യർക്ക് ദേഷ്യപ്പെടാനുള്ള കഴിവുണ്ട്. ഇത് പരിധി കവിയുമ്പോൾ അത് വിവിധ രൂപങ്ങളിൽ പ്രകടമാകുന്നു. രോഷാകുലനായ ഒരു വ്യക്തി അവരുടെ സന്തതികളെ ശപിക്കുകയും വധിക്കുകയും ചെയ്യുന്നു. -ഇത് പ്രധാനമായും അവരുടെ തെറ്റുകൾ മൂലമാണ്. പിന്നെ, ദാരിദ്ര്യത്തെക്കുറിച്ചുള്ള ഭയവും ഉണ്ട്. ഈ നാളുകളിൽ കൂടുതൽ കുട്ടികൾ ഉണ്ടാകാൻ തങ്ങൾ ആഗ്രഹിക്കുന്നില്ലെന്ന് അവർ പറയുന്നു. ചിലർ ജനപെരുപ്പമാണ് രാജ്യത്തിന്റെ ദരിദ്രാവസ്ഥയ്ക്ക് കാരണം എന്ന് പറയുന്നു. ജനങ്ങളുടെ അതിജീവനം തങ്ങളുടെ സമ്പത്തിനെ ആശ്രയിച്ചിട്ടാണെന്ന് ഒരാൾ കരുതുന്നുവെങ്കിൽ അയാൾ ഒരു വലിയ അവിശ്വാസിയായിരിക്കും, അതേസമയം സർവ്വശക്തനായ അല്ലാഹു പറയുന്നു:

'ദാരിദ്ര്യത്തെ ഭയന്ന് നിങ്ങളുടെ കുട്ടികളെ കൊല്ലരുത്. അവർക്കും നിങ്ങൾക്കും ഉപജീവനം നൽകുന്നത് നാമാണ്. '(ബനീ ഇസ്റായീൽ 17:32)

ദൈവം നൽകാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിൽ, ഞാൻ എന്തിന് വിഷമിക്കണം?[3]

ഇതേ വിഷയത്തിൽ നാലാം ഖലീഫ(റ) പ്രസ്താവിക്കുന്നു:

'ദരിദ്രരാകുമെന്ന ഭയത്താൽ കുട്ടികളെ കൊല്ലരുത് എന്നതിനർത്ഥം, തങ്ങൾക്ക് ധാരാളം കുട്ടികൾ ഉണ്ടാകുമെന്ന ഭയത്താൽ, അതായത് തങ്ങളുടെ വിഭവങ്ങൾ കുറയുമെന്ന ഭീതിയാൽ ഒരാൾ കുടുംബാസൂത്രണത്തെ അവലംബിക്കരുത് എന്നാണ്. വാസ്തവത്തിൽ, പാവപ്പെട്ട രാജ്യങ്ങൾക്കുള്ള പരിഹാരം ധാരാളം കുട്ടികൾ ഉണ്ടാകുക എന്നതാണ്. ധാരാളം കുട്ടികളുണ്ടെങ്കിൽ, അവർ രാജ്യത്തിന് പുറത്തേക്ക് യാത്ര ചെയ്യാനും കുടിയേറാനും നിർബന്ധിതരാകുകയും വിദേശ രാജ്യങ്ങളിൽ നിന്ന് ദരിദ്ര രാജ്യങ്ങളിലേക്ക് സമ്പത്തിന്റെ പ്രവാഹമുണ്ടാകാനും കാരണമാകും. ദരിദ്ര രാജ്യങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചത് കൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. രണ്ടാമത്തെ അർത്ഥം, ചില ആളുകൾ സമ്പത്ത് ഉണ്ടാവില്ല എന്ന ഭീതി കൊണ്ടല്ലാതെ കുടുംബാസൂത്രണം ഉപയോഗിക്കും, അത് നൽകുന്നത് അല്ലാഹുവാണെന്ന് അവർക്കറിയാം. അതിൽ ഒരു ദോഷവുമില്ല. അങ്ങനെയാണെങ്കിൽ, സാധാരണ രീതികൾ ഡോക്ടർമാർ പറയുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് അവർക്ക് കുടുംബാസൂത്രണം സ്വീകരിക്കാം[4]

'പറയുക: വരുവീൻ! നിങ്ങളുടെ നാഥൻ നിങ്ങളിൽ നിന്ന് നിഷിദ്ധമാക്കിയതിനെ നിങ്ങൾക്ക് ഞാൻ പറഞ്ഞുതരാം അവനോട് യാതൊന്നിനേയും നിങ്ങൾ പങ്കുചേർക്കരുത്. മാതാപിതാക്കന്മാരോട് നന്മ പ്രവർത്തിക്കുക. ദാരിദ്ര്യം ഭയന്ന് കൊണ്ട് നിങ്ങളുടെ സന്തതികളെ നിങ്ങൾ വധിക്കരുത്. നാമാണ് നിങ്ങൾക്കും അവർക്കും ആഹാരം നൽകുന്നത്. - പ്രത്യക്ഷമായതും ഗോപ്യമായതുമായ നീചകൃത്യങ്ങളെ നിങ്ങൾ സമീപിക്കരുത്. അല്ലാഹു വിരോധിച്ച ജീവനെ നിയമാനുസൃതമായിട്ടല്ലാതെ നിങ്ങൾ വധിക്കുകയുമരുത്. അല്ലാഹു ഇതിനെ സംബന്ധിച്ച് നിങ്ങളോട് താക്കീതായി അനുശാസിക്കുന്നു. നിങ്ങൾ കാര്യം ഗ്രഹിക്കുന്നതിനുവേണ്ടി.'(അൻആം 6:152)

സൂറ ബനി ഇസ്റാഈലിലെ (17 സൂറ) യും അൽഅൻ ആമിലെ (സൂറ:6)യും മേൽപ്പറഞ്ഞ വാക്യങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ, സർവ്വശക്തനായ അല്ലാഹു വളരെ പ്രധാനപ്പെട്ട മൂന്ന് വസ്തുതകൾ നമ്മെ ഓർമ്മിപ്പിക്കുന്നതായി കാണാം.

ഒന്നാമതായി, സർവ്വശക്തനായ ദൈവമാണ് അന്ന ദാതാവ് എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. മുമ്പ് എല്ലാ യുഗങ്ങളിലും മനുഷ്യവർഗത്തിന് അവൻ നൽകിയതുപോലെ, വരാനിരിക്കുന്ന പുതിയ ജീവിതത്തിനും അവൻ നൽകും. ഇക്കാരണത്താൽ, നിങ്ങളുടെ സന്താനങ്ങൾക്ക് വിഭവങ്ങൾ നൽകാൻ കഴിയില്ലെന്ന ഭയത്താൽ മാത്രം നിങ്ങളുടെ കുട്ടിയുടെ ജനനം തടയരുത്. അങ്ങനെ ചെയ്യുന്നത് പാപവും വിലക്കപ്പെട്ടതുമാണ്. ദാതാവെന്ന നിലയിൽ സർവ്വശക്തനായ അല്ലാഹുവിന്റെ മഹത്തായ ഗുണങ്ങൾ നിരസിക്കുന്നു എന്നതാണ്.

രണ്ടാമതായി, മനുഷ്യരാശിയുടെ പ്രത്യുൽപാദനത്തിന്നായി, പുരുഷന്മാരും സ്ത്രീകളും അനുവദനീയമായ ലൈംഗികബന്ധത്തിൽ ഏർപ്പെടുകയും നിയമവിരുദ്ധമായ ലൈംഗിക ബന്ധത്തിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്യണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു, കാരണം അത്തരം പ്രവർത്തനങ്ങൾ ഒരാളെ പ്രകടമായ തിന്മയുടെയും അധാർമികതയുടെയും പാതയിലേക്ക് നയിക്കുന്നു. മൂന്നാമതായി, ശരീഅത്തിന്റെയും നിയമത്തിന്റെയും അനുമതിയില്ലാതെ ഒരു ജീവിതം അവസാനിപ്പിക്കുന്നത് ഗുരുതരമായ തെറ്റും പാപവുമാണ്. സർവ്വശക്ത



നായ അല്ലാഹു ഒരിക്കലും അകാരണമായി ഒരു ജീവിതം അവസാനിപ്പിക്കുന്നത് അനുവദിക്കുന്നില്ല. ഈ വാക്യങ്ങളിൽ, ഗർഭനിരോധനവും ഗർഭച്ഛിദ്രവും സംബന്ധിച്ച് സർവ്വശക്തനായ അല്ലാഹു മൂന്ന് തത്വങ്ങൾ നൽകിയിട്ടുണ്ട്. നിയമാനുസൃതമാക്കിയ രീതികളാൽ മാത്രമേ മനുഷ്യരാശിയുടെ പ്രത്യുൽപാദനം അനുവദിക്കൂ. ഒരു ഭർത്താവും ഭാര്യയും ഗർഭനിരോധന മാർഗ്ഗങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ അല്ലെങ്കിൽ അനിവാര്യമായ കാരണങ്ങൾ കൊണ്ട് ഗർഭച്ഛിദ്രം നടത്തേണ്ടതുണ്ടെങ്കിൽ, അത് വിഭവങ്ങളുടെ അഭാവമോ ദാരിദ്ര്യമോ ഭയന്നാകരുത്. അവസാനമായി, കാരണമില്ലാതെ ജീവിതം അവസാനിപ്പിക്കാൻ ആർക്കും അവകാശമില്ല.

**ജനന നിയന്ത്രണത്തെക്കുറിച്ചുള്ള പ്രവാചകന്റെ മാർഗ്ഗനിർദ്ദേശം**

ഗർഭനിരോധനത്തെയോ ജനന നിയന്ത്രണത്തെയോ സംബന്ധിച്ചിടത്തോളം, ഇനിപ്പറയുന്ന വിവരണത്തിൽ വിശുദ്ധ പ്രവാചകനിൽ നിന്ന് നാം മാർഗ്ഗനിർദ്ദേശം കണ്ടെത്തുന്നു. അബൂ സയീദ് ഖുദ്‌രി(റ) പറയുന്നു:

'ബനു മുസ്തലിഖിന്റെ പര്യവേഷണത്തിന് ശേഷം ലഭിച്ച യുദ്ധമുതലിൽ നിന്ന് ആളുകൾക്ക് വലംകൈ ഉടമകളായ അടിമസ്ത്രീകളെ ലഭിക്കുകയും ഗർഭധാരണം ഒഴിവാക്കിക്കൊണ്ട് അവരുമായി സഹവസിക്കാൻ ആഗ്രഹിക്കുകയും ചെയ്തപ്പോൾ, അവർ വിശുദ്ധ പ്രവാചക(സ)നോട് ബീജസ്രവം പുറത്ത് കളയുന്നതിനെ കുറിച്ച് അന്വേഷിച്ചു. (Coitus interruptus =അസ്ൽ). ഇതിന് മറുപടിയായി പ്രവാചകൻ(സ) പറഞ്ഞു: 'നിങ്ങൾ ബീജസ്രവം പുറത്ത് കളയുന്നില്ലെങ്കിലും അത് നിങ്ങൾക്ക് ഒരു ദോഷവും വരുത്തുകയില്ല, കാരണം ഉയിർത്തെഴുന്നേൽക്കുന്ന ദിവസം വരെ ജനിക്കുന്ന എല്ലാവരുടെയും പേരുകൾ അല്ലാഹു എഴുതി രേഖപ്പെടുത്തിയിട്ടുണ്ട്.[6]

വിശുദ്ധ പ്രവാചകൻ(സ) 'അസ്ൽ' നിയമവിരുദ്ധമായി കണക്കാക്കിയില്ല, എന്നിരുന്നാലും, സർവ്വശക്തനായ ദൈവത്തിന് എല്ലാറ്റിനും കഴിവുണ്ടെന്ന് അദ്ദേഹം അനുചരന്മാരെ ധരിപ്പിക്കുകയുണ്ടായി. ഈ ലോകത്തേക്ക് ഒരു കുഞ്ഞിനെ ജനിപ്പിക്കാൻ ദൈവം ആഗ്രഹിക്കുന്നുവെങ്കിൽ, അസ്ൽ (ഇന്ദ്രിയ സ്രവം കളയൽ) പരിശീലിച്ചാലും ഇല്ലെങ്കിലും ആ കുഞ്ഞ് ജനിക്കുന്നതായിരിക്കും. 'വലംകൈക്ക് ഉടമ' യായവരെ കൂടാതെ, ഒരാളുടെ ഭാര്യയുമായുള്ള അസ്‌ലിനെ കുറിച്ച് റസൂൽ തിരുമേനി(സ)യിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശം എന്തെന്നാൽ ഒരാളുടെ ഭാര്യയുടെ അനുമതിയില്ലാതെ അസ്ൽ ചെയ്യുന്നത് നിരോധിച്ചിരിക്കുന്നു. അപ്രകാരം ഉമർ (റ) പറയുന്നു:

'ഒരാളുടെ ഭാര്യയായ സ്വതന്ത്ര സ്ത്രീയുടെ അനുവാദമില്ലാതെ അസ്ൽ (ഇന്ദ്രിയ സ്രവം പുറത്ത് കളയൽ) ചെയ്യുന്നത് പ്രവാചകൻ (സ) നിരോധിച്ചിട്ടുണ്ട്.'[7]

മേൽപ്പറഞ്ഞ രണ്ട് ഹദീസുകൾ വിശദീകരിക്കുമ്പോൾ ഹദ്റത്ത് മിർസ ബഷീർ അഹ്മദ്(റ) എഴുതുന്നു:

'ആവശ്യമോ വിവേകമോ മുൻനിർത്തി, ലൈംഗികബന്ധത്തിൽ തന്റെ ഭാര്യ ഗർഭം ധരിക്കാത്ത ഏതെങ്കിലും രീതി ഉപയോഗിക്കുന്നത് ഒരു പുരുഷന് അനുവദനീയമാണെന്ന് പ്രവാചകൻ[സ] പ്രഖ്യാപിച്ചു. ഈ ശാസനയുടെ വെളിച്ചത്തിൽ, ഒരു മുസ്‌ലിം തന്റെ ഭാര്യയുടെയോ മക്കളുടെയോ ആരോഗ്യത്തിനും ക്ഷേമത്തിനും അല്ലെങ്കിൽ മറ്റേതെങ്കിലും യഥാർത്ഥ ഉദ്ദേശ്യങ്ങൾക്കുമായി ജനനനിയന്ത്രണം ഉപയോഗിക്കുന്നത് അനുവദനീയമാണ്. എന്നിരുന്നാലും, ഖുർആൻ പറഞ്ഞത് പോലെ, ദാരിദ്ര്യത്തെയോ സാമ്പത്തിക ബുദ്ധിമുട്ടുകളെയോ ഭയന്ന് ജനന നിയന്ത്രണം ഉപയോഗിക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല, ഭാര്യയുടെ അനുമതിയില്ലാതെ അത്തരം രീതികൾ ഉപയോഗിക്കാനും ഇസ്‌ലാം അനുവദിക്കുന്നില്ല.[8]

**ഭർത്താവും ഭാര്യയും തമ്മിലുള്ള ബന്ധം**

ഭാര്യാഭർത്താക്കന്മാരുടെ ബന്ധത്തെക്കുറിച്ച് സർവ്വശക്തനായ അല്ലാഹു ഇപ്രകാരം പറയുന്നു:

'നിങ്ങളുടെ ഭാര്യമാർ നിങ്ങൾക്ക് ഒരു കൃഷിയിടമാണ്. അതുകൊണ്ട് നിങ്ങൾ ആഗ്രഹിക്കും വിധം നിങ്ങളുടെ കൃഷിയിടത്തിലേക്ക് ചെന്നു കൊള്ളുക. നിങ്ങൾക്ക് ആവശ്യമായത് മുൻ കൂട്ടി ചെയ്ത് വെക്കുകയും വേണം. അല്ലാഹുവിനെ ഭയപ്പെടുക. അവനുമായി നിങ്ങൾ കണ്ടു മുട്ടുന്നവരാണെന്നു അറിഞ്ഞുകൊള്ളുക. സത്യ വിശ്വാസികൾക്ക് നീ സന്തോഷവർത്ത അറിയിക്കുകയും ചെയ്യുക.' (അൽ ബക്കറ.2:224)

നമ്മുടെ പരിശുദ്ധ ഗുരുവായ മുഹമ്മദ്[സ] മുസ്തഫാ തിരുമേനിയുടെ പ്രവചനങ്ങൾക്ക് അനുസൃതമായി, ആഗതനായ കാലത്തിന്റെ വിധികർത്താവായ വാഗ്ദത്ത മസീഹ്[അ] ഈ കാലഘട്ടത്തിൽ ഇസ്‌ലാം മതത്തെ പുനരുജ്ജീ



വിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ആത്മീയമായ അഗാധമായ ഉൾക്കാഴ്ച്ചയോടെ എഴുതി:

'നിങ്ങളുടെ സന്താനങ്ങളെ പ്രസവിക്കുന്നതിനുള്ള കൃഷിയിടമാണ് നിങ്ങളുടെ സ്ത്രീകൾ. അതിനാൽ, നിങ്ങൾക്ക് ഇഷ്ടമുള്ള രീതിയിൽ നിങ്ങളുടെ കൃഷിയിടത്തെ സമീപിക്കുക. ഒരു കൃഷിയിടത്തിന്റെ ഈ സാദൃശ്യം മനസ്സിൽ വയ്ക്കുക; മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരു ഗർഭധാരണത്തെ തടയുന്ന രീതിയിൽ ഭാര്യമാരുമായി സഹവസിക്കരുത്. ആദ്യകാല ഇസ്‌ലാമിൽ, ചില പുരുഷന്മാർ സ്ഖലനം ചെയ്യുന്നതിൽ നിന്ന് സ്വയം പിന്മാറുകയും നിയന്ത്രിക്കുകയും സ്വയം പിന്മാറിയ ശേഷം ബീജ സ്ഖലനം ചെയ്യുകയും ചെയ്യും. ഈ വാക്യം അവരെ അങ്ങനെ ചെയ്യുന്നതിൽ നിന്ന് വിലക്കുകയുണ്ടായി. അങ്ങനെ സ്ത്രീകളെ എല്ലാ കാർഷിക വിഭവങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഒരു കൃഷിയിടമായി കാണുകയും ചെയ്തു. ഈ വാക്യത്തിൽ ദൈവം ഒരു സ്ത്രീയെ അതിന്റെ ഉൽപാദനമായി സന്തതികൾ നൽകുന്ന ഒരു കൃഷിയിടവുമായി വ്യക്തമായി ഉപമിച്ചതിനാൽ, ഈ കൃഷിയിടം കുട്ടികളെ പ്രജനനം ചെയ്യുന്നതിൽ നിന്ന് തടയുന്നത് അനുവദനീയമല്ല. വാസ്തവത്തിൽ, സ്ത്രീ രോഗബാധിതയാണെങ്കിൽ ഗർഭധാരണം അവളുടെ മരണത്തിന് കാരണമാകുമെന്ന് ഉറപ്പാണെങ്കിലും ഗർഭധാരണം തടയുന്ന മറ്റേതെങ്കിലും ഘടകങ്ങൾ ഉണ്ടെങ്കിൽ അത് ഒഴികഴിവായി കണക്കാക്കാം. അല്ലാത്തപക്ഷം, ഇസ്‌ലാമിക ശരീഅത്തിൽ ജനന നിയന്ത്രണം നടത്തുന്നത് ശരിയല്ല.[9]

ദാരിദ്ര്യത്തെ ഭയന്ന് ഗർഭച്ഛിദ്രം നിയമവിരുദ്ധമാണെന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വാഗ്ദത്ത മസീഹിന്റെ ഈ വാക്കുകളിൽ നിന്ന് വ്യക്തമാണ്. ഇതിനുപുറമെ, നിയമാനുസൃതമായ മറ്റേതെങ്കിലും കാരണത്താൽ ആരെങ്കിലും ഗർഭച്ഛിദ്രം നടത്താൻ തീരുമാനിക്കുകയാണെങ്കിൽ അത് അനുവദനീയമാണ്.

രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്[റ] ഈ വാക്യത്തിന്റെ വെളിച്ചത്തിൽ നടത്തിയ നിഗമനങ്ങൾ ഇപ്രകാരമാണ് അദ്ദേഹം പറയുന്നു:

'ഈ വാക്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ പ്രസ്താവിച്ചിട്ടുണ്ട്. പുരുഷനും സ്ത്രീയും തമ്മിലുള്ള ലൈംഗിക ബന്ധത്തിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും ഇത് സൂക്ഷ്മമായ രീതിയിലാണ് പരാമർശിച്ചിട്ടുള്ളത്. അതായത്, സ്ത്രീയെ ഒരു കൃഷിയിടമായി പരാമർശിക്കുന്നതിലൂടെ, മനുഷ്യർക്ക് പ്രായോഗികമായി ചെയ്യാൻ കഴിയുന്നതിന് പരിമിതികളുണ്ട്. അവയുടെ ഉൽപാദനത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് മനുഷ്യവംശത്തെ പ്രജനനം ചെയ്യേണ്ടതുണ്ട്. അതിനാൽ, ഒരു കർഷകൻ തന്റെ ഭൂമി അതേപടി ഉപേക്ഷിക്കാത്തതുപോലെ, നിങ്ങൾക്ക് ഫലങ്ങൾ നേടാൻ കഴിയുന്ന മാർഗ്ഗങ്ങൾ നിങ്ങൾ എന്തിനാണ് ഉപേക്ഷിക്കുന്നത്? നിങ്ങൾ ഇത് (സമ്പ്രദായം) സ്വീകരിച്ചില്ലെങ്കിൽ, നിങ്ങൾ നിങ്ങളുടെ വിത്ത് പാഴാക്കുകയാണ് ചെയ്യുന്നത്.

ഇതിൽ നിന്ന് ഉരുത്തിരിഞ്ഞ രണ്ടാമത്തെ കാര്യം, പുരുഷൻ ഒരു

സ്ത്രീയുമായി അവരുടെ കഴിവുകളെയോ പുരുഷന്റെ കഴിവുകളെയോ കുറയ്ക്കാത്ത വിധത്തിൽ ശാരീരിക ബന്ധം സ്ഥാപിക്കണം എന്നതാണ്. ഭൂമിയിൽ വളരെയധികം വിത്തുകൾ വിതച്ചാൽ വിത്തുകൾ കേടാകും, ഭൂമി തുടർച്ചയായി കൃഷി ചെയ്താൽ ഭൂമി കേടാകും. അതിനാൽ, ഇതെല്ലാം യുക്തമായ പരിധിക്കുള്ളിൽ ചെയ്യണമെന്നാണ് പ്രസ്താവിക്കുന്നത്. ഒരു ജ്ഞാനിയായ കർഷകൻ തന്റെ ഭൂമി ബുദ്ധിപരമായി ഉപയോഗിക്കുകയും എത്ര വിത്തുകൾ വിതയ്ക്കണമെന്നും ഭൂമി എത്രത്തോളം വിളവെടുക്കണമെന്നും വിലയിരുത്തുന്നതുപോലെ, ഒരാൾ അതേ തത്വം തന്നെ സ്വീകരിക്കണം.

എല്ലാ സാഹചര്യങ്ങളിലും ഗർഭധാരണവും പ്രജനനവും ആവശ്യമാണെന്ന് അവകാശപ്പെടുകയും ജനന നിയന്ത്രണം പാടില്ലെന്ന് കരുതുകയും ചെയ്യുന്നത് തെറ്റാണെന്ന് ഈ വാക്യത്തിൽ നിന്ന് വ്യക്തമാണ്. വിളവെടുപ്പിന് ശേഷം ഉടൻ തന്നെ ഭൂമി വീണ്ടും കൃഷി ചെയ്യുകയാണെങ്കിൽ, തുടർന്നുള്ള വിള നല്ല നിലവാരമുള്ളതായിരിക്കില്ല, മൂന്നാമത്തെ വിളവ് ഇതിലും കുറഞ്ഞ നിലവാരമുള്ളതായിരിക്കും. പ്രജനനം നടത്തുന്നതിൽ നിന്ന് ഇസ്‌ലാം ഒരാളെ വിലക്കുന്നില്ല. വാസ്തവത്തിൽ പ്രജനനം നടത്താനാണ് അത് നിർദ്ദേശിക്കുന്നത്. അതേ സമയം പ്രജനനം നടക്കുമ്പോൾ അവരുടെ ഭൂമി കൃഷി ചെയ്യുന്നതിന് ഒരാൾ പാലിക്കുന്ന ദൈവിക നിയമങ്ങളും മനസ്സിൽ സൂക്ഷിക്കണമെന്ന് ഇസ്‌ലാം നിർദ്ദേശിക്കുന്നു. സമർത്ഥനായ ഒരു കർഷകൻ തന്റെ ഭൂമി ദുർബലമാകുകയോ ഭൂമി വന്ധ്യമാകുകയോ സ്വന്തം ശക്തി നഷ്ടപ്പെടുകയോ വിളകൾ വിളവെടുക്കാൻ പോലും കഴിയാതിരിക്കുകയോ വിളകൾ നശിപ്പിക്കപ്പെടുകയോ ചെയ്യുന്ന തരത്തിൽ അത് ഉപയോഗിക്കുന്നില്ല. അതുപോലെ, ഒരാൾ അവരുടെ ഭാര്യമാരോട് പരിഗണന കാണിക്കണം. ഒരാൾക്ക് തങ്ങളുടെ കുട്ടികളെ നല്ല രീതിയിൽ വളർത്താൻ കഴിയുന്നില്ലെങ്കിലും ഭാര്യയുടെ ആരോഗ്യം അപകടത്തിലാകുകയുമാണെങ്കിൽ ഒരാൾ പ്രജനനം നടത്തുന്നതിൽ നിന്നും ഒഴിവായി നിൽക്കണം.'[10]

രണ്ടാം ഖലീഫ തിരുമനസ്സിന്റെ[റ] മേൽപ്പറഞ്ഞ ഉദ്ധരണി നിയമാനുസൃതമായ കാരണങ്ങളാൽ ജനന നിയന്ത്രണത്തിന് അനുകൂലമായ ശക്തമായ വാദമുഖമാണ് മുന്നോട്ട് വെക്കുന്നത്. വിശുദ്ധ ഖുർആനിലെ വാക്യത്തിന്റെ മനോഹരമായ വ്യാഖ്യാനവുമാണ്. മാനസികമോ ശാരീരികമോ ആയ വൈകല്യങ്ങളുമായി കുട്ടി ജനിക്കാൻ സാധ്യതയുണ്ടെങ്കിൽ ജനന നിയന്ത്രണവും അനുവദനീയമാണ്. ഇതുമായി ബന്ധപ്പെട്ട് രണ്ടാം ഖലീഫ[റ] പ്രസ്താവിക്കുന്നു:

'എന്റെ കാഴ്ചപ്പാടിൽ, ദാരിദ്ര്യത്തെ ഭയന്ന് ജനന നിയന്ത്രണം അനുവദനീയമല്ല. എന്നിരുന്നാലും, കുഞ്ഞിന്റെയോ അമ്മയുടെയോ ആരോഗ്യത്തിന് അപകടമുണ്ടെങ്കിൽ അത് അനുവദനീയമാണ്. ഉദാഹരണത്തിന്, കുട്ടി മാനസികമോ ശാരീരികമോ ആയ വൈകല്യങ്ങളുമായി ജനിക്കാൻ സാധ്യതയുണ്ടെങ്കിലോ അല്ലെങ്കിൽ പ്രസവിക്കുന്നത് അവളുടെ ജീവൻ അപകടത്തിലാക്കുന്ന തരത്തിൽ സ്ത്രീയുടെ ആരോഗ്യം ദുർബലമാണെങ്കിലോ. അത്തരം സാഹചര്യങ്ങളിൽ, ഒരാൾക്ക് ജനന നിയന്ത്രണം ഉപയോഗിക്കാം. എന്നിരുന്നാലും, പൊതുവേ, ജനന നിയന്ത്രണത്തിന്റെ വക്താക്കൾ ഉദ്ധരിക്കുന്ന പ്രധാന കാരണം ദാരിദ്ര്യത്തെക്കുറിച്ചുള്ള ഭയമാണ്.

സാധാരണ സാഹചര്യങ്ങളിൽ ഉള്ളത് പോലെയുള്ള മാനസികാവസ്ഥ വെല്ലുവിളികളോ ബുദ്ധിമുട്ടുകളോ നേരിടുമ്പോൾ മനുഷ്യമനസ്സിന് ഉണ്ടാവാറില്ല. എന്നതാണ് വസ്തുത. ജനന നിയന്ത്രണത്തിന്റെ വക്താക്കൾ ഇത് തിരിച്ചറിയുന്നതിൽ പരാജയപ്പെടുന്നു. ലോക ജനസംഖ്യ ഗണ്യമായി വർദ്ധിക്കുകയാണെങ്കിൽ എങ്ങനെ അതിന്റെ ഉപജീവനം നൽകാൻ കഴിയുമെന്ന് അവർ ആശങ്കപ്പെടുന്നു. വാസ്തവത്തിൽ, അത്തരം സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ, സർവ്വശക്തനായ ദൈവം മാർഗ്ഗങ്ങൾ നൽകുകയും ആ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ ശേഷി മനുഷ്യമനസ്സിനെ പ്രാപ്തമാക്കുകയും ചെയ്യും. സർവ്വശക്തനായ ദൈവത്തെക്കുറിച്ചുള്ള അവരുടെ തെറ്റായ ചിന്തയാണ് അവരുടെ സിദ്ധാന്തത്തിന്റെ അടിസ്ഥാനം, കാരണം സർവ്വശക്തനായ ദൈവത്തിന് ഇത്രയും വലിയ ജനസംഖ്യ നൽകാനോ അതിന്റെ മറ്റ് ആവശ്യങ്ങൾ നിറവേറ്റാനോ കഴിയില്ലെന്ന് അവർ കരുതുന്നു. സർവ്വശക്തനായ ദൈവത്തിലും അവന്റെ ശക്തികളിലും വിശ്വസിക്കുന്നവർക്ക് അത്തരമൊരു ചിന്ത ഉൾക്കൊള്ളാൻ പോലും കഴിയില്ല.'[11]

ജനന നിയന്ത്രണം സ്വീകരിക്കുന്നത് അത്തരം കാരണങ്ങളാൽ മാത്രമല്ല നിരോധിച്ചിരിക്കുന്നത്. വ്യക്തമായതും സ്ഥിരീകരിക്കപ്പെട്ടതുമായ അപകടസാധ്യത ഉള്ള സന്ദർഭങ്ങളിൽ ജനന നിയന്ത്രണം സ്വീകരിക്കുന്നത് ഇസ്‌ലാം നിരോധിച്ചിട്ടില്ല.

ജനന നിയന്ത്രണത്തിന് പുറമെ, പ്രസവ കാലം വളരെ അടുത്തായിരിക്കുന്നത് മാതാവിന്റെ ജീവൻ അപകടത്തിലാവും എന്ന് വികാസത്തിന് ശേഷവും ഗർഭം അവസാനിപ്പിക്കാൻ കഴിയുന്ന സന്ദർഭങ്ങളുണ്ട്. ഉദാഹരണത്തിന്, കുട്ടിയുടെ സ്വാഭാവിക ജനനം അമ്മയ്ക്ക് മാരകമായേക്കാവുന്ന അപകടസാധ്യതയുണ്ടെങ്കിൽ. അത്തരം സാഹചര്യത്തിൽ ഗർഭം

അലസിപ്പിക്കുന്നത് അനുവദനീയമാണ്. കാരണം, കുട്ടി ജനിച്ചതിനു ശേഷം അതിജീവിക്കുമോ എന്ന് കൃത്യമായി പറയാൻ കഴിയില്ല, എന്നിരുന്നാലും അമ്മ ഇതിനകം തന്നെ സമൂഹത്തിലെ വിലപ്പെട്ട അംഗമാണ്. അതിനാൽ, സാധ്യമായ നഷ്ടത്തേക്കാൾ ഒരു നിശ്ചിത നഷ്ടത്തിന് മുൻഗണന നൽകുകയും കുട്ടിയെ ഗർഭച്ഛിദ്രം നടത്തുകയും ചെയ്യാം.[12]

ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള മജ്‌ലിസ് ഇഫ്തയുടെ (നിയമശാസ്ത്ര വകുപ്പിന്റെ) ഒരു റിപ്പോർട്ടിനെക്കുറിച്ച് അഭിപ്രായപ്പെട്ടുകൊണ്ട് അഞ്ചാം ഖലീഫ ഹദ്റത്ത് മസ്റൂർ അഹ്മദ് പ്രസ്താവിച്ചു:

'രോഗവും ജീവന് ഭീഷണിയും കൂടാതെ, ഗർഭച്ഛിദ്രം അനുവദനീയമായ മറ്റ് ചില സന്ദർഭങ്ങളും ഉണ്ട്. എന്നിരുന്നാലും, ദാരിദ്ര്യത്തെക്കുറിച്ചുള്ള ഭയം കാരണം ഗർഭച്ഛിദ്രം നടത്തുന്നത് പൂർണ്ണമായും നിരോധിച്ചിരിക്കുന്നു.'[13]

അടുത്തിടെ എം. ടി. എ (മുസ്‌ലിം ടെലിവിഷൻ അഹ്മദിയ) യിൽ നടന്ന ഒരു പരിപാടിയിൽ ബലാത്സംഗത്തിന്റെ കാര്യത്തിൽ ഗർഭച്ഛിദ്രം ഇസ്‌ലാം അനുവദിക്കുന്നുണ്ടോ അതോ അമ്മയുടെയോ കുഞ്ഞിന്റെയോ ആരോഗ്യത്തിന് അപകടമുണ്ടോ എന്നതാണോ പരിഗണിക്കുക എന്ന ചോദ്യം ഉന്നയിക്കുകയുണ്ടായി. ഈ ചോദ്യത്തിന് ഉത്തരം നൽകിക്കൊണ്ട് അഞ്ചാം ഖലീഫ തിരുമനസ്സ് പറഞ്ഞു:

'അതാണ് ഇപ്പോൾ അമേരിക്കയിൽ കത്തുന്ന പ്രശ്നം. നിങ്ങളുടെ കുട്ടികളെ വളർത്തുന്നതിനെക്കുറിച്ചോ സാമ്പത്തികസ്ഥിതിയെക്കുറിച്ചോ ഉള്ള ഭയം കാരണം നിങ്ങൾ അവരെ കൊല്ലരുതെന്ന് ഇസ്‌ലാം പറയുന്നു. ഗർഭച്ഛിദ്രം ഇസ്‌ലാം നിരോധിക്കുന്ന ഒരേയൊരു കാര്യം അതാണ്. അല്ലാത്തപക്ഷം, സ്ത്രീയുടെ ആരോഗ്യം നല്ലതല്ലെങ്കിൽ അവർക്ക് ഗർഭച്ഛിദ്രം നടത്താമെന്ന് ഇസ്‌ലാം പറയുന്നു. കുഞ്ഞ് ശരിയായി വികസിക്കുന്നില്ലെങ്കിൽ, ഭ്രൂണാവസ്ഥയിലുള്ള ഘട്ടം മുതൽ പിന്നീടുള്ള ഘട്ടം വരെ അവർക്ക് ഗർഭച്ഛിദ്രം നടത്താം. ബലാത്സംഗത്തിന്റെ കാര്യത്തിൽ, സമൂഹത്തിന്റെ അധിക്ഷേപം കാരണം കുഞ്ഞിന്റെ ഭാരം താങ്ങാൻ തനിക്ക് കഴിയില്ലെന്ന് സ്ത്രീ സമ്മതിക്കുകയും സമൂഹത്തിന്റെ വിരലുകൾ തനിക്കെതിരെ എപ്പോഴും ചൂണ്ടപ്പെടുകയും ചെയ്യുമെന്ന് അവൾ കരുതുകയും ചെയ്യുകയാണെങ്കിൽ ഗർഭച്ഛിദ്രം ഇസ്‌ലാം അനുവദിക്കുന്നു. കുട്ടി ജനിച്ചാലും അതിന് ജീവിതത്തിൽ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരും, അപ്പോൾ ബലാൽസംഘത്തിൽ ഗർഭം ധരിച്ച അമ്മയ്ക്ക് അത് ഗർഭാവസ്ഥയിൽ തന്നെ നിർത്തലാക്കാൻ തീരുമാനിക്കാം. ഇസ്‌ലാം അത് അനുവദിക്കുന്നു.

'ഞാൻ എങ്ങനെയാണ് കുട്ടിയെ പരിപാലിക്കുക? എന്ന ആധികൊണ്ടായിരിക്കരുത് കുടുംബാസൂത്രണം നടത്തുന്നത്. അല്ലഹു പറയുന്നു 'ഞാനാണ് നിനക്ക് ഭക്ഷണവും വിഭവങ്ങളും നൽകുന്നത്.' അല്ലാഹു പറഞ്ഞ ഒരേയൊരു കാര്യം. ഇതാണ്.[14]

### ഉപസംഹാരം

ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ വിഭവങ്ങളുടെ ദൗർലഭ്യം ഭയന്ന് ഗർഭനിരോധന മാർഗ്ഗങ്ങൾ സ്വീകരിക്കുകയോ ഗർഭച്ഛിദ്രം നടത്തുകയോ ചെയ്യുന്നത് പാടില്ലാത്തതും നിയമവിരുദ്ധവുമാണ്. റസൂൽ തിരുമേനി[സ]യുടെ മാർഗനിർദ്ദേശമനുസരിച്ച് ഓരോ വ്യക്തിക്കും, ജനന നിയന്ത്രണവും ഗർഭച്ഛിദ്രവും നടത്തുന്നത് നിയമാനുസൃതമായ കാരണങ്ങളുണ്ടോ എന്നതിനെക്കുറിച്ച് അവരുടെ വ്യക്തിഗത സാഹചര്യങ്ങളെ അടിസ്ഥാനമാക്കി സ്വന്തം വിധി പറയാൻ കഴിയും. റസൂൽ തിരുമേനി[സ]യുടെ പ്രവചനമനുസരിച്ച് ഹഖമൻ അദലൻ (നീതിമാനായ വിധി കർത്താവ്) ആയി ഈ കാലഘട്ടത്തിൽ വന്ന വാഗ്ദത്ത മസീഹ്[അ] ഈ വിഷയം താഴെ പ്പറയുന്ന വാക്കുകളിൽ വളരെ സംക്ഷിപ്തമായി വിശദീകരിച്ചിട്ടുണ്ട്:

'അതുപോലെ, ഒരാളുടെ ഉദ്ദേശ്യങ്ങൾ പരിശുദ്ധമായിരിക്കണം. മറ്റേതെങ്കിലും ഗർഭ ധാരണവും തടയുന്ന ഘടകങ്ങൾ ഉണ്ടെങ്കിൽ അതും പരിഗണിക്കേണ്ടതാണ്.'

സാധാരണ സാഹചര്യങ്ങളിൽ, ഭർത്താവും ഭാര്യയും ഇത്തരം കാര്യങ്ങളിൽ പരസ്പര സമ്മതം ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്, കാരണം വിശുദ്ധ ഖുർആൻ പറയുന്നു:

'മാതാവിനെ അവളുടെ ശിശു മൂലം വിഷമിപ്പിക്കരുത്. അത് ജനിച്ചത് ആർക്കാണോ അവനെയും ആ കുട്ടിമൂലം വിഷമിപ്പിക്കരുത്.'(2:234). കുട്ടിക്ക് മാതാവിനോടും പിതാവിനോടും ഒരു ബന്ധമുണ്ട്, അതിനാൽ മാതാപിതാക്കൾക്ക് രണ്ടുപേർക്കും അവരുടെ കുട്ടിയുമായി ബന്ധപ്പെട്ട് തുല്യമായ അവകാശങ്ങളുണ്ട്.

എതായിരുന്നാലും വ്യഭിചാരത്തിന്റെയും ബലാത്സംഗത്തിന്റെയും കാര്യത്തിൽ, വാഗ്ദത്ത മസീഹ്[അ] വിശദീകരിച്ചതുപോലെ, സ്ത്രീയുടെ വ്യക്തിപരമായ സാഹചര്യങ്ങളെയും അവളുടെ ഭാവിയെയും അടിസ്ഥാനത്തിൽ ഏറ്റവും നല്ല തീരുമാനങ്ങൾ എടുക്കാനുള്ള അവകാശം മതാവിന്നാണ്. വൈദ്യശാസ്ത്രപരമായ കാരണങ്ങളെ അടിസ്ഥാനമാക്കിയുള്ള തീരുമാനങ്ങളെ സംബന്ധിച്ചിടത്തോളം, ഡോക്ടർമാർക്ക് ഉചിതമായ തീരുമാനം എടുക്കാൻ കഴിയും. കുട്ടിയുടെ ജനനം അമ്മയുടെ ജീവന് അപകടമുണ്ടാക്കുകയോ കുട്ടിക്ക് സങ്കീർണതകൾ ഉണ്ടാക്കുകയോ ചെയ്താൽ, കുട്ടിയെ ഗർഭച്ഛിദ്രം നടത്താനുള്ള തീരുമാനം ആത്യന്തികമായി ഡോക്ടർമാർക്ക് അവരുടെ മെഡിക്കൽ വൈദഗ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ എടുക്കാൻ സാധിക്കും.

ലേഖനം

# യേശുവിന്റെ തിരുപിറവി: സ്ഥലകാലങ്ങളിലെ വൈരുദ്ധ്യം

**യേശുജനിച്ചത് ബെത്ലഹേമിലല്ല. നസറേത്തിലാണ്. അതുപോലെ ജനനം ഡിസംബർ 25 ന് അല്ല. സന്നിഗ്ദതകൾ നിറഞ്ഞ യേശുവിന്റെ അപ്രകാശിത ജീവിതത്തിലേക്ക് ബൈബിളും ഖുർആനും ചരിത്രവും നൽകുന്ന സൂചകളെ അടിസ്ഥാനമാക്കിയുള്ള ലേഖനം.**

**എ.എം.മുഹമ്മദ് സലീം**

കാലഗണനക്കായി നാം അക്കാദമിക ചരിത്രത്തെ പോലും വിഭജിച്ചിരിക്കുന്നത് യേശുക്രിസ്തുവിന്റെ ജനനത്തെ അടിസ്ഥാനമാക്കിയാണ്. കലണ്ടറിൽ ഇന്നത്തെ ദിവസത്തെ അടയാളപ്പെടുത്തുന്നതും നമ്മുടെ സിവിൽ വ്യവഹാരങ്ങളുടെയും ശാസ്ത്ര പ്രതിഭാസങ്ങളുടെയും കാലമാപനം രേഖപ്പെടുത്തുന്നതുമെല്ലാം യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ടാണെന്ന് വരുമ്പോൾ അതിന്റെ യഥാർത്ഥ്യവും അടിസ്ഥാനവും അന്വേഷിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. യേശുവിന്റെ ജന്മദിനം ഡിസംബർ 25 ന് ക്രിസ്മസ് ദിനമായി ലോകം മുഴുവൻ ആഘോഷിക്കുന്ന ഒരു സന്തോഷ സുദിനമാണ്. ഈ ദിനത്തിലാണ് യേശുവിന്റെ ജനനം സംഭവിച്ചത് എന്നതിന്ന് ബൈബിളിൽ യാതൊരു പ്രതിപാദനമില്ല. ജനനം നടന്ന സമയം പോലെ തന്നെ സ്ഥലത്തെ സംബന്ധിച്ചു പറഞ്ഞ ചരിത്ര വിവരണങ്ങളും സംശയ ഗ്രസ്തമാണ്. ക്രിസ്മസ് ദിനം റോമിലെ പ്രാദേശിക മതത്തിൽ നിന്നും ക്രിസ്തുമതം പകർത്തിയ ഒരു ആഘോഷമായിരിക്കാനാണ് സാദ്ധ്യത. വാസ്തവത്തിൽ ആത്മീയ പ്രധാനമായ യഥാർത്ഥ മതം ആചരിക്കാൻ ഒരു മതത്തിന്നും ഇത്തരം ജന്മദിനാഘോഷങ്ങളുടെ ആവശ്യമില്ല.

ഫലസ്തീനിൽ ബെത്ലഹേമിൽ യേശു ജനിച്ചു എന്ന് പറയപ്പെടുന്ന സ്ഥലത്ത് ഒരു ആരാധനാലയമുണ്ട്. തിരുപ്പിറവി പ്പള്ളി (The Church of the Nativity) എന്നാണ് ഈ ദേവാലയം അറിയപ്പെടുന്നത്. ഫലസ്തീൻ വെസ്റ്റ്ബാങ്കിൽ തെക്കൻ ജെറുസലേമിൽ നിന്നും 10 കി. മീ അകലെയാണ് തിരുപ്പിറവിപ്പള്ളി സ്ഥിതിചെയ്യുന്ന ബെത്ലഹേം. 1967 ൽ നടന്ന ആറ്ദിന യുദ്ധത്തിൽ ജോർദ്ദാനിൽ നിന്നും ഇസ്റയേൽ പിടിച്ചടക്കിയതാണ് ബത്ലെഹേം സ്ഥിതിചെയ്യുന്ന വെസ്റ്റ് ബാങ്ക്. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ പ്രേരണാ ഫലമായി ക്രിസ്തുമതം സ്വീകരിച്ച മാതാവ് ഹെലീനായുടെ ഫലസ്തീൻ തീർത്ഥാടന സന്ദർശന വേളയിൽ (എ ഡി 325- 326) അവർ നിശ്ചയിച്ച സ്ഥലത്താണ് തിരുപ്പിറവിപ്പള്ളി പണിതത്. അത്കൂടാതെ യേശുവിനെ ക്രൂശിച്ച കുരിശും കുരിശ് മരണാനന്തരം യേശു ഉയിർത്തെഴുന്നേറ്റ കല്ലറയും ക്രിസ്തുവിന്ന് ശേഷം മൂന്ന് നൂറ്റാണ്ടുകൾ കഴിഞ്ഞ് അവർ കണ്ടെത്തുകയുണ്ടായി. അവിടെ ഉയിർത്തെഴുന്നേൽപ്പ് പള്ളി (Church of the Holy Sepulchre) പണിതതും ഹെലീനയാണ്. പടിഞ്ഞാറൻ സഭയും കിഴക്കൻ സഭകളും ചക്രവർത്തിയുടെ മാതാവിനെ വിശുദ്ധ പദവി നൽകി സെന്റ് ഹെലീനാ എന്നാണ് വിളിക്കുന്നത്. അല്ലാതെ ചരിത്ര സത്യങ്ങളുമായി അത്തരം തീർത്ഥാടന സ്ഥങ്ങൾക്ക് ബന്ധമൊന്നുമില്ല.

വിശുദ്ധ ബൈബിളിലും വിശുദ്ധ ഖുർആനിലും യേശുവിന്റെ ജനനസ്ഥലവും തിയതിയും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. അക്കാദമിക് ചരിത്രഗ്രന്ഥം പോലെ മതഗ്രന്ഥങ്ങളിൽ പൊതുവേ ഇത്തരം വിശദാംശങ്ങളോ സംഭവങ്ങളുടെ കാലനുക്രമമോ ഉണ്ടാകാറില്ല. പിന്നീട് മത പുരുഷന്മാരുടെ അനുയായികൾ ആഘോഷപൂർവ്വം അത്തരം ദിവസങ്ങൾ പുണ്യദിനങ്ങളായി ആചരിക്കുകയാണ് പതിവ്. ബൈബിളിന്നു പുറമെ യേശുവിന്റെ കാലത്തെ സമകാലീന ചരിത്ര സ്റോതസ്സുകളിൽ നിന്നും അദ്ദേഹത്തിന്റെ ജനന സമയമെന്നല്ല ജീവിത സാന്നിദ്ധ്യത്തെ സംബന്ധിച്ച തെളിവ് പോലും ലഭ്യമല്ല.

ഈ പരിമിതികളുടെ പശ്ചാത്തലത്തിൽ യേശുവിന്റെ ജന്മദിനം കണ്ടെത്തുക എന്നത് നമുക്ക് മുമ്പിലുള്ള വെല്ലുവിളിയാണ്. യേശുവിന്റെ ജനന സംബന്ധമായി ബൈബിളിലും ഖുർആനിലും പ്രതിപാദിക്കപ്പെട്ട പരാമർശങ്ങളിലെ ചരിത്രാംശവും മറ്റു പൊതു ചരിത്ര സാഹചര്യങ്ങളും വിശകലനം ചെയ്തുകൊണ്ട് പരസ്പര വൈരുദ്ധ്യമില്ലാത്ത ഒരു നിഗമനത്തിലെത്തിചേരുക എന്നതാണ് അവലംബിക്കാവുന്ന ഒരു രീതി. അങ്ങനെ വരുമ്പോൾ യേശുവിന്റെ ജന്മ ദിനമായി നാം പാരമ്പര്യമായി കൊണ്ടാടുന്ന ക്രിസ്മസ് തിയതിയും യേശുവിന്റെ ജനന വർഷവും ബൈബിൾ -ഖുർആൻ പരാമർശങ്ങളുമായി യാതൊരുവിധത്തിലും ഒത്തുവരില്ല. യേശുവിന്റെ ജനനം ഡിസംബർ മാസത്തിലായിരിക്കാൻ യാതൊരു സാദ്ധ്യതയുമില്ല. അപ്രകാരം വർഷ ഗണനവും ശരിയായി വരില്ല. മറ്റു ഖഗോള പരമായ തെളിവുകളും യേശുവിന്റെ ജന്മദിനമായി നാം



ആഘോഷിക്കുന്ന സമയവുമായി സമരസപ്പെടുന്നില്ല. യേശു ജനിച്ച സ്ഥലവും സംശയഗ്രസ്തമാണ്.

**യേശുവിന്റെ തിരുപ്പിറവി ശിശിരകാലത്തോ?**

ഡിസംബറിലെ കടുത്ത മഞ്ഞു കാലത്താണ് ഭൂമിയുടെ വടക്കൻ അർദ്ധഗോളത്തിൽ ക്രിസ്മസ് ആഘോഷിക്കുന്നത്. യേശുവിന്റെ ജനനം നടന്ന ദിവസത്തെപ്പറ്റി ബൈബിൾ നൽകുന്ന സൂചന പ്രകാരം തിരുപ്പിറവി നടന്നത് ഒരിക്കലും ശിശിരകാലത്താകാൻ സാദ്ധ്യമല്ല. എല്ലാ തെളിവുകളും നൽകുന്ന സൂചന വസന്തകാലത്തോ വേനൽ കാലത്തോ ആണ് യേശുവിന്റെ ജന്മദിനം സംഭവിച്ചിരിക്കുക എന്നാണ്.

നാലു ബൈബിൾ സുവിശേഷങ്ങളിൽ മാർക്കോസും യോഹാന്നനും യേശു വിന്റെ യ ഊഅവനകാലത്തെ പറ്റി മാത്രമാണ് പ്രതിപാദിക്കുന്നത്. മത്തായിയും (2:1) ലൂക്കോസും (2::4) മാത്രമേ യേശുവിന്റെ ജനനത്തെ പറ്റി ഒരു വിവരണം നൽകുന്നുള്ളൂ. അവ ഇപ്രകാരമാണ്.

'അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു. ശിശുവിനെ ശീലകളിൽ പൊതിഞ്ഞു. ഒരു പുൽതൊട്ടിയിൽ കിടത്തി. സത്രത്തിൽ അവർക്ക് സ്ഥലം കിട്ടിയിരുന്നില്ല. ആ പ്രദേശത്തെ പുറം വയലുകളിൽ വെളിമ്പ്രദേശത്ത് തങ്ങളുടെ ആട്ടിൻ കൂട്ടത്തെ രാത്രിയിൽ കാത്തുകഴിയുന്ന ഇടയന്മാർ ഉണ്ടായിരുന്നു.' (ലൂക്കോസ് 2: 7-9)

യേശുവിന്റെ ജനനത്തെ സംബന്ധിച്ച് ബൈബിൾ നൽകുന്ന ഈ രംഗചിത്രീകരണം തിരുപ്പിറവി നടന്നത് പ്രസന്നമായ ഒരു കാലാവസ്ഥയിലാണെന്ന് വ്യക്തമാവുന്നു. ഈ ബൈബിൾ വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് ബ്രിട്ടനിലെ ബ്രമിംങ്ഹാം ആംഗ്ലിക്കൻ ചർച്ച് ബിഷപ്പും ഗണിതജ്ഞനും വേദപണ്ഡിതനുമായ ഏണസ്റ്റ് വില്ല്യം ബാൺ (1874- 1953) എഴുതുന്നു:

'യേശുവിന്റെ യഥാർത്ഥ ജന്മദിനം ഡിസംബർ 25 ന്ന് തന്നെയാണെന്ന് വിശ്വാസത്തിന്ന് യാതൊരു പ്രാമാണികതയുമില്ല. ബെത്‌ലഹേമിലെ വയലുകളിൽ ആട്ടിടയന്മാർ ആട്ടിൻകൂട്ടത്തെ കാത്തു കഴിയുന്നു എന്ന് പരാമർശിക്കുന്ന ലൂക്കോസിന്റെ യേശുവിന്റെ ജനന കഥക്ക് എന്തെങ്കിലും പ്രാധാന്യമുണ്ടെങ്കിൽ യേശുവിന്റെ ജനനം ഒരിക്കലും മഞ്ഞുകാലത്ത് ആയിരിക്കില്ല സംഭവിച്ചിരിക്കുക. ജൂദിയ എന്ന മലമ്പ്രദേശത്തെ അന്തരീക്ഷോഷ്മാവ് തണുപ്പ് കാലത്ത് വളരെ താഴ്ന്നതാണ്. മഞ്ഞ് വീഴ്ച്ചയും അവിടെ സാധാരണമാണ്. വളരെയേറെ ചർച്ചകൾക്ക് ശേഷം നമ്മുടെ ക്രിസ്മസ് ദിനം എ. ഡി 300 ാമാണ്ടിലാണ് സ്വീകരിക്കപ്പെട്ടത്. (The Rise of Christianity Ernest William Barnes, P. 79, Longmans, Green and Co.Ltd Cliford Street London,)

യേശുവിന്റെ മാതാവ് അനുഭവിച്ച ഇറ്റുനോവിന്റെ വേദനാജനകമായ രംഗവിവരണം ഖുർആൻ വിവരിക്കുന്നത് ഇപ്രകാരമാണ്:

പിന്നീട് പ്രസവ വേദന അവളെ ഈത്തപന വൃക്ഷത്തിന്റെ അടുക്കൽ എത്തിച്ചു. .....ഈന്ത മരത്തെ നിന്നിലേക്ക് കുലുക്കുക. അത് പഴുത്ത് പാകമായ പുത്തൻ ഈത്തപഴം നിനക്ക് വീഴ്ത്തിത്തരും. *(വിശുദ്ധ ഖുർആൻ. സൂറ: മറിയം 19: 24-26)*

യേശുവിന്റെ ജനനസമയം ഈത്തപ്പഴ ഫലം കാഴ്ക്കുന്ന കാലമാണെന്ന് ഈ വചനം സൂചന നൽകുന്നു. ഈത്തപ്പഴ ഫലം

കാഴ്ക്കുന്നത് ശിശിരകാലത്തല്ല. വേനൽ കാലമായിരിക്കും എന്ന കാര്യം വ്യക്തമാണ്.

എമിരിറ്റസ് പോപ്പ് അഭിവന്ദ്യ ബെനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ 2012 ൽ പ്രസിദ്ധീകരിച്ച Jesus of Nazareth: The Infancy Narratives എന്ന പുസ്തകത്തിൽ യേശുവിന്റെ ജനനം ഡിസംബർ 25 ന്ന് അല്ല എന്നും ജനിച്ചത് ഏതാനും വർഷം പിറകോട്ടാണെന്നുമുള്ള വിവാദ പ്രസ്താവന നടത്തിയിട്ടുള്ള കാര്യവും ഓർക്കുക. ഇത്തരത്തിൽ നിരവധി ചരിത്രകാരന്മാരും ഗവേഷകന്മാരും യേശുവിന്റെ തിരുപ്പിറവിയുണ്ടായത് ഡിസംബറിലല്ല എന്ന് പറഞ്ഞിട്ടുണ്ട്.

എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിൽ 'ക്രിസ്മസ്'എന്ന ശീർഷകത്തിൽ പറയുന്നു:

'ഡിസംബർ 25 ന് യേശുവിന്റെ ജന്മദിനമായി ആചരിക്കുന്നതിന്റെ സൂക്ഷ്മമായ ഉത്ഭവം അവ്യക്തമാണ്. പുതിയ നിയമം ഇത് സംബന്ധിച്ച് യാതൊരു സൂചനയും നൽകുന്നില്ല. എ. ഡി 221 ൽ സെക്സ്റ്റസ് ജൂലിയസ് ആഫ്രിക്കാനൂസ് (Sextus Julius Africanus) ആണ് ആദ്യമായി യേശുവിന്റെ ജന്മദിനം ഡിസംബർ 25 ആയി ആചരിച്ചത്. പിന്നീട് ആ തിയ്യതി സാർവ്വത്രികമായി അംഗീകരിക്കുക യായിരുന്നു. ഈ തിയതിയുടെ ആവിർഭാവത്തെ പറ്റിയുള്ള വ്യാപകമായ ഒരു വിശദീകരണം ഇങ്ങനെയാണ്, റോമാസാമ്രാജ്യത്തിൽ പ്രശസ്തമായ ആഘോഷദിനമാണിത്. ദക്ഷിണായന വേളയിൽ ശിശിരകാലം കഴിഞ്ഞ് സൂര്യന്റെ പ്രത്യാഗമനം ആഘോഷിക്കുന്ന ഡിസംബർ 25. Day of the birth of the unconquered Sun (Dies solis invictinati അജയ്യമായ സൂര്യന്റെ ജന്മദിനം) ആ ദിനത്തിന്റെക്രിസ്തീയവത്ക്കരണമായിരുന്നു സംഭവിച്ചത്. അതായത് ശീതകാലത്തോട് വിടപറയുകയും വസന്തത്തിന്റേയും വേനലിന്റേയും ആഗമനം വിളംബരപ്പെടുത്തുകയും ചെയ്യുന്ന സൂര്യന്റെ പുനർജന്മത്തിന്റെ പ്രതീകമായി ഈ ദിനം ആഘോഷിക്കപ്പെട്ടിരുന്നു. തീർച്ചയായും ഡിസംബർ 25 യേശുവിന്റെ ജന്മദിനമായി വ്യാപകമായി സ്വീകരിക്കപ്പെട്ടു. ക്രിസ്ത്യൻ എഴുത്തുകാർ സൂര്യന്റെ പുനർജന്മദിനത്തെയും ദൈവപുത്രന്റെ ജനനദിനത്തെയും തമ്മിൽ നിരന്തരം ബന്ധിപ്പിക്കുകയുണ്ടായി. ഈ വീക്ഷണത്തിന്റെ ഒരു ബുദ്ധിമുട്ട്

> **"ഡിസംബർ 25 ന് യേശുവിന്റെ ജന്മദിനമായി ആചരിക്കുന്നതിന്റെ സൂക്ഷ്മമായ ഉത്ഭവം അവ്യക്തമാണ്. പുതിയ നിയമം ഇത് സംബന്ധിച്ച് യാതൊരു സൂചനയും നൽകുന്നില്ല."**

എന്തെന്നാൽ ആദിമ ക്രിസ്തു സഭയുടെ ഭാഗത്ത് നിന്നും അനായാസം തങ്ങൾക്ക് ഉചിതമായ പ്രാകൃതമതക്കാരുടെ ഒരു ആഘോഷം സ്വീകരിക്കാനുള്ള സന്നദ്ധതയുണ്ടായി എന്നുള്ളതാണ്. ആദിമസഭക്ക് പ്രാകൃത മതക്കാരുടെ വിശ്വാസവും ആചാരവുമാണെന്ന് വ്യക്തമായ തിരിച്ചറിവുണ്ടായിട്ടുകൂടി അതിനെ സ്വാംശീകരിക്കുകയുണ്ടായി.' (Christmas Encyclopaedia Britanica)

### യേശു ജനിച്ച സ്ഥലം നസറേത്തോ ? ബെത്ലഹേമോ?

യേശുവിന്റെ ജീവിതത്തിലെ പല ബൈബിൾ വിവരണങ്ങളും സന്നിഗ്ദതകൾ നിറഞ്ഞതും പരസ്പര വിരുദ്ധങ്ങളും ചരിത്രയുക്തിക്ക് യോജിക്കാത്തതുമാണ്. യേശു ബാല്യകാലത്ത് വസിച്ചത് (ജന്മദേശം) എവിടെയാണ് എന്ന ചോദ്യത്തിന്ന് ബൈബിളിൽ നിന്നും ലഭിക്കുന്ന ഉത്തരം ഇസ്റയേലിന്റെ വടക്കേയറ്റത്തുള്ള ഗലീലിയിലെ നസറേത്ത് എന്നാണ്. അവിടെയാണ് യേശുവിന്റെ കുടുംബം വസിച്ചിരുന്നത്. *(മത്താ 2:23 ലൂക്കോ: 2:39)*. യേശു ജനിച്ചത് എവിടെയാണെന്ന ചോദ്യത്തിന്നുള്ള ലഭിക്കുന്ന മറ്റൊരു ഉത്തരം ബെത്ലഹേം *(മത്താ 2:1, ലൂക്കോ 2:4)* എന്നുമാണ്. ജെറുസലേമിൽ നിന്നും 7 കിലോ മീറ്റർ അടുത്താണ് ബെത്ലഹേം. യേശുവിന്റെ മാതാപിതാക്കൾ വസിച്ചിരുന്നതാകട്ടെ ഇസ്റയേലിന്റെ വടക്ക് വളരെ ദൂരെ ജെറുസലേമിൽ നിന്നും 175 കിലോമീറ്റർ അകലെയുള്ള ഗലീലിയയിലെ നസറേത്തിലും. നസ്റേത്തിൽനിന്ന് വിവാഹ നിശ്ചയം മാത്രം ചെയ്ത ജോസഫ് പൂർണ്ണ ഗർഭിണിയായ മറിയമിനെയും കൂട്ടി ബെത്ലഹേമിലേക്ക് വരികയാണുണ്ടായത്. ഹെറോദ് എന്ന ജൂദിയൻ രാജാവ് ശിശുക്കളെ വധിക്കുന്ന കൽപ്പന പുറപ്പെടുവിച്ചപ്പോൾ അവർ ബെത്ലഹേമിൽ നിന്നും വീണ്ടും തെക്കോട്ട് ഈജിപ്തിലേക്ക് പോയി. പിന്നീട് ഹെരോദ് മരിച്ചശേഷമാണ് നസറേത്തിലേക്ക് മടങ്ങുന്നത്. എന്നാണ് മത്തായിയുടെ സുവിശേഷത്തിലുള്ളത്.

ദേശാധികാരി പുറപ്പെടുവിച്ച ജനസംഖ്യാ കണക്കെടുപ്പിന്ന് വേണ്ടിയാണ് നസ്റേത്തിൽ നിന്നും ബെത്ലഹേമിലേക്കുള്ള അത്യന്തം ദുർഘടവും സുദീർഘവുമായ ഈ യാത്ര നടത്തിയത് എന്നാണ് ലൂക്കോസിന്റെ സുവിശേഷം പറയുന്നത്. *(ലൂക്കോ 2:2)* അതായത് ജനസംഖ്യാ കണക്കെടുപ്പ് അവസരത്തിൽ ദാവീദിന്റെ നഗരം എന്നറിയപ്പെടുന്ന ബെത്ലഹേമിൽ തന്നെ യേശുവിന്റെ ജനനം രേഖപ്പെടുത്താനാണ് പോലും ഈ യാത്ര എന്നാണ് വിശദീകരണം. യേശുവിന്റെ ജൈവപിതാവല്ലാത്ത ജോസഫിന്റെ പിതൃ പരമ്പരയിലാണ് ദാവീദ് എന്ന പ്രഗത്ഭനായ ഇസ്റയേൽ രാജാവ്. ദആ ദവീദിന്റെ വംശത്തിലാണ് യേശു ജനിച്ചത് എന്ന് വരുത്താനാണ് യേശുവിന്റെ ഈ



ബെത്‌ലഹേം ജനനം. എന്നാൽ ഈ വിശദീകരണം മത്തായിയുടെ സുവിശേഷത്തിലില്ല. ബൈബിൾ വിവരണങ്ങളിൽ പലതും ചരിത്ര സത്യങ്ങളും യഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നതല്ല അതിപ്പോൾ ഇവിടെ ചർച ചെയ്യുന്നില്ല.

ബെത്‌ലേഹേമിലാണ് യേശു ജനിച്ചതെങ്കിൽ എന്ത്കൊണ്ട് പുതിയ നിയമത്തിലുടനീളം നസ്റേത്തുകാരനായ യേശു എന്ന് അദ്ദേഹം വിളിക്കപ്പെടുന്നു.? മത്തായിയുടെ സുവിശേഷത്തിൽ ഇതിന്ന് ഉപോദ്ബലകമായി ഒരു വചനവും ഉദ്ദരിക്കപ്പെടുന്നുമുണ്ട്. മാത്രമല്ല നസാറ എന്ന ഈ വിശേഷണ നാമം ഒരു പ്രവചന സാക്ഷാത്ക്കാരമാണെന്നും ബൈബിൾ പറയുന്നു. 'നസ്രത്ത് എന്ന നഗരത്തിൽ പാർത്തു. അവൻ നസ്രായൻ എന്ന് വിളിക്കപ്പെടും എന്ന പ്രവചനം നിറവേറാനായിരുന്നു അത്'*(മത്താ:2:23)*. പക്ഷേ അങ്ങനെയൊരു പ്രവചനം ബൈബിൾ പഴയ നിയമത്തിലെവിടെയുമില്ല എന്നതാണ് വസ്തുത. ഇത്തരത്തിൽ നിരവധി ഇല്ലാത്ത പ്രവചനങ്ങൾ യേശുവിൽ ആരോപിതമായിട്ടുണ്ട്.

മാത്രമല്ല പീലാത്തോസിന്റെ വിചാരണ വേളയിൽ യേശുവിനെ നോക്കി 'ഈ മനുഷ്യൻ ഗലീലിക്കാരനല്ലയോ?' (ലൂക്കോ 23:6) എന്ന് പീലാത്തോസ് ചോദിക്കുന്നുണ്ട്. യേശുവിനെ നസ്രായനായി വിശേഷിപ്പിച്ചു കൊണ്ട് നിരവധി വചനങ്ങൾ ബൈബിളിൽ കാണാം. 'ഇവൻ ഗലീലിയായിലെ നസ്രേത്തിൽ നിന്നും വരുന്ന പ്രവാചകനായ യേശുവാകുന്നു എന്ന് ജനക്കൂട്ടം പറഞ്ഞു'.*(മത്താ:21:11)* 'നസ്രായനായ യേശുവേ ഞങ്ങളോട് നിനക്ക് എന്ത് കാര്യം?'*(മാർക്കോ 1:24 ,10:47, 14:67, 16:6,)* ലൂക്കോ 4:34, 24:19,' 'നസ്രായനായ യേശു യഹൂദരുടെ രാജാവ്'*(യോഹ. 19: 19)*, നസ്രായനായ യേശു ക്രിസ്തുവിന്റെ നാമത്തിൽ നീ നടക്കുക *(അപ്പോ:: 3:6, 26:9, 6:14, 22:8 )*

നസ്റേത്തിനെ പറ്റി ബൈബിളിലുള്ള മോശമായ ഒരു പരാമർശമാണ് പിൽക്കാലത്ത് നസറേത്തിനോട് ചേർത്ത് നസാറായനായ യേശു എന്നും നസാറായ മതക്കാർ എന്നും നസ്രാണികൾ എന്നും വിശേഷിപ്പിക്കാൻ പിന്നീട് ക്രൈസ്തവ ലോകം മടിച്ചതെന്ന് ചില ബൈബിൾ പണ്ഡിതന്മാർ പറയുന്നു. അതായത് യേശുവിന്റെ അപ്പോസ്തല ശിഷ്യനായ ഫിലിപ്പോസിന്റെ സ്നേഹിതനായിരുന്നു നഥനയേൽ. അദ്ദേഹത്തെ കണ്ടപ്പോൾ ഫിലിപ്പോസ് പറഞ്ഞു: 'മോശെ നിയമത്തിലും പിന്നെ പ്രവാചകരും ആരെ പറ്റി എഴുതിയിരിക്കുന്നുവോ അവനെ ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു. യോസേഫിന്റെ പുത്രനായ നസ്രത്തിലെ യേശുവിനെ.' നഥനയേൽ ചോദിച്ചു. 'നസ്രത്തിൽ നിന്ന് എന്തെങ്കിലും നന്മവരുമോ?' *(യോഹ: 1 45-46)* നഥനയേലിന്റെ നസ്റേത്തിനെ പറ്റിയുള്ള ഈ അവമതിപ്പാണ് നസാറായമതം എന്ന വിശേഷണത്തോട് പിൽക്കാലസഭക്ക് വിരക്തി തോന്നാൻ കാരണം എന്ന് വിശദീകരിക്കപ്പെടുന്നു.

**ഉള്ളടക്കത്തിലെ വൈരുദ്ധ്യവും ഒത്തുപോകാത്ത സെൻസസ് കഥയും.**

യേശുവിന്റെ ജനന കാലത്തെ പോലെ തന്നെ ജനനസ്ഥലത്തെ പറ്റിയുള്ള വിവരണങ്ങളും സന്നിഗ്ദതകളും സംശയങ്ങളും പരസ്പര വൈരുദ്ധ്യവും നിറഞ്ഞതാണ് ഗർഭിണിയായ പ്രതിശുത വധു മറിയമിനേയും കൊണ്ട് ഭർത്താവ് ജോസഫ് (അപ്പോൾ ഭർത്താവായിട്ടില്ല) ഗലീലിയായിലെ നസറേത്തിൽനിന്നും യൂദായിലെ ബെത്‌ലെഹേമിലേക്ക് പോയി എന്നാണ് ബൈബിൾ വിവരണം. യേശുവിനെ ഗർഭം ധരിച്ച കാലത്ത് അത്തര

ത്തിൽ ഒരു സെൻസസ് നടന്നതായി യാതൊരു ചരിത്രരേഖയുമില്ല. സെൻസസ് നടന്നത് യേശുവിന്റെ ജനനത്തിന്ന് ശേഷമാണ് താനും. മാത്രമല്ല. ബൈബിളിൽ യേശുവിന്റെ ജനനത്തെ സംബന്ധിച്ച് ലൂക്കോസും മത്തായിയും മാത്രമേ പരാമർശിക്കുന്നുള്ളൂ. മത്തായിയുടെ വിവരണം നോക്കാം.

'അങ്ങനെ ഹെരോദേസ് രാജാവിന്റെ കാലത്ത് യൂദായിലെ ബെത്‌ലഹേമിൽ യേശു ജനിച്ചപ്പോൾ കിഴക്കുനിന്നുള്ള ജ്ഞാനികൾ ജെറുസലേമിൽ വന്നുചോദിച്ചു.'യഹൂദരുടെ രാജാവായി ജനിച്ചവൻ എവിടെ?. ഞങ്ങൾ, കിഴക്ക് അവന്റെ നക്ഷത്രം കണ്ടു. അവനെ ആരാധിക്കാൻ വന്നിരിക്കുന്നു'. ഇത്കേട്ട് ഹെരോദോ രാജാവും ഒപ്പം ജെറുസലേം മുഴുവനും പരിഭ്രമിച്ചു. രാജാവ് മുഖ്യപുരോഹിതനേയും ജനങ്ങളിലെ വേദജ്ഞരേയും വിളിച്ചുകൂട്ടി ക്രിസ്തു എവിടെയാണ് ജനിക്കുക എന്ന് അവരോട് അന്വേഷിച്ചു. അവർ പറഞ്ഞു: 'യൂദായിലെ ബത്‌ലെഹേമിൽ. കാരണം പ്രവാചന്മാർ ഇങ്ങനെ എഴുതിയിരിക്കുന്നു. 'അല്ലയോ യഹൂദ ദേശമേ ബെത്‌ലഹേമേ, നീ യഹൂദ പ്രഭുക്കളിൽ ഒന്നുകൊണ്ടും ചെറുതല്ല. കാരണം എന്റെ ജനമായ ഇസ്‌റായേലിനെ മേയ്ക്കാനുള്ള പ്രഭു നിന്നിൽ നിന്നും വരും.'

പിന്നീട് ഹെരോദോ ആ ജ്ഞാനികളെ രഹസ്യമായി വിളിച്ചു. നക്ഷത്രം പ്രത്യക്ഷപ്പെട്ട സമയം കൃത്യമായി ചോദിച്ചറിഞ്ഞു. 'നിങ്ങൾ പോയി ശുഷ്ക്കാന്തിയോടെ ശിശുവിനെ അന്വേഷിക്കുക. ശിശുവിനെ കണ്ടെത്തിയാൽ വിവരം എന്നെയും അറിയിക്കുക്കണം. എനിക്ക് വന്ന് ശിശുവിനെ ആരാധിക്കാമല്ലോ എന്ന് പറഞ്ഞ് അവരെ ബത്‌ലഹേമിലേക്ക് യാത്രയാക്കി. രാജാവ് പറഞ്ഞത് കേട്ട് അവർ യാത്ര തുടർന്നു. അപ്പോൾ അതാ, അവർ കിഴക്കു കണ്ട നക്ഷത്രം! ശിശു കിടക്കുന്ന സ്ഥലത്തിന്നു മുകളിൽ ചെന്നു നിൽക്കുവോളം അത് അവരുടെ മുമ്പേ സഞ്ചരിച്ചു. നക്ഷത്രം കണ്ടപ്പോൾ അവരുടെ ആനന്ദത്തിന്ന് അതിരില്ലായിരുന്നു. വീടിന്നുള്ളിൽ കടന്നു ചെന്ന് അമ്മയായ മറിയമിന്റെ കൂടെയുണ്ടായിരുന്ന ശിശുവിനെ കണ്ട് അവർ സാഷ്ടാംഗം വീണ് ആരാധിച്ചു. നിക്ഷേപ പാത്രങ്ങൾ തുറന്ന് പൊന്നും കുന്തുരുക്കവും മീരായും എടുത്ത് അവർ ശിശുവിന് കാഴ്ച്ചവെക്കുകയും ചെയ്തു. ഹെരോദോസിന്റെ അടുത്തേക്ക് മടങ്ങിപ്പോകരുതെന്ന് സ്വപ്നത്തിൽ മുന്നറിയിപ്പ് ലഭിച്ചിരുന്നതിനാൽ മറ്റൊരു മാർഗ്ഗത്തിലൂടെയാണ് അവർ സ്വദേശത്തേക്ക് മടങ്ങിയത്. അവർ പോയിക്കഴിഞ്ഞ് കർത്താവിന്റെ മാലാഖ സ്വപ്നത്തിൽ യോസേഫിന് പ്രത്യക്ഷപ്പെട്ട് പറഞ്ഞു: 'എഴുന്നേൽക്കുക ശിശുവിനേയും അമ്മയേയും കൊണ്ട് ഈജിപ്തിലേക്ക് ഓടിപ്പോവുക. ഞാൻ പറയുംവരെക്കും, കാരണം ഈ ശിശുവിനെ നശിപ്പിക്കാൻ ഹെരോദോസ് ഉടനെ അന്വേഷണം ആരംഭിക്കും. യോസേഫ് എഴുന്നേറ്റു ആ രാത്രിയിൽ തന്നെ ശിശുവിനേയും അമ്മയേയും കൊണ്ട് ഈജിപ്തിലേക്ക് യാത്രതിരിച്ചു. ഹെരോദോസിന്റെ മരണംവരെ അവിടെ താമസിക്കുകയും ചെയ്തു.' *(മത്തായി 2: 1–15)*

ലൂക്കോസിന്റെ വിവരണം നോക്കൂ:

'അക്കാലത്ത് ലോകത്തെങ്ങും ആളുകൾ ജനസംഖ്യാ കണക്കിൽ പേരെഴുതിക്കണമെന്ന് അഗസ്തസ് സീസറിന്ന് കൽപ്പന പുറപ്പെടുവിച്ചു. കുറേന്യാസ്, സിറിയയിലെ ദേശാധികാരിയായിരിക്കുമ്പോഴാണ് ഒന്നാമത്തെ ഈ പേരെഴുത്ത് നടന്നത്. എല്ലാവരും സ്വനഗരത്തിൽ പേരെഴുതിക്കാൻ പോയി. യോസേഫും ഗലീലിയയിലെ നഗരമായ നസറേത്തിൽ നിന്നും യുദായിലെ ബെത്‌ലെഹേം എന്ന് പേരുള്ള ദാവീദിന്റെ നഗരത്തിലേക്ക് ഗർഭിണിയായ പ്രതിശ്രുത വധു മറിയമിനോട് കൂടി പേരെഴുതിക്കാൻ പോയി. കാരണം അയാൾ ദാവീദിന്റെ ഭവനത്തിലും വംശത്തിലും പെട്ടവനായിരുന്നു. അവിടെ വെച്ച് അവൾക്കു പ്രസവസമയമായി അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു. ശിശുവിനെ ശീലകളിൽ പൊതിഞ്ഞു. ഒരു പുൽതൊട്ടിയിൽ കിടത്തി. സത്രത്തിൽ അവർക്ക് സ്ഥലം കിട്ടിയിരുന്നില്ല. ' *(ലൂക്കോസ് 2: 1–7)*

യേശുവിന്റെ ജനനനത്തെ സംബന്ധിച്ച് മത്തായിയും ലൂക്കോസും നൽകിയ രണ്ട് വിവരണങ്ങളിലും ഉള്ളടക്കത്തിൽ വ്യക്തമായ വ്യത്യാസങ്ങളും പരസ്പര വൈരുദ്ധ്യങ്ങളുമുണ്ട്. മത്തായിയുടെ വിവരണത്തിൽ ശിശുവായ യേശുവിനെ കൊല്ലാൻ ഹെരോദോ രാജാവ് ബത്‌ലഹേമിൽ ആളെ അയക്കുമെന്നും അതിനാൽ ഈജിപ്തിലേക്ക് ഓടിപ്പോവണമെന്നുമുള്ള പരാമർശമുണ്ട്. ബെത്‌ലഹേം യാത്ര നടത്തിയതിന്റെ കാരണം തലവരിചേർക്കാനാണ് എന്ന ലൂക്കോസിലെ പരാമർശവും മത്തായിയിലില്ല. യേശുവിന്റെ ജനനത്തെ സംബന്ധിച്ച് മത്തായിയുടെ സുവിശേഷത്തിൽ മാലാഖ സംഭാഷണം നടത്തുന്നത് ജോസഫിനോടാണ്. എന്നാൽ ലൂക്കോസിന്റെ സുവിശേഷത്തിൽ മാലാഖ എല്ലാ കാര്യങ്ങളും സംവദിക്കുന്നത് യേശുവിന്റെ വന്ദ്യമാതാവ് മറിയയുമായിട്ടാണ്. അത്പോലെ മറ്റൊരു പ്രകടമായ വൈരുദ്ധ്യം കുറേന്യസിനെയും ഹെരോദോയെ സംബന്ധിച്ച കാലഗണനയിലെ പൊരുത്തക്കേടാണ്.

### ഹെരോദോയും കുറേന്യാസും: കാലക്രമത്തിലെ പൊരുത്തക്കേട്

യേശുവിന്റെ ജനന സമയം ഹെരോദോ, കുറേന്യാസ് എന്നീ രണ്ട് രാജാക്കന്മാരുടെ ഭരണകാലവുമായി ബന്ധപ്പെടുത്തിയാണ് മത്തായിയും

ലൂക്കോസും വിവരിക്കുന്നത്. ഈ രണ്ട് ഭരണാധികാരികളുടെയും ഭരണകാലം വ്യക്തമായും വ്യത്യസ്തമാണ്. യേശു ജനിക്കുന്ന സമയത്ത് ഫലസ്തീൻ റോമിന്റെ കീഴിലെ ഒരു ഭരണ പ്രദേശമായിരുന്നു. റോമാ ചക്രവർത്തിയായ അഗസ്തസ് സീസറായിന്നു അന്നത്തെ റോമൻ ചക്രവർത്തി. റോമിന്റെ കീഴിൽ ജൂദിയ ഭരിച്ചിരുന്ന റോമൻ സാമന്തരാജാവായിരുന്നു (Client Kings) ഹെരോദോ (Herod ക്രി. മു 73 ക്രി. മു 4). ഹെരോദയുടെ ഭരണകാലം ക്രി.മു 37 മുതൽ ക്രി മു 4 വരെയാണ്. അദ്ദേഹത്തിന്റെ ഭരണകാലത്താണ് യേശു ജനിച്ചത് എന്നാണ് മത്തായിയുടെ സുവിശേഷം പറയുന്നത്. അത്തന്നെ യേശുവിന്റെ ജനനത്തിന്ന് 4 വർഷം മുമ്പാണ് ഹെരോദോ മരിച്ചതായി ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ലൂക്കോസ് പറയുന്നത് മറ്റൊരു കഥയാണ്. സിറിയയിലെ ഗവർണർ കുറേന്യാസിന്റെ അഥവാ പബ്ലിയസ് സൾപിഷിയസ് കുറേന്യാസ് (Publius Sulpicius Quirinius – ബി.സി 51 ക്രി.വ 21) ന്റെ കാലത്ത് സെൻസസിൽ പേരു ചേർക്കാൻ വേണ്ടി ജോസഫും പൂർണ്ണ ഗർഭിണിയായ പ്രതിശ്രുത വധു മറിയമും കൂടി നസറേത്തിൽ നിന്നും ബെത്‌ലഹേമിൽ എത്തിയപ്പോഴാണ് യേശുവിന്റെ ജനനം സംഭവിച്ചത് എന്നാണ്. ഈ രണ്ട് പ്രസ്താവനകളും ചരിത്ര വസ്തുതകൾക്ക് നിരക്കുന്നതല്ല.

റോമാ സാമ്രാജ്യവുമായി വളരെ നയത്തിൽ കഴിഞ്ഞിരുന്ന ഹെറോദോ 32 വർഷം (ബി സി 37–4) ഭരണം നടത്തി ക്രി.മു 4 ലാണ് മരിക്കുന്നത്. ഹെരോദോവിന്റെ മരണ ശേഷം റോമൻ ആശ്രിതത്വത്തിലുള്ള അദ്ദേഹത്തിന്റെ രാജ്യം മൂന്ന് സന്താനങ്ങൾക്ക് വിഭജിച്ചു നൽകി. ഹെറോദോ ആർക്കിലോസിന്ന് (Herod Arche-laus) ജൂദിയായും ഈദൂമിയയും, വിജാതീയർ താമസിക്കുന്ന സമരിയായും ഉൾപ്പെടെയുള്ള പ്രദേശം. ഹെരോദോ അന്തിപ്പാസിന്ന് (Herod Antip-as) ഗലീലിയും പെരായിയയും. ഹെരോദോ ഫിപിപ്പിന്ന് (Herod Philip) ഇതൂരിയായും ഗലീലി തടാകത്തിന്ന് വടക്ക് പടിഞ്ഞാറ് ഭാഗത്തുള്ള ട്രക്കോനിറ്റ്സും നൽകി. ക്രി. വ 6 ൽ അഗസ്റ്റസ് ചക്രവർത്തിയുടെ അപ്രീതിക്ക് പാത്രമായി ഹെറോദോ ആർക്കിലോസിനെ തൽസ്ഥാനത്ത് നിന്നും മാറ്റുകയുണ്ടായി. അദ്ദേഹത്തിന്റെ ഭരണപരിധിയിലുണ്ടായിരുന്ന ജൂദിയ, ഈദുമിയ, സമരിയ എന്നീ വിടങ്ങൾ അടങ്ങിയ ഭൂഭാഗത്തിന്ന് സാമന്തരാജ്യം (Client Kingdom) എന്ന പദവി മാറ്റി സാമ്രാജ്യ പ്രവിശ്യ (Imperial Province) എന്നാക്കി മാറ്റുകയും പബ്ലിയസ് സൾപിഷ്യസ് കുറേന്യാസിനെ (Publius Sulpiciusd Quirinius) ക്രി വ 6 ന് റോമിന്റെ പ്രോവിൻസായി പുതുതായി കൂട്ടി ചേർക്കപ്പെട്ട പ്രവിശ്യയിലെ ഗവർണ്ണർ (Legatus) ആയി നിയമിക്കുകയും ചെയ്തു എന്ന് ഒന്നാം നൂറ്റാണ്ടിലെ ആധികാരിക യഹൂദ ചരിത്രകാരനായ ഫ്‌ളേവിയസ് ജോസഫസ് രേഖപ്പെടുത്തുന്നു. ഈ കുറേന്യാസിന്റെ ഭരണകാലത്താണ് യേശുവിന്റെ ജനന സമയത്തുണ്ടായ സെൻസസ് നടന്നതെന്ന് ബൈബിളിൽ ലൂക്കോസ് പറയുന്നത്. അത്വരെ അവിടെ സെൻസസ് നടന്നിട്ടില്ല. ക്രിസ്തു ജനിക്കുന്നതിന്ന് 4 വർഷം മുമ്പ് മരിച്ചു പോയി എന്ന് ചരിത്രത്തിൽ രേഖപ്പെടുത്തിയ ഹെരോദോവിന്റെ കാലത്താണ് യേശു ജനിച്ചതെന്ന് മത്തായിയും ക്രിസ്തുവിന്ന് ശേഷം 6–ാം വർഷം നടന്ന സെൻസസ് വേളയിലാണ് യേശു ജനിച്ചതെന്ന് ലൂക്കോസും പറയുമ്പോൾ യേശുവിന്റെ ജനന തിയതിയും ഒരു പ്രഹേളികയായി മാറുന്നു.

മറ്റൊരു വൈരുദ്ധ്യം ലൂക്കോസ് തന്നെ യേശു ജനിച്ചത് ഹെരോദയുടെ കാലത്താണ് എന്ന് പറയുന്നുണ്ട്. അതായത് സെഖര്യായുടെ ഭാര്യയും മറിയയുടെ മച്ചൂനത്തിയുമായ എലിസബത്ത് വാർദ്ധകൃത്തിൽ യോഹന്നാൻ സ്നാപകനെ ഗർഭം ധരിക്കുന്നത് ഹെരോദയുടെ കാലത്താണെന്നും ഗർഭധാരണം നടന്ന് 6–ാം മാസം കന്യാമറിയത്തിന് മാലാഖ വന്ന് യേശുവിന്റെ ഗർഭധാരണത്തെ കുറിച്ചുള്ള സുവിശേഷമറിയിച്ചത് എന്നുമുള്ള ബൈബിൾ വചനങ്ങൾ നോക്കൂ: .

യൂദാ രാജാവായ ഹെരോദോവിന്റെ കാലത്ത് അബിയായുടെ ഗണത്തിൽ സെഖര്യാ എന്നു പേരായ ഒരു പുരോഹിതൻ ഉണ്ടായിരുന്നു. അഹരോന്റെ പുത്രിമാരിൽ ഒരുവളായിരുന്നു അയാളുടെ ഭാര്യ. അവളുടെ പേര് എലിസബെത്ത്...... (മറിയയോട് മാലാഖ പറഞ്ഞു). ഇതാ നിന്റെ ചാർച്ചക്കാരിയായ എലിസബെത്തും വാർധകൃത്തിൽ ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യയെന്ന് വിളിക്കപ്പെട്ടിരിക്കുന്ന അവൾക്ക് ഇത് ആറാം മാസമാണ്. ദൈവത്തിന്ന് അസാദ്ധ്യമായി ഒന്നുമില്ല. മറിയം പറഞ്ഞു: ഇതാ ഞാൻ കർത്താവിന്റെ ദാസി. നീ പറഞ്ഞത് പോലെ എനിക്കു സംഭവിക്കട്ടെ. *(ലൂക്കോസ് 1:5, 1:36–38)*

ചുരുക്കത്തിൽ യേശുവിന്റെ ജനനത്തെ കുറിച്ചുള ബൈബിൾ കഥകളിൽ പ്രത്യക്ഷത്തിൽ തന്നെ വൈരുദ്ധ്യങ്ങൾ നിലനിൽക്കുന്നു. യേശുവിന്റെ ജനനദിവസമായ ക്രിസ്മസ് ദിവസവും ആഘോഷങ്ങളും റോമൻ പ്രാകൃത മതാചാരങ്ങളിൽ നിന്നും ക്രിസ്തു മതം സ്വാംശീകരിച്ച ആചാരങ്ങളാണ്. റോമക്കാർക്ക് പരിചിതമായ സൂര്യദേവന്റ ദിവസമായി ആഘോഷിക്കുന്ന ഒരു ഉത്സവമാണ് ക്രിസ്മസ് ദിനം. യേശുവിന്റെ ജനനവുമായി ആ ദിവസത്തിന്ന് യാതൊരു ബന്ധമില്ല. അതുപോലെ യേശു ജനിച്ച സ്ഥലവും സംശയത്തിലാണ്.

# സാംബിയയിലെ അഹ്മദിയ്യാ മുന്നേറ്റങ്ങൾ

ആഫ്രിക്കയിലുടനീളം അഹ്മദിയ്യാ പ്രചാരണം ഊർജ്ജസ്വലമായി നടക്കുകയാണ്. ക്രിസ്ത്യാനികളും അനഹ്മദീ മുസ്‌ലിംകളും കൂട്ടം കൂട്ടമായി യഥാർത്ഥ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളിൽ ആകൃഷ്ടരായി അഹ്മദിയ്യാ ജമാഅത്തിൽ അണിചേർന്നു കൊണ്ടിരിക്കുകയാണ്. തെക്കൻ ആഫ്രിക്കയിൽ സാംബിയയുടെ തലസ്ഥാനമായ ലുസാക്കയിൽ നിന്നും 400 കി . മീ. കിഴക്കുള്ള  പെട്ടോക്കി ജില്ലയിലെ പട്ടണത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനങ്ങളെ പറ്റി അവിടത്തെ മിഷണറി വിശദീകരിക്കുന്നു.

## ബിലാൽ അഹ്മദ്, പെട്ടോക്ക്, സാംബിയ

2000ൽ ലുസാക്കയിലെ അഹ്മദിയ മുസ്‌ലിം മിഷൻ ഹൗസിന്റെ വാതിലിൽ ആരോ മുട്ടുന്ന ഒരു ശബ്ദം കേട്ടു. സത്യാന്വേഷിയായ ഒരു മതാദ്ധ്യാപകന്റെ താഴ്മയുടെയും വിനയത്തിന്റെയും ആരായലായിരുന്നു ആ മട്ടൽ. സത്യാന്വേഷണത്തിനുള്ള അദമ്യമായ ആഗ്രഹവും നിശ്ചയദാർഢ്യവും നിറഞ്ഞ പെട്ടോക്ക് ജില്ലയിൽ നിന്നുള്ള സുന്നി മുസ്‌ലിംകളുടെ കീഴിൽ സേവനമനുഷ്ഠിച്ചിരുന്ന മെഹബൂബ് എന്ന ഒരു മുഅല്ലിം (മതാദ്ധ്യാപകൻ) ആയിരുന്നു ആ അന്വേഷകൻ. സത്യാന്വേഷണകുതുകിയും സമാധാന കാംക്ഷിയുമായ നിശ്ചയദാർഢ്യമുള്ള ഊർജ്ജസ്വലനായ ഒരാളായിരുന്നു മഹ്ബൂബ്. അഹ്മദിയ്യാ മുസ്‌ലിം മിഷന്റെ വാതായനപ്പടിയിൽ നിന്നും അദ്ദേഹത്തിന് ലഭിച്ചതും അതുതന്നെയായിരുന്നു. അഹ്മദിയ്യാ മിഷനുമായുള്ള കൂടിക്കാഴ്ച അദ്ദേഹത്തിന്റെയും പെട്ടോക്ക് പട്ടണത്തിന്റെയും അവിസ്മരണീയമായ പരിവർത്തനത്തെ അടയാളപ്പെടുത്തി.

സത്യത്തോടുള്ള മെഹബൂബിന്റെ തുറന്ന മനസ്സിന് മിഷനറി ഇൻ ചാർജ് ഊഷ്മളമായ സ്വാഗതമരുളുകയുണ്ടായി. മിഷൻ ഹൗസിന്റെ ചുമതലയുള്ള മിഷനറി പെട്ടോക്ക്  ജില്ലയിലേക്ക് ഒരു പ്രത്യേക സന്ദർശന ദൗത്യത്തിനായി പദ്ധതിയിട്ടു. സാംബിയയിലെ മറ്റേതൊരു ഭാഗത്തെയും പോലെ അഹ്ദി ജനസംഖ്യയേക്കാൾ സുന്നി മുസ്‌ലിം ജനസംഖ്യ വളരെ കൂടുതലുള്ള സ്ഥലമാണിത്. പാത വളരെ ദുർഘടമായിരുന്നു. അത്ര എളുപ്പമായിരുന്നില്ല. സുന്നി മുസ്‌ലിംകളിൽ പലരും ഗുജറാത്തി വംശജരാണ്.  അവരുടെ തഴച്ചു വളർന്ന ബിസിനസ്സുകളും പട്ടണത്തിൽ അവർക്ക് ഗണ്യമായ സ്വാധീനവും ഉള്ളതിനാൽ, അവരുടെ പട്ടണത്തിൽ അഹ്മദിയാ മുസ്‌ലിം സമുദായത്തിന്റെ വരവിൽ അവർ സന്തുഷ്ടരായിരുന്നില്ല. ഇത് അവരുടെ സമാധാനത്തെ അസ്വസ്ഥമാക്കുകയും പെറ്റോക്കിലെ അഹ്മദിയ്യാ മുസ്‌ലിം ജമാത്തിനെ ഇല്ലാതാക്കാൻ അവർ തീരുമാനിക്കുകയും ചെയ്തു.  തങ്ങളുടെ കീഴിലുള്ള തൊഴിലാളികളെ നിർബന്ധിതമായി സുന്നി ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യിക്കാനുള്ള അവിടുത്തെ മുസ്‌ലിംകളുടെ അദമ്യമായ ആഗ്രഹത്തിൽ, അവരെ തങ്ങളുടെ നിയന്ത്രണത്തിലാക്കാനും ക്രിസ്തുമതത്തിലേക്കുള്ള അവരുടെ മതപരിവർത്തനത്തെ തടയാനും വേണ്ടി അവർ കഠിനമായ ശ്രമങ്ങളിലായിരുന്നു ഏർപ്പെട്ടത്. അത്തരം പ്രയത്നങ്ങൾക്കിടയിലും അഹ്മദിയ്യത്തിന്റെ വിത്തുകൾ പെറ്റോക്കിൽ വേരൂന്നാൻ തുടങ്ങി.

ത്വാഹിർ ചൗധരി സാഹിബ് ഉൾപ്പെടെയുള്ള മിഷനറിമാർ വളരെയധികം ബുദ്ധിമുട്ടുകൾ സഹിച്ചു. ഒരു അവസരത്തിൽ, സുന്നികളുടെ സ്വാധീനത്തിൽ, ഒരു പ്രദേശവാസി ചൗധരി സാഹിബിന്റെ പെട്ടോക്കിലേക്കുള്ള ഗ്രാമ സന്ദർശന വേളയിൽ വിഷം നൽകാൻ പോലും ശ്രമിച്ചു. സുന്നികളുമായുള്ള ചർച്ചയിൽ സാംബിയയിലെ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രസിഡന്റും മിഷനറി ഇൻചാർജുമായ മുഹമ്മദ് ജാവേദ് സാഹിബിന് വധഭീഷണി അടക്കം അക്രമ ഭീഷണികൾ ഉണ്ടായിരുന്നു. ഈ പരീക്ഷണങ്ങളെല്ലാം ഒരു കൊടുങ്കാറ്റ് പോലെ ഉയർന്നുവന്നെങ്കിലും അഹ്മദിയ്യാ ജമാഅത്തിന്റെ സമാധാനത്തിന്റെയും സത്യത്തിന്റെയും സന്ദേശം വ്യാപിക്കുകയും പതുക്കെ പെട്ടോക്കിലെ ചെറുതും നിശ്ചയദാർഢ്യമുള്ളതുമായ ഒരു കൂട്ടം ആളുകൾ  അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലൂടെ ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശം  സ്വീകരിക്കുകയും ചെയ്തു.

2024 ലെത്തുമ്പോൾ, പെട്ടോക്കിലെ അഹ്മദീയാ മുസ്‌ലിം മിഷന്റെ പരിവർത്തനം അത്ഭുതകരമാണ്. ഒരിക്കൽ വിരലിലെണ്ണാവുന്ന വിശ്വാസികളായി ആരംഭിച്ച ജമാഅത്ത് ഇപ്പോൾ ഒരു സമൂഹമായി തഴച്ചുവളർന്നിരിക്കുന്നു.  പെട്ടോക്കിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് 14 കേന്ദ്രങ്ങളും ചുറ്റുമുള്ള ഗ്രാമങ്ങളിൽ വ്യാപിച്ചുകിടക്കുന്ന 10-ലധികം പള്ളികളും പിന്നീട് മികച്ച സെക്കൻഡറി സ്കൂളും (അഹ്മദിയ്യാ മുസ്ലിം സെക്കൻഡറി സ്കൂൾ) സ്ഥാപിച്ചു കഴിഞ്ഞു.

അത് വിദ്യാഭ്യാസത്തിന്റെയും വിശ്വാസത്തിന്റെയും ദീപസ്തംഭമായി നിലകൊള്ളുന്നു. സർവ്വശക്തനായ ദൈവത്തിന്റെ കൃപയാൽ ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശം പ്രചരിപ്പിക്കുന്നതിനുള്ള സമർപ്പിതമായ പ്രവർത്തനത്താൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നന്നായി ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നു. ദൈവകൃപ ഇല്ലായിരുന്നെങ്കിൽ വെല്ലുവിളികൾക്കും പ്രതിസന്ധികൾക്കുമിടയിൽ സുഗമമായ രീതിയിൽ ജമാഅത്തിന്റെ വളർച്ച ഒരിക്കലും സാദ്ധ്യമാകുകയില്ലായിരുന്നു.

സുന്നി മുസ്‌ലിംകൾ ഇപ്പോഴും ഈ പ്രദേശത്തെ ജനസംഖ്യയുടെ ഭൂരിപക്ഷമാണെങ്കിലും, അഹ്മദിയ്യാ ജമാഅത്തിനു ലഭിച്ചുകൊണ്ടിരിക്കുന്ന ബഹുമാനവും അന്തസ്സും വിവരാണാതീതമാണ്. കൂടാതെ, ക്രിസ്ത്യൻ നേതാക്കൾ പോലും സമാധാനത്തിന്റെയും ഐക്യത്തിന്റെയും സന്ദേശം പ്രചരിപ്പിക്കുന്നതിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനങ്ങളെയും ശ്രമങ്ങളെയും പ്രശംസിക്കുകയാണ്. ഈ പ്രദേശത്തെ ക്രിസ്ത്യൻ മെത്രാന്മാരും പുരോഹിതരും സ്ത്രീ പുരുഷന്മാരും മറ്റ് സാധാരണക്കാരും അവരുടെ ഭൗതികവും ആത്മീയവുമായ വീക്ഷണത്തിൽ യഥാർത്ഥ ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യുന്ന അഹ്മദിയ്യത്തിന്റെ പ്രവർത്തനങ്ങളെ വീക്ഷിച്ചുകൊണ്ടിരിക്കയാണ്.

### വിടവുകളിലെ പാലങ്ങൾ: ബാപ്റ്റിസ്റ്റ് ബിഷപ്പുമായുള്ള കൂടിക്കാഴ്ച

2024 ഒക്ടോബറിൽ ഇസ്‌ലാമിനെ ശക്തമായി വിമർശിച്ചുകൊണ്ടിരുന്ന ബിഷപ്പ് കലിറ്റോയുമായി ബന്ധപ്പെട്ട് ശ്രദ്ധേയമായ ഒരു സംഭവം നടന്നു. പെട്ടോക്കിലെ ബാപ്റ്റിസ്റ്റ് സഭയുടെ തലവൻ എന്ന നിലയിൽ, ഇസ്‌ലാമിനെ




Baptist Bethal Church Conference, Tasala Area, Petauke

ക്കുറിച്ച്, പ്രത്യേകിച്ച് ഇസ്‌ലാം യേശു ക്രിസ്തുവിനെയോ ക്രിസ്ത്യൻ വിശ്വാസത്തെയോ ബഹുമാനിക്കുന്നില്ല തുടങ്ങി നിരവധി തെറ്റിദ്ധാരണകൾ ബിഷപ്പിന് ഉണ്ടായിരുന്നു. അഹ്മദിയ മുസ്‌ലിം ജമാഅത്തുമായി ആശയവിനിമയം നടത്തിയ ഉടൻ തന്നെ അദ്ദേഹത്തിന്റെ തെറ്റിദ്ധാരണയും നിഷേധാത്മക ധാരണയും അപ്രത്യക്ഷമായി.

'ഇസ്‌ലാമും ക്രിസ്തുമതവും തമ്മിലുള്ള സമാനതകൾ' എന്ന വിഷയത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഒരു റേഡിയോ പരിപാടി സംഘടിപ്പിച്ചതിന് ശേഷമാണ് ശ്രദ്ധേയമായ ഈ മാറ്റം സംജാതമായത്. ഈ റേഡിയോ പരിപാടി ഒരുപാട് മനുഷ്യരുടെ ആത്മാക്കളെ സ്പർശിക്കുകയും വളരെ സ്വാധീനം ചെലുത്തുകയുമുണ്ടായി. മി. ജോസഫ് എന്ന പേരുള്ള ഒരു ബാപ്റ്റിസ്റ്റ് പാസ്റ്റർ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് അന്വേഷിച്ച് കൊണ്ട് ഒരു ഫോൺ കോൾ ചെയ്യുകയുണ്ടായി. അഹ്മദിയ്യാ ജമാഅത്ത് ഇസ്‌ലാമിനെപ്പറ്റി നൽകിയ സമാധാന സന്ദേശത്തെ അദ്ദേഹം പ്രശംസിച്ചു. പരിപാടിയിൽ ആകൃഷ്ടനായ പാസ്റ്റർ, 37 ബാപ്റ്റിസ്റ്റ് ശാഖകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്ന ഒരു ബാപ്റ്റിസ്റ്റ് കോൺഫറൻസിൽ പങ്കെടുക്കാൻ അഹ്ദിയ്യാ ജമാഅത്തിനെ ക്ഷണിക്കുകയും ചെയ്തു. അവിടെ, അഹ്മദിയ്യാ മുസ്‌ലിം മിഷനറിമാർ സ്നേഹം, ഐക്യം, സാഹോദര്യം എന്ന ഇസ്‌ലാമിന്റെ അത്യാകർഷകമായ സന്ദേശം നൽകുകയുണ്ടായി.

പ്രസംഗം ശ്രദ്ധാപൂർവ്വം കേട്ട പാസ്റ്റർ ജോസഫ് സന്ദേശത്തിൽ വളരെയധികം ആവേശഭരിതനാവുകയുണ്ടായി. പിന്നീട് താൻ ഇസ്‌ലാമിന്റെ അഭിമാനിയായ ശത്രുവാണെന്ന് അദ്ദേഹം സ്നേഹപൂർവ്വം പ്രസ്താവിക്കുകയുണ്ടായി. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ നിന്നുള്ള സന്ദേശം ഇസ്‌ലാമിനെക്കുറിച്ചുള്ള എല്ലാ തെറ്റിദ്ധാരണകളും വിരോധവും പെട്ടെന്ന് അവരിൽ നിന്നും ഇല്ലാതാക്കി. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് യേശുവിനും മാതാവ് മറിയത്തിനും നൽകുന്ന ബഹുമാനം മനസ്സിലാക്കിയതിൽ അദ്ദേഹം അതിയായി സന്തോഷിച്ചു. രണ്ട് മതങ്ങളും തമ്മിൽ നിലനിൽക്കുന്ന




Ahmadiyya Muslim Secondary School

പരസ്പര ബഹുമാനത്തിന് അദ്ദേഹം നന്ദി അറിയിക്കുകയും ചെയ്തു.

പരിപാടി അവസാനിക്കുമ്പോഴേക്കും ബിഷപ്പ് കലിറ്റോ ഒരു മാറിയ മനുഷ്യനായിരുന്നു, അദ്ദേഹം ഉടൻ തന്നെ തന്റെ നേതൃത്വത്തിൽ രണ്ട് പള്ളി ശാഖകളിൽ കൂടി സംസാരിക്കാൻ ക്ഷണിക്കുകയുണ്ടായി. സുന്നി മുസ്ലിം സമൂഹം ഇസ്ലാമിനെ ചിത്രീകരിക്കുന്നത് വളരെ തെറ്റിദ്ധാരണകൾ സൃഷ്ടിക്കാൻ കാരണമായതായി അദ്ദേഹം പറഞ്ഞു. തങ്ങളുടെ വിശ്വാസികളുടെ നിയന്ത്രണം കൈയ്യേൽക്കാൻ മതത്തെ ഒരു ഉപകരണമായി ഉപയോഗിക്കുന്ന വ്യക്തികളെ അദ്ദേഹം ശക്തമായി അപലപിച്ചു. എല്ലാ മനുഷ്യവർഗത്തോടുമുള്ള സമാധാനത്തിന്റെയും ബഹുമാനത്തിന്റെയും മതമായി ഇസ്ലാമിനെ അതിന്റെ യഥാർത്ഥ വെളിച്ചത്തിൽ അവതരിപ്പിക്കുന്നതിൽ അദ്ദേഹം അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനെ അഭിനന്ദിച്ചു.

ബിഷപ്പിന്റെ ഹൃദയമാറ്റം സത്യത്തിന്റെ ശക്തിയുടെ വ്യക്തമായ പ്രവർത്തനവും പെട്ടോക്കിലെ അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യവുമാണ്. ക്രിസ്ത്യൻ, ഇസ്ലാം എന്നീ രണ്ട് മതങ്ങളിൽ നിന്നുള്ള കൂടുതൽ ആളുകൾ അഹ്മദിയ്യാ മുസ്ലിംകളെ ഇസ്ലാമിലെ ഒരു ഗ്രൂപ്പായി മാത്രമല്ല ഇസ്ലാം മതത്തെ അതിന്റെ ശുദ്ധമായ രൂപത്തിൽ പ്രതിനിധാനം ചെയ്യുന്നവരാണ് എന്ന് ഇരുമതസ്ഥരിലുമുള്ള ഏറെകുറെ ആളുകൾക്ക് ബോദ്ധ്യമായി.

**ദൈവികമായ മാർഗ്ഗദർശനവും ഭാവിയും**

പിന്തിരിഞ്ഞുനോക്കുമ്പോൾ, പെട്ടോക്കിലെ അഹ്മദിയ്യാ ജമാഅത്തിന്റെ വളർച്ച നമ്മെ ഓർമ്മിപ്പിക്കുന്നത് കഷ്ടപ്പാടുകളുടെയും ത്യാഗത്തിന്റെയും ചരിത്രമാണ്. സത്യത്തിന്റെ വിജയം വെല്ലുവിളികൾ നിറഞ്ഞതാണ്. ദൈവത്തിന്റെ പ്രവാചകന്മാരും അവരുടെ കൂട്ടാളികളും പീഢനം നേരിട്ട അതേ രീതിയിൽ ആദ്യകാല അഹ്മദിയ്യാ മിഷനറിമാരും എതിർപ്പുകളും പീഡനങ്ങളും ഒടുവിൽ വിജയങ്ങളും നേടുന്നു. ഖുർആൻ നമ്മെ ഓർമ്മിപ്പിക്കുന്നത് പോലെ:

'സത്യം വന്നു, അസത്യം അപ്രത്യക്ഷമായി' (സൂറഃ ബനി ഇസ്റാഈൽ.17:82)

ഇന്ന്, ഇസ്ലാമിലെ സമാധാനത്തിന്റെ അദ്ധ്യാപനങ്ങൾ മുഴുവൻ സമൂഹത്തിലെയും ജനങ്ങളുടെ ഹൃദയവും മനസ്സും എങ്ങനെ പരിവർത്തനം ചെയ്തുവെന്നതിന്റെ ജീവിക്കുന്ന ഉദാഹരണമായും പ്രതീക്ഷയുടെ സ്തംഭമായും പെട്ടോക്കിലെ ജമാഅത്ത് നിലകൊള്ളുന്നു. സാംബിയയിലും അതിനപ്പുറം ആഫ്രിക്കയിൽ മുഴുവനും സ്നേഹം, സമാധാനം, സാഹോദര്യം എന്നിവയുടെ സന്ദേശം പ്രചരിപ്പിക്കുന്നത് തുടരുന്നതിനാൽ ഈ ദൗത്യത്തിന്റെ പ്രവർത്തനം ഭാവിയിൽ കൂടുതൽ വാഗ്ദാനങ്ങൾ നൽകുന്നു. അൽഹംദുലില്ലാഹ്, ദൈവകൃപയാൽ, പെട്ടോക്കിലെ ജമാഅത്ത് കഠിനമായി പരിശ്രമിക്കുന്നു, അതിന്റെ ഫലമായി നിരവധി ക്രിസ്ത്യാനികളുടെയും മുസ്ലിംകളുടെയും മറ്റു പലരുടെയും ഹൃദയത്തിൽ ഇസ്ലാമിന് ഒരു ഇടം കണ്ടെത്തിയിട്ടുണ്ട്. അത് മുഴുവൻ ആഫ്രിക്കയേയും ഇസ്ലാമിന്റെ വിശുദ്ധ സന്ദേശം എത്തിക്കുന്ന രീതിയിൽ ആയിത്തീരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

*കടപ്പാട് : അൽഹക്കം 2024 നവംബർ 21*

# ലോക സമാധാനത്തിനു ഖുർആൻ നൽകുന്ന പാഠവും അഹ്മദിയ്യാ ഖലീഫയുടെ പരിശ്രമങ്ങളും

ഇബ്നു വഫാ, ബേപ്പൂർ

ഇന്നു ലോകം ഭയത്തിന്റേയും അശാന്തിയുടേയും നിഴലിലാണ്. ഭരണ കർത്താക്കൾക്കു തങ്ങളുടെ പ്രജകളുടെ ക്ഷേമ കാര്യങ്ങളിൽ വലിയ തൽപര്യമൊന്നുമില്ല. പ്രജകൾക്കു ഭരണകർത്താക്കളെ അൽപം പോലും വിശ്വാസവുമില്ല. ഏതാനും വർഷങ്ങൾക്കു മുമ്പ് സിറിയ, യമൻ, ലിബിയ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിൽ പൊട്ടിപ്പുറപ്പെട്ട ആഭ്യന്തര കലാപം നിമിത്തം സ്വന്തം രാജ്യത്തു ജീവിക്കാനാകാതെ ജനങ്ങൾ ചെറു വള്ളങ്ങളിലും ബോട്ടുകളിലും കയറി അഭയാർഥികളായി അന്യ രാജ്യങ്ങളുടെ കാരുണ്യം തേടി പോയതും അവർ പലപ്പോഴും ലക്ഷ്യത്തിലെത്താനാകാതെ തിരമാലകളിൽ ജീവൻ ഹോമിച്ചതുമായ വാർത്തകൾ നമ്മൾ കുറേ വായിച്ചതാണ്; ദൃശ്യങ്ങൾ കണ്ടതുമാണ്.

ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം അനുദിനം ഏറിക്കൊണ്ടിരിക്കുകയാണ്. തങ്ങളുടെ വയറും കീശയും വീർപ്പിക്കുക എന്ന ഒറ്റ ലക്ഷ്യമല്ലാതെ പാവങ്ങളേയോ അഗതികളേയോ ഒരു നേരം ഊട്ടണമെന്ന ചിന്ത ആർക്കുമില്ല. പ്രഭാതം മുതൽ പ്രദോഷം വരെ തനിക്കു ക്ഷേമവും സുഖവും സമാധാ നവും ഉണ്ടാക്കുവാനായി മനുഷ്യൻ ഓടുകയാണ്. ആ ഓട്ടത്തിൽ അടുത്തുള്ളവന്റെ അവകാശങ്ങൾ ചവിട്ടിമെതിക്കപ്പെട്ടാലും ധ്വംസിക്കപ്പെട്ടാലും അതുകണ്ടില്ലെന്നു നടിക്കും. ചുരുക്കത്തിൽ, താഴെ കിടയിലും അസമാധാനം രാഷ്ട്രങ്ങൾ തമ്മിലും അശാന്തി. ഇതുവരെ ലോക നേതാക്കൾ സമാധാനത്തിനായി ചെയ്തു എന്നു പറയുന്ന എല്ലാ ശ്രമങ്ങളും പരാജയമാണ്. ലീഗ് ഓഫ് നേഷൻസ് ഈ കാര്യത്തിൽ എന്തു ചെയ്യണമെന്നറിയാതെ പകച്ചു നിൽക്കുകയാണ്. യു.എൻ.ഒയ്ക്കും പ്രശ്നങ്ങൾക്കു ശാശ്വത പരിഹാരം കാണുവാൻ സാധിച്ചിട്ടില്ല. മുഴുവൻ മാനവരാശിയും നമുക്കു സമാധാനം, ശാന്തി എപ്പോൾ എങ്ങനെ എവിടെനിന്നു ലഭിക്കുമെന്നു ഉദ്വേഗത്തോടെ, സംഭ്രമത്തോടെ, വ്യാകുലതയോടെ ഉറ്റു നോക്കുക യാണ്.

രണ്ടു വർഷത്തിൽ കൂടുതലായി ഉക്രൈനും റഷ്യയും യുദ്ധത്തിലാണ്. നാറ്റോയിൽ അംഗത്വം നേടാനുള്ള ഉക്രൈന്റെ ശ്രമമാണു റഷ്യയെ ചൊടിപ്പിച്ചത്. ഇസ്റായീൽ ഫലസ്തീനുമായും അഥവാ ഹമാസുമായും ലെബനനുമായും ഇറാനുമായും യുദ്ധത്തിലാണ്. മനുഷ്യർ ഇയ്യാം പാറ്റകളെ പോലെ മരിച്ചു വീഴുന്നു. ചൈന, തായ്‌വാൻ പ്രശ്നത്തിൽ സദാ അമേരിക്കയുമായി ഇടഞ്ഞാണു നിൽക്കുന്നത്. തായ്‌വാൻ തങ്ങളുടെ അവിഭാജ്യ ഘടകമാണെന്നു പറയുന്ന ചൈനയ്ക്കു റഷ്യ പിന്തുണയും പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ത്യയുടെ വടക്കു കിഴക്കൻ സംസ്ഥാനമായ അരുണാചൽ പ്രദേശിനെ ചൊല്ലി ഇന്ത്യയും ചൈനയും തർക്കത്തിലാണ്. അത വരുടെതാണെന്നാണ് ചൈനയുടെ അവകാശ വാദം. ലോകം മൂന്നാം ലോകമഹാ യുദ്ധത്തി ന്റെ വക്കിലാണെന്നു പറയപ്പെടുന്നു.

നമ്മുടെ പ്രിയങ്കരനായ അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽ ഖാമിസ് കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി മൂന്നാം ലോക മഹായുദ്ധത്തെ കുറിച്ചും അതു തടയുന്നതിനായുള്ള നമ്മുടെ ഉത്തരവാദിത്വങ്ങളെ സംബന്ധിച്ചും ലോകത്തെ ഉണർത്തിക്കൊണ്ടിരിക്കുകയാണ്.

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ 2022 ൽ ജർമനിയിലെ അഹ്മദിയാ വാർഷിക സമ്മേളനത്തിന്റെ സമാപനത്തോടനുബന്ധിച്ചു നടത്തിയ പ്രസംഗത്തിൽ പറയുകയാണ്: 'കഴിഞ്ഞ വർഷങ്ങളിൽ കോവിഡ് മഹാമാരി ലോകത്തെ ഞെട്ടിച്ചു കൊണ്ടിരിക്കുകയായിരുന്നു. അതിന്റെ ഭീഷണി അവസാനിച്ചില്ലെങ്കിലും ലോകം ഇന്നു യുദ്ധത്തിന്റെ കടുത്ത ഭീതിയിലാണുള്ളത്. യുദ്ധമുണ്ടായാൽ ലോകത്തിലെ ഒരു രാജ്യവും പ്രദേശവും സുരക്ഷിതരായിരിക്കുമെന്നു തോന്നുന്നില്ല. ഏതു വരെ സർവ ശക്തനും സർവലോക പരിപാലകനുമായ അല്ലാഹുവിൽ വിലയം പ്രാപിക്കുന്നില്ലയോ ആരും രക്ഷപ്പെടുകയില്ല'

'ആദ്യം യൂറോപ്പും പാശ്ചാത്യ രാജ്യങ്ങളും മറ്റു വികസിത രാജ്യങ്ങളും മനസ്സിലാക്കിക്കൊണ്ടിരുന്നത് യുദ്ധങ്ങളും ആഭ്യന്തര കലാപങ്ങളും നമ്മളിൽ നിന്നും ആയിരക്കണക്കിനു മൈൽ അകലെ അങ്ങ് ഏഷ്യയിലും മദ്ധ്യപൗരസ്ത്യ ദേശങ്ങളിലും പാവപ്പെട്ട നാട്ടിലുമാണു നടക്കുന്നത് എന്നാണ്. അവിടെ ജനങ്ങൾ മരിച്ചു വീഴുന്നു അവർക്കു അംഗവൈകല്യങ്ങൾ സംഭവി

ക്കുന്നു. സ്ത്രീകൾ വിധവകളും കുട്ടികൾ അനാഥരുമായിക്കൊണ്ടിരിക്കുന്നു. അവർ മരിക്കുന്നെങ്കിൽ മരിക്കട്ടെ നമുക്കെന്തു ചേതം. ഈ അവസരത്തിൽ അവർക്കു ആവശ്യമുള്ള ആയുധങ്ങൾ വിറ്റു നമുക്ക് കാശാക്കാം. ഇതായിരുന്നു പാശ്ചാത്യരുടേയും മറ്റു സമ്പന്ന രാഷ്ട്രങ്ങളുടേയും മനസ്സിലിരുപ്പ്'

'എന്നാൽ കാര്യങ്ങൾ ആകെ മാറി മറഞ്ഞിരിക്കുകയാണ്. ഇതേ സ്ഥിതി അവർക്കും വരാമെന്നായിരിക്കുന്നു. പണക്കൊഴുപ്പിന്റെ ഹുങ്കിൽ അവരെല്ലാം വിഡ്ഢികളുടെ സ്വർഗത്തിലാണു ജീവിക്കുന്നത്. ഇപ്പോൾ യൂറോപ്പിലും യുദ്ധക്കെടുതിയുടെ അവസ്ഥ വന്നിരിക്കുകയാണ്. ജർമനി പോലുള്ള രാജ്യങ്ങളിൽ പോലും ഭക്ഷണ സാധനങ്ങളുടെ ദൗർലഭ്യം അനുഭവപ്പെടുന്നു. അഞ്ചിരട്ടിയിലധികമുള്ള വിലക്കയറ്റം കാരണം നിത്യോപയോഗ സാധനങ്ങൾ വാങ്ങാൻ ജനങ്ങൾക്കു സർക്കാറിനു സഹായ ധനം നൽകേണ്ടി വരുന്നു. ഉക്രൈൻ കാരണം റഷ്യയും നാറ്റോ രാജ്യങ്ങളും നേർക്കു നേരെ വന്നിരിക്കുകയാണ്. ആരാണു വിജയിക്കുക എന്നതും എത്ര കണ്ട് നാശ നഷ്ടങ്ങൾ ഉണ്ടാവുമെന്നും അല്ലാഹുവിനു മാത്രമേ അറിയാവൂ. എന്നാൽ ഇതിന്റെ അനന്തര ഫലം അതി ഭീകരമായിരിക്കുമെന്നതു സുനിശ്ചിതമാണ്'

'ഇപ്പോൾ തായ്‌വാൻ പ്രശ്നവും ഉയർന്നു വന്നിരിക്കുകയാണ്. ഏതായാലും ലോകം ഭയാനകമായ ഒരു യുദ്ധത്തിന്റെ വക്കിലാണു എത്തി നിൽക്കുന്നത്. ഈ കാലത്തു അല്ലാഹുവിനാൽ നിയോഗിതനായ ഒരു പുണ്യാത്മാവ് (വാഗ്ദത്തമഹ്ദി മസീഹ്) ലോകത്തിനു വളരെ ശക്തമായ താക്കീതും മുന്നറിയിപ്പുമാണ് നൽകിയിരിക്കുന്നത്. അദ്ദേഹം പറയുന്നു: "ഓ യൂറോപ്പ്, നീ സമാധാനത്തിലും സുരക്ഷിതത്വത്തിലുമാണെന്നു ധരിക്കേണ്ട. ഓ ഏഷ്യാ, നീയും സുരക്ഷിതമല്ലെന്നു മനസ്സിലാക്കിക്കൊള്ളുക. അല്ലയോ ദ്വീപ് സമൂഹങ്ങളിൽ വസിക്കുന്നവരേ, ഒരു കൃത്രിമ ദൈവവും നിങ്ങളുടെ സഹായത്തിനായി വരികയില്ല. പട്ടണങ്ങളായ പട്ടണങ്ങൾ തകർന്നടിഞ്ഞു വീഴുന്നത് ഞാൻ കാണുന്നു. ജനവാസവും ജനനിബിഢവുമായ പ്രദേശങ്ങൾ വിജനവും ശൂന്യവുമായി ഞാൻ വീക്ഷിക്കുന്നു." ഇതാണു ആ മുന്നറിയിപ്പും താക്കീതും. ജമാഅത്തിന്റെ ഖലീഫമാർ സമയാസമയങ്ങളിൽ ഈ മുന്നറിയിപ്പു ഓർമപ്പെടുത്താറുണ്ട്. സർവശക്തനും സർവലോക പരിപാലകനും സ്രഷ്ടാവുമായ അല്ലാഹുവിന്റെ ഭാഗത്തേയ്ക്കു കുനിയാത്ത പക്ഷം നാശം സുനിശ്ചിതമാണ്.


ഹദ്റത്ത് അമീറുൽ മുഅ്മിനീൻ തന്റെ മറ്റൊരു പ്രസംഗത്തിൽ പറയുകയാണ്; 'ഇന്നു ലോകത്തു സമാധാനം എന്നത് വലിയൊരു ചോദ്യ ചിഹ്നമായി അവശേഷിച്ചിരിക്കുകയാണ്. എല്ലായിടത്തും ഭയവും അശാന്തിയും നടമാടിക്കൊണ്ടിരിക്കുന്നു. മനുഷ്യരെ കൊന്നൊടുക്കാനുള്ള ഉപകരണങ്ങളും ആയുധങ്ങളും സർവത്ര വ്യാപിച്ചു കഴിഞ്ഞു. മനുഷ്യൻ പരസ്പരം ശത്രുക്കളായി മാറിയിക്കുന്നു. ശക്തരായ സമൂഹം ബലഹീനരെ സർവവിധ അതിക്രമ ങ്ങൾക്കും ഇരയാക്കിക്കൊണ്ടിരിക്കുകയാണ്. തീവ്രവാദം ഇല്ലാതാക്കാനെന്ന പേരിൽ സർവത്ര തീവ്രവാദമാണു എല്ലായിടത്തുമുള്ളത്. ഭയത്തിന്റേയും ആശങ്കയുടേയും ചൂടും വ്യാപ്തിയും വർദ്ധിപ്പിക്കുന്നതിൽ പത്ര മാധ്യമങ്ങൾ ഒരു കുറവും വരുത്താറില്ല. ഈ അവസ്ഥയിൽ നിന്നും രക്ഷ പ്രാപിക്കണമെങ്കിൽ മുസ്‌ലിംകൾ തങ്ങളുടെ ചെയ്തികളിലൂടെ ഇസ്‌ലാമിനെ അപമാനിക്കുന്നത് നിർത്തലാക്കണം. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ സ്വായത്തമാക്കിക്കൊണ്ട് അവർ സംഘടിതരാകണം. മറ്റു മതവിശ്വാസികൾക്കും ഇസ്‌ലാമിന്റെ കൊടിക്കീഴിൽ അണിനിരക്കുന്നതായിരിക്കും ഉചിതം. കാരണം, ലോക സമാധാനം ഇസ്‌ലാമികാദ്ധ്യാപനങ്ങളുമായി ബന്ധപ്പെട്ടാണു കിടക്കുന്നത്. അതായത് ഈ കാലത്തെ എല്ലാ പ്രശ്നങ്ങൾക്കും ഇസ്‌ലാമികാദ്ധ്യാപനങ്ങളിലൂടെ മാത്രമേ പരിഹാരം കാണുവാൻ സാധിക്കുകയുള്ളു'.

റഹ്മാനും റഹീമുമായ അല്ലാഹുവിനാൽ അവതരിക്കപ്പെട്ട പരിശുദ്ധ ഗ്രന്ഥമാണു ഖുർആൻ. അതിലെ അദ്ധ്യാപനങ്ങൾ സമഗ്രവും പരിപൂർണവും എല്ലാ കാലത്തേയ്ക്കുമുള്ള താണ്. അല്ലാഹു പറയുന്നു;

قَدْ جَاءَكُمْ مِنَ اللَّهِ نُورٌ وَكِتَابٌ مُبِينٌ يَهْدِي بِهِ اللَّهُ
مَنِ اتَّبَعَ رِضْوَانَهُ سُبُلَ السَّلَامِ وَيُخْرِجُهُمْ مِنَ الظُّلُمَاتِ
إِلَى النُّورِ بِإِذْنِهِ وَيَهْدِيهِمْ إِلَى صِرَاطٍ مُسْتَقِيمٍ

തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിന്നു ഒരു പ്രകാശവും സ്പഷ്ടമായ ഒരു ഗ്രന്ഥവും നിങ്ങൾക്കു വന്നു കഴിഞ്ഞു. അല്ലാഹു അതു മുഖേന തന്റെ പ്രീതിയെ പിൻപറ്റിയവരെ രക്ഷാ മാർഗങ്ങളിലേയ്ക്കു വഴി കാണിക്കുന്നതാണ്. തന്റെ അനുമതിയനുസരിച്ചു അവൻ പല തരത്തിലുള്ള അന്ധകാരങ്ങളിൽ നിന്നും പുറത്തു കൊണ്ടു വന്ന് പ്രകാശത്തിലേയ്ക്കു നയിക്കുകയും ചൊവ്വായ മാർഗത്തിലേയ്ക്കു അവൻ അവരെ വഴി നടത്തുകയും ചെയ്യുന്നതാണ്. (ഖുർആൻ 5 :16,17)

ഇവിടെ ന്യായമായും ഒരു ചോദ്യം ഉന്നയിക്കപ്പെടാം. ലോക സമാധാനത്തിനായി ഖുർആൻ പല പോംവഴികളും നിർദേശിച്ചിട്ടുണ്ടാകാം. എന്നാൽ അതു തെളിയിക്കപ്പെടുകയും മറ്റുള്ളവർക്കു കൂടി സ്വീകാര്യമാവുകയും ചെയ്യണമെങ്കിൽ കൃത്യമായ ഒരു പ്രവർത്തന മാതൃക അത്യാവശ്യമാണു. അത്തരത്തിലുള്ള വല്ല മാതൃകയും കാണിക്കാൻ സാധിക്കുമോ എന്നു വല്ലവരും ചോദിച്ചാൽ തീർച്ചയായും




സാധിക്കും എന്നു തന്നെയാണു നമുക്കു പറയുവാനു ള്ളത്. ഖുർആനിക അദ്ധ്യാപനങ്ങളുടെ ഏറ്റവും മഹത്തായതും ഉന്നതവുമായ ഒരു പ്രവർത്തന മാതൃക ഹദ്റത്ത് മുഹമ്മദ് മുസ്തഫാ[സ] തിരുമേനിയിലൂടെ സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹു തന്നെ അരുൾ ചെയ്യുകയാണ്;

لَقَدْ كَانَ لَكُمْ فِي رَسُولِ اللّٰهِ أُسْوَةٌ حَسَنَةٌ

നിങ്ങൾക്കു അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും ഉത്തമ മാതൃകയുണ്ട്.(*ഖുർആൻ 33:22*) റസൂൽ തിരുമേനി[സ]യുടെ ജീവിതം തികച്ചും ഖുർആനിക അദ്ധ്യാപനങ്ങളുടെ വിശദീകരണവും വ്യാഖ്യാനവുമായിരുന്നു. ഒരിക്കൽ ഒരു സഹാബി തിരുമേനിയുടെ ഉന്നതമായ ധാർമിക ഗുണങ്ങളെ കുറിച്ചു വല്ലതും പറഞ്ഞു തന്നാലും എന്നു ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ആയിശ സിദ്ധീഖ[റ] യോടു ആവശ്യപ്പെട്ടപ്പോൾ ഉമ്മുൽ മുഅ്മിനീൻ ചുരുങ്ങിയ വാക്കുകളിൽ നൽകിയ മറുപടി വളരെ വിശാലവും സമഗ്രവുമായിരുന്നു. അവർ പറഞ്ഞു: كَانَ خُلُقُهُ الْقُرْآن അതായത്, ഖുർആൻ എന്താണോ കൽപിച്ചത് അതു തന്നേയാണു തിരുമേനിയുടെ അഖ്ലാഖ്. ധാർമിക ഗുണം. ജീവിത ചര്യ.

യുദ്ധത്തിന്റേയും അതു പോലുള്ള ഏതു പ്രതിസന്ധി ഘട്ടങ്ങളിലും സമാധാനത്തിനും ശാന്തിക്കും തന്നെയായിരുന്നു തിരുമേനി[സ] മുൻഗണന നൽകിയത്. അതിനു ചരിത്രം സാക്ഷിയാണ്. الصُّلْحُ خَيْرٌ (രഞ്ജിപ്പ് ഏറ്റവും ഉത്തമമാകുന്നു 4:129) എന്നു ഖുർആൻ അനുശാസിച്ചതു പോലെ തന്നെയായിരുന്നു ആ മഹാത്മാവിന്റെ പ്രവർത്തന രീതി. അത്തരത്തിൽ യുദ്ധങ്ങളും സംഘട്ടനങ്ങളും ഒഴിവാക്കിക്കൊണ്ട് ഏതു ഘട്ടത്തിലും സമാധാന പാതയായിരുന്നു തിരുമേനി സ്വീകരിച്ചിരുന്നത്.ഹുദൈബിയ സന്ധി അതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ്. അന്നു മക്കാ അവിശ്വാസികൾ ഉണ്ടാക്കിയ പക്ഷപാതപരവും ഏകപക്ഷീയവുമായ നിബന്ധന കൾ മുസ്ലിംകളെ അപമാനിക്കുന്നതിനു തുല്യമായിരുന്നു. അനുചരന്മാർ പോലും ആദ്യം തിരുമേനിയോടു ആ കാര്യത്തിൽ അനിഷ്ടം പ്രകടിപ്പിച്ചിരുന്നു. എന്നാൽ തിരുമേനി[സ] സമാധാനം നിലനിർത്തുവാനും യുദ്ധമില്ലാതിരിക്കാനും വേണ്ടി അവിശ്വാസികളുടെ ആ ഏകപക്ഷീയ നിബന്ധനകൾ തന്നെയാണു സ്വീകരിച്ചത്.

എന്നാൽ മുസ്‌ലിംകൾക്കു റസൂൽ തിരുമേനിയോടൊപ്പവും തിരുമേനിക്കു ശേഷവും ശത്രുക്കൾക്കെതിരിൽ ധാരാളം യുദ്ധം ചെയ്യേണ്ടി വന്നിട്ടുണ്ട്. എന്നത് ഒരു പരമാർഥമാണ്. അതെല്ലാം തന്നെ പ്രതിരോധ യുദ്ധങ്ങളായിരുന്നു. അവർ മുസ്‌ലിംകളെ ആദ്യം ആക്രമിച്ചപ്പോൾ മാത്രമാണു അവരോടു തിരിച്ചും യുദ്ധം ചെയ്തത്. ഒരിക്കൽ പോലും മുസ്‌ലിംകൾ അവിശ്വാസികളെ ആദ്യം ആക്രമിക്കുകയോ യുദ്ധം അവരുടെ മേൽ അടിച്ചേൽപിക്കുകയോ ചെയ്തിട്ടില്ല. അവിശ്വാസികൾ മുസ്‌ലിംകളുടെ മേൽ ആക്രമണം അഴിച്ചു വിട്ടപ്പോൾ ആ ആക്രമണത്തെ തടയുവാനും നീതി നടപ്പാക്കാനും വേണ്ടിയായിരുന്നു യുദ്ധം ചെയ്തിരുന്നത്.

മുസ്‌ലിംകൾ പതിമൂന്നു കൊല്ലം മക്കയിലും ഒന്നര വർഷം മദീനയിലും അവിശ്വാസികളുടെ പീഡനങ്ങളും യാതനകളും സഹിച്ചതിനു ശേഷം അല്ലാഹുവിൽ നിന്നും അനുവാദം ലഭിച്ചപ്പോൾ മാത്രമാണു അവിശ്വാസികളുടെ ആക്രമണത്തെ പ്രതിരോധിക്കാനായി അണിനിരന്നത്. ആ സമയത്തും നിങ്ങൾ പ്രായമുള്ളവരേയും കുട്ടികളെയും സ്ത്രീകളേയും ആക്രമിക്കരുത്.

അവരെ വധിക്കരുത്. വൃക്ഷങ്ങളും കൃഷികളും നശിപ്പിക്കരുത്. ജലാശയങ്ങൾ മലിനമാക്കരുത് എന്നു തിരുമേനി തന്റെ അനുചരന്മാരോടു അനുശാസിച്ചിട്ടുണ്ടായിരുന്നു. എത്ര ഉന്നതമായ ഉപദേശങ്ങളാണവ. മക്കാവിജയാവസരത്തിൽ തന്റെ രക്തദാഹികളായ മുഴുവൻ ശത്രുക്കൾക്കും മാപ്പു കൊടുത്തുകൊണ്ട് സമാധാനവും ശാന്തിയും നില നിർത്തുവാനുള്ള വലിയൊരു മാതൃകയാണു റസൂൽ കരീം(സ) കാഴ്ച വെച്ചത്.

ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ വിപത്തുകളിൽ ഒന്നാണു ലോകത്തു പരക്കെ വ്യാപിച്ചു കൊണ്ടിരിക്കുന്ന നിർമതവാദവും നിരീശരത്വവും. സർവശക്തനായ അല്ലാഹുവിലുള്ള വിശ്വാസക്കുറവാണു ഈ എല്ലാ പ്രശ്നങ്ങളുടേയും ദുരിതങ്ങളുടേയും മൂല കാരണം. വ്യക്തിപരമായും സാമൂഹികമായും അല്ലാഹുവിൽ വിശ്വാസവും അവനോടു സ്നേഹവും യഥാർഥത്തിലുള്ള ദൈവിക ജ്ഞാനവും കരസ്ഥമാക്കാത്തിടത്തോളം ലോക സമാധാനം എന്ന സ്വപ്നം ഒരു മരീചിക മാത്രമായിരിക്കും. സർവ ശക്തനായ അല്ലാഹുവിനോടുള്ള ബന്ധവും കൂറും സ്നേഹവും ലോക സമാധാനത്തിനു ഒഴിച്ചു കൂടാനാവാത്തതാണ്. അല്ലാഹുവിന്റെ അനേകം ഗുണനാമങ്ങളിൽ ഒന്നാണു അസ്സലാം(السلام) എന്നത്. അല്ലാഹു അരുൾ ചെയ്യുകയാണ്

وَاللَّهُ يَدْعُوا إِلَىٰ دَارِ السَّلَامِ وَيَهْدِي مَن يَشَاءُ إِلَىٰ صِرَاطٍ مُّسْتَقِيمٍ

അല്ലാഹു രക്ഷാ ഗേഹത്തിലേയ്ക്കു ക്ഷണിക്കുന്നു. താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗത്തിലേയ്ക്കു നയിക്കുകയും ചെയ്യുന്നു. (*ഖുർആൻ 10:26*)

അല്ലാഹുവിലുള്ള ദൃഢവിശ്വാസത്തെ സമാധാനത്തിനുള്ള താക്കോലായിട്ടാണു ഖുർആൻ വിശേഷിപ്പിച്ചിട്ടുള്ളത്. അതിന്റെ ഏറ്റവും വലിയ തെളിവ് അല്ലാഹുവിൽ ദൃഢവിശ്വാസമുള്ള ഒരാൾ ഒരിക്കലും തന്നെ അസമാധാനവും മനഃക്ലേശവും നിമിത്തം മാനസിക സമ്മർദ്ധത്താൽ നൈരാശ്യം ബാധിച്ചു ജീവിതത്തിൽ നിന്നും ഒളിച്ചോടുന്നവരായിരിക്കുകയില്ല എന്നതാണു. അല്ലാഹുവിന്റെ വരിഷ്ട ദാസരായ നബിമാർക്കു ശത്രുക്കളുടെ എത്രതന്നെ എതിർപ്പുകളെ നേരിടേണ്ടി വന്നാലും അവർ അചഞ്ചലരും സ്ഥിരചിത്തരുമായിരിക്കും. അവരുടെ ഹൃദയം




സമാധാന നിർഭരമായിരിക്കും. ഈ പുണ്യാത്മാക്കൾ ശത്രുക്കളെ ഭയന്നു അവരുടെ എതിർപ്പുകളെ നേരിടാനാകാതെ ആത്മഹത്യ ചെയ്ത ഒരു സംഭവം പോലും ലോക ചരിത്രത്തിൽ ആർക്കും കാണിക്കുവാൻ സാധിക്കുകയില്ല. അല്ലാഹുവിലുള്ള അവരുടെ അതിരറ്റ വിശ്വാസവും ദൈവസ്മരണയുമാണു അവരെ അതിനു പ്രാപ്തരാക്കുന്നത്. എല്ലായിപ്പോഴും അല്ലാഹുവിന്റെ സഹായ ഹസ്തം അവരുടെ മേലുണ്ടായിരിക്കും. ഈ യാഥാർഥ്യത്തെ അല്ലാഹു ഇങ്ങനെ വിവരിക്കുന്നു.

الَّذِينَ آمَنُوا وَتَطْمَئِنُّ قُلُوبُهُم بِذِكْرِ اللَّهِ ۗ أَلَا بِذِكْرِ اللَّهِ تَطْمَئِنُّ الْقُلُوبُ

(അവരത്രെ വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണ മൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ. അറിയുക, അല്ലാഹുവിന്റെ സ്മരണ കൊണ്ടു മാത്രമേ മനസ്സമാധാനം കൈവരികയുള്ളു. *ഖുർആൻ 13:29*)

അതായത്, അല്ലാഹുവിലുള്ള അടിയുറച്ച വിശ്വാസം കൊണ്ടു മാത്രമേ ദൈവസ്മരണ ചെയ്യുവാനുള്ള ഭാഗ്യം ലഭിക്കുകയുള്ളു. അതിലൂടെ മാത്രമേ മനസ്സമാധാനം കൈവരിക്കാൻ സാധിക്കുകയുള്ളു എന്നാണു അല്ലാഹു പറയുന്നത്.

മറ്റൊരിടത്തു അല്ലാഹു പറയുന്നു.

أَلَا إِنَّ أَوْلِيَاءَ اللَّهِ لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ

(അറിയുക, തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങൾ, അവർക്കു ഒരു ഭയവും ഉണ്ടായിരിക്കുകയില്ല. അവർ വ്യസനിക്കുകയുമില്ല. (*ഖുർആൻ 10:63*) അല്ലാഹു അവരുടെ മിത്രങ്ങളായി തീരുന്നതിലൂടെ അവർക്കു ഉണ്ടായേക്കാവുന്ന എല്ലാ അസമാധാനത്തിൽ നിന്നും അവർക്കു മോചനം ലഭിക്കുന്നു. സമാധാനത്തിലേയ്ക്കുള്ള പ്രയാണം ആദ്യം ഒരു വ്യക്തിയിൽ നിന്നാണു ആരംഭിക്കുന്നത്. അതിന്റെ വിത്ത് മനുഷ്യന്റെ ഹൃദയത്തിലാണു വിതയ്ക്കപ്പെടുന്നത്. അവിടെ നിന്നു അതു വളരുന്നതോടെ അയാളുടെ കുടുംബത്തിനു ആശ്വാസവും സമാധാനവും ലഭിക്കുന്നു. പിന്നീട് കുടുംബ ജീവിതത്തിൽ നിന്നും വളർന്നു സമൂഹത്തിൽ വ്യാപിക്കുകയാണു ചെയ്യുന്നത്. അടുത്ത ഘട്ടം രാജ്യസമാധാനത്തിന്റേയും ശാന്തിയുടേതുമാണ്. അവസാനം അതു ലോക സമാധാനമായി പരിണമിക്കുന്നു. ഇതെല്ലാം തന്നെ സാങ്കൽപികമോ കാൽപനികമോ ആയ സംഗതികളല്ല. ഈ പ്രയാണത്തിലെ ഓരോ ഘട്ടത്തെ സംബന്ധിച്ചും ഖുർആൻ വിശദവും

സമഗ്രവുമായ അദ്ധ്യാപനങ്ങൾ നൽകിയിട്ടുണ്ട്.

സമൂഹത്തിൽ ജീവിക്കുന്ന എല്ലാവരോടും ജാതി വർഗ വർണ വ്യത്യാസമില്ലാതെ നന്മ പ്രവർത്തിക്കാൻ മുഹമ്മദ് നബി(സ) ഖുർആന്റെ ഉപദേശങ്ങളുടെ രത്നച്ചുരുക്കമായി ഇങ്ങനെ ഉപദേശിച്ചിട്ടുണ്ട്.

الْمُسلِمُ مَن سَلِمَ النَّاسُ بِلِسَنِهِ وَيَدِهِ

(*സുനൻ നിസായി. കിതാബുൽ ഈമാൻ*) അതായത് തന്റെ നാവു കൊണ്ടോ കൈകൊണ്ടോ മറ്റുള്ളവർക്കു ദുഃഖവും ദ്രോഹവും നൽകാത്തവനാണ് യഥാർഥ മുസ്ലിം. റസൂൽ തിരുമേനിയുടെ ഈ ഉപദേശത്തിൽ മുസ്‌ലിം എന്നോ അമുസ്‌ലിം എന്നോ ജാതിയോ വംശമോ പോലുള്ള യാതൊരു വേർതിരിവോ വിവേചനമോ സൂചിപ്പിച്ചിട്ടില്ല. സമാധാന സംസ്ഥാപനത്തിന്റെ മാർഗത്തിൽ മതങ്ങൾക്കിടയിലുള്ള ഉച്ചനീചത്വവും അധീശത്വവു (superiority) മാണു ലോക സമാധാനത്തിനു ഏറ്റവും വലിയ വിലങ്ങു തടിയായി ഭവിക്കുന്നത്. ഖുർആൻ അതു ശക്തിയായി വിരോധിക്കുന്നു. ഖുർആൻ പറയുന്നു

يَا أَيُّهَا النَّاسُ إِنَّا خَلَقْنَاكُم مِّن ذَكَرٍ وَأُنثَىٰ وَجَعَلْنَاكُمْ شُعُوبًا وَقَبَائِلَ لِتَعَارَفُوا إِنَّ أَكْرَمَكُمْ عِندَ اللَّهِ أَتْقَاكُمْ إِنَّ اللَّهَ عَلِيمٌ خَبِيرٌ

(അല്ലയോ മനുഷ്യരേ, തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിനു വേണ്ടി. തീർചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽ വച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാണ്. *ഖുർആൻ 49:14*)

എത്ര മഹത്തായ അദ്ധ്യാപനമാണിത്! ജാതി മത വർണ വർഗ ചേരി തിരിവു മാന്യതയ്ക്കുള്ള മാന ദണ്ഡമല്ലെന്നും അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏറ്റവും ബഹുമാന്യൻ അല്ലാഹുവിനെ കൂടുതൽ ഭയപ്പെട്ടു കൊണ്ട് സാത്വികത കൈകൊള്ളുന്നവനാണെന്നുമാണു പറഞ്ഞിരിക്കുന്നത്. മനുഷ്യരെ ഗോത്രങ്ങളാക്കി വിഭജിച്ചിരിക്കുന്നത് പരസ്പരം തിരിച്ചറിയുന്നതിനു വേണ്ടിയാണ്. അതിൽ തങ്ങൾക്കു ശ്രേഷ്ഠത കൽപിക്കുകയും മറ്റുള്ളവരെ നിന്ദ്യരായി കാണുകയും ചെയ്യുമ്പോഴാണു വെറുപ്പും വിദ്വേഷവും വളരുന്നത്. അതു രാജ്യത്തിന്റേയും തുടർന്നു ലോകത്തിന്റേയും സമാധാനം തകരാൻ കാരണമാവുകയും ചെയ്യുന്നു. പരസ്പരം ആദരവോടും ബഹുമാനത്തോടും വർത്തിക്കുന്നതിനെ കുറിച്ചു ഖുർആൻ പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا لَا يَسْخَرْ قَوْمٌ مِّن قَوْمٍ عَسَىٰ أَن يَكُونُوا خَيْرًا مِّنْهُمْ وَلَا نِسَاءٌ مِّن نِّسَاءٍ عَسَىٰ أَن يَكُنَّ خَيْرًا مِّنْهُنَّ وَلَا تَلْمِزُوا أَنفُسَكُمْ وَلَا تَنَابَزُوا بِالْأَلْقَابِ بِئْسَ الِاسْمُ الْفُسُوقُ بَعْدَ الْإِيمَانِ وَمَن لَّمْ يَتُبْ فَأُولَٰئِكَ هُمُ الظَّالِمُونَ

വിശ്വസിച്ചവരേ, ഒരു ജനം മറ്റൊരു ജനത്തെ പരിഹസിക്കരുത്. ഒരു പക്ഷേ, ആ പരിഹസിക്കപ്പെടുന്നവർ പരിഹസിക്കുന്നവരെക്കാൾ ഉത്തമരായെന്നു വരാം. സ്ത്രീകൾ മറ്റു സ്ത്രീകളേയും പരിഹസിക്കരുത്. ഒരു പക്ഷേ,ആ പരിഹസിക്കപ്പെടുന്ന സ്ത്രീകൾ പരിഹസിക്കുന്ന സ്ത്രീകളെക്കാൾ ഉത്തമകളായെന്നു വരാം. നിങ്ങൾ നിങ്ങളുടെ സ്വന്തം ആളുകളെ അപകീർത്തിപ്പെടുത്തരുത്. നിങ്ങൾ പരസ്പരം ചീത്തപ്പേര് വിളിക്കുകയുമരുത്. സത്യവിശ്വാസം കൈകൊണ്ടതിനു ശേഷം അനുസരണത്തിൽ നിന്നു അകന്നു പോവുന്നത് ചീത്തപ്പേരിനു കാരണമാകുന്നതാണ്. പശ്ചാത്തപിച്ചു മടങ്ങാത്തവരാരോ, അവർ തന്നേയാണു അധർമികൾ. (*ഖുർആൻ 49:12*)

കളവും വ്യാജാരോപണങ്ങളുമാണ് സമൂഹത്തിന്റെ സമാധാനം തകർക്കുന്ന മറ്റൊരു വലിയ തിന്മ. ഇതു കാരണം ജനങ്ങളുടെയും സമൂഹങ്ങളുടെയും പരസ്പരമുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുകയാണ്. വഞ്ചനയും കപടനാട്യവും സമൂഹത്തിൽ ആഴത്തിൽ വേര് പിടിച്ചിരിക്കുകയാണ്. സമ്പന്നരായ രാജ്യങ്ങൾ സഹതാപത്തിന്റേയും സഹാനുഭാവത്തിന്റെയും പേരിൽ പാവപ്പെട്ട രാജ്യങ്ങൾക്കു നൽകുന്ന സഹായത്തിന്റെ മറവിൽ അടിച്ചേൽപിക്കുന്ന കരാറിലൂടെയും നിബന്ധനകൾ കൊണ്ടും പാവപ്പെട്ട രാജ്യങ്ങളെ എല്ലാ കാലത്തേയ്ക്കുമായി തങ്ങളുടെ അടിമകളാക്കി ചൂഷണത്തിനു വിധേയരാക്കുന്ന കാഴ്ചയാണു ലോക രാഷ്ട്രങ്ങൾക്കിടയിൽ നാം കാണുന്നത്. ഈ തിന്മയേയും വിശുദ്ധ ഖുർആൻ ശക്തമായ ഭാഷയിൽ വിലക്കിയിട്ടുണ്ട്. ഖുർആൻ പറയുകയാണ്.

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلًا سَدِيدًا

വിശ്വസിച്ചവരേ, അല്ലാഹുവിനെ ഭയപ്പെടുക. ചൊവ്വായ വാക്ക് പറയുക. (*ഖുർആൻ 33:71*) മറ്റൊരിടത്തു പറഞ്ഞു. وَاجْتَنِبُوا قَوْلَ الزُّورِ (കള്ളം പറയുന്നതിൽ നിന്നും അകന്നു നിൽക്കുക. ഖുർആൻ 22:31) വീണ്ടും ഖുർആൻ ഉപദേശിക്കുകയാണ് നിങ്ങൾ സാക്ഷ്യം പറയുമ്പോൾ ഒരിക്കലും സത്യം കൈവിടരുത്.

يَا أَيُّهَا الَّذِينَ آمَنُوا كُونُوا قَوَّامِينَ بِالْقِسْطِ شُهَدَاءَ لِلَّهِ وَلَوْ عَلَىٰ أَنفُسِكُمْ أَوِ الْوَالِدَيْنِ وَالْأَقْرَبِينَ

വിശ്വസിച്ചവരേ, നിങ്ങൾ പരിപൂർണമായി നീതി പാലിക്കുന്നവരും അല്ലാഹുവിനു വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. അത് നിങ്ങൾക്കു തന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽ പോലും. (*ഖുർആൻ 4:136*) (തുടരും).

ലേഖനം

# സർ ഐസക് ന്യൂട്ടൻ
# ഏകദൈവ വിശ്വാസിയായ ശാസ്ത്രപ്രതിഭ

ആധുനിക ഭൗതിക ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന സർ ഐസക് ന്യൂട്ടൻ സമഗ്രമായ പ്രകൃതി നിയമങ്ങളിൽ ദൈവത്തെ ദർശിക്കുകയും ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുകയും ചെയ്ത മഹാനായ ശാസ്ത്ര പ്രതിഭയാണ്. വിവ: താരീഖ് അലനല്ലൂർ.

ഡോ. ഫസൽ മാലിക്ക്


1664 ലെ ശീതകാലത്ത് ആകാശത്ത് പ്രത്യക്ഷപ്പെട്ട ധൂമകേതു ഐസക്ക് ന്യൂട്ടൻ എന്ന ഇരുപത്തിരണ്ടുകാരനായ യുവാവിൽ ഉണർത്തിയ അത്ഭുതം ചെറുതായിരുന്നില്ല. ആകാശത്തേയും ആകാശഗോളങ്ങളെയും കുറിച്ചുമുള്ള ആകാംക്ഷ ഭക്ഷണത്തേക്കാളും ഉറക്കത്തെക്കാളുമെല്ലാം അവന് വലുതായിരുന്നു. ഇംഗ്ലണ്ടിലെ വൂൾസ് സ്ട്രോപ്പിലെ ഒരു ഗ്രാമത്തിൽ വളർന്ന ന്യൂട്ടനെ യന്ത്രങ്ങളും അവയുടെ പ്രവർത്തങ്ങളുമെല്ലാം വളരെയധികം സ്വാധീനിച്ചു. കളിച്ചു നടക്കേണ്ട പ്രായത്തിൽ സൂര്യ ജലഘടികാരങ്ങളും കാറ്റാടിയന്ത്രങ്ങളുമെല്ലാം നിർമ്മിക്കുന്നതിനായിരുന്നു ഐസക്ക് ന്യൂട്ടന് താൽപര്യം. ആകാശഗോളങ്ങളുടെയും നക്ഷത്രങ്ങളുടെയുമെല്ലാം സഞ്ചാരപഥം നിശ്ചയിക്കാനായിരുന്നു തന്റെ കൂടുതൽ സമയവും ന്യൂട്ടൻ വിനിയോഗിച്ചിരുന്നത്. തന്റെ നിരീക്ഷണങ്ങളെ വീട്ടു മുറ്റത്ത് നിർമ്മിച്ച ഒരു ഘടികാരത്തിൽ അദ്ദേഹം അടയാളപ്പെടുത്തുകയും ഒടുവിൽ കാലനിർണ്ണയത്തിന്ന് ഒരു ഗ്രാമം മുഴുവൻ അതിനെ ആശ്രയിക്കുകയും ചെയ്തു. അതിന്ന് ഐസക്ക് ഡയൽ എന്ന് പേര് വരികയും ചെയ്തു.

ശാസ്ത്രത്തോട് അടുത്ത് നിൽക്കുന്നവരെല്ലാം ദൈവവിശ്വാസത്തെ പരിഹസിച്ചിരുന്ന ആ കാലഘട്ടത്തിൽ ന്യൂട്ടൻ ഏകദൈവ വിശ്വാസം പുലർത്തിപ്പോന്നിരുന്നു എന്നത് അതിശയകരമാണ്. അസാധാരണനായ ഒരു ഗണിതജ്ഞൻ എന്ന നിലക്കും ശാസ്ത്രജ്ഞൻ എന്ന നിലക്കും സ്രഷ്ടാവിനെ അന്വേഷിച്ചു കൊണ്ടിരുന്ന ന്യൂട്ടൻ ദൈവത്തെ അവന്റെ പ്രവർത്തനത്തിലൂടെയും പ്രപഞ്ചത്തിത്തെ ചൂഴ്ന്ന് നിൽക്കുന്ന ഏകതാനതയിലും ഒരേയൊരു ശക്തിയുടെ അസ്തിത്വം നോക്കിക്കാണുകയും എല്ലാം അതിൽ ഉള്ളടങ്ങിയതായി മനസ്സിലാക്കുകയും ചെയ്തു. ജീവിതത്തിലുടനീളം അദ്ദേഹം ബൈബിൾ പഠിക്കുകയും അതിലടങ്ങിയ തത്വങ്ങളെപറ്റി എഴുതുകയും ചെയ്തു. എന്നാൽ പരസ്യമായി ദൈവത്തിന്റെ ഏകത്വത്തെ പിന്തുണക്കാനും ത്രിത്വത്തെ തള്ളിക്കളയാനുമുള്ള ഉത്തമ ബോദ്ധ്യം അദ്ദേഹത്തിന്ന് വന്നിട്ടില്ലായിരുന്നു. ക്രമേണ ശാസ്ത്രത്തിലൂടെയുള്ള തന്റെ ദൈവത്തിലുള്ള വിശ്വാസം അദ്ദേഹം തന്റെ ആദ്യഗ്രന്ഥമായ പ്രിൻസിപ്പിയ (Principia) യിലും തുടർന്നെഴുതിയ് ഓപ്ടിക്സിലും(Opticks) രേഖപ്പെടുത്തി. ഒരിക്കൽ ആയത്തുൽ ഖുർസിയുടെ വ്യാഖ്യാനം നൽകുമ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്[റഹ്] ഇപ്രകാരം പറയുകയുണ്ടായി. ചില ശാസ്ത്ര്ജ്ഞന്മാർ ദൈവത്തിൽ നിന്നകലുന്നു. എന്നാൽ ന്യൂട്ടൻ ദൈവിക പ്രകാശം അന്വേഷിച്ചു എന്ന് മാത്രമല്ല ,അത് കണ്ടെത്തുകയും ചെയ്തു. ശാസ്ത്ര ജ്ഞന്മാരെ വലിയുള്ളാഹ് (അല്ലാഹുവിന്റെ സുഹൃത്ത് ) എന്ന് വിശേഷിപ്പിക്കാൻ സാധ്ദിക്കുമായിരുന്നെങ്കിൽ ആ പദവിക്ക് ന്യൂട്ടൻ അർഹമായേനെ എന്ന് അദ്ദേഹം പറയുകയുണ്ടായി.

ദാഹിക്കുന്ന ഒരുവൻ വെള്ളം അന്വേഷിക്കുന്ന തിടുക്കത്തോടെ ന്യൂട്ടൻ ബൈബിളിലെ ഓരോ വാക്യങ്ങളും ഇഴ കീറി പരിശോധിക്കുകയും അതിനെയെല്ലാം ചോദ്യം ചെയ്യുകയും ചെയ്തു. ത്രിത്വ സങ്കൽപ്പത്തെ യുക്തിയെ ഉപയോഗിച്ച് അദ്ദേഹം അന്വേഷിക്കുകയും ആ തത്വത്തെ ധൈര്യപൂർവ്വം തിരസ്ക്കരിക്കുകയും ചെയ്തു. ദൈവത്തിന്നും മനുഷ്യനുമിടക്ക് മധ്യസ്ഥനായി മനുഷ്യനായി യേശു മാത്രമേയുള്ളൂ എന്ന് അദ്ദേഹം അടിയുറച്ച് വിശ്വസിച്ചു.

വലിയ ആകാംഷയോടെയാണ് അദ്ദേഹം പ്രകൃതിയേയും ദൈവത്തേയും പരിശോധിക്കുകയും ദൈവത്തിന്റെ ദിവ്യശക്തിയെ തിരിച്ചറിയുകയും ആത്മാവിന്റെ അനശ്വരതയെ ചോദ്യം ചെയ്യുകയും ചെയ്തത്. തന്റെ കാംബ്രിഡ്ജിലെ ബിരുദ പഠന കാലത്ത് ഐസക്ക് ന്യൂട്ടൻ എഴുതിയ കുറിപ്പുകൾ അദ്ദേഹത്തിന്റെ മരണ ശേഷം 'ചില തത്വജ്ഞാനപരമായ ചോദ്യങ്ങൾ' (Questions quandom Philosophicae) എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അദ്ദേഹത്തിന്ന് അതീവ താൽപര്യമുണ്ടായിരുന്ന ദൈവം, സമയം, ചലനം, ഗുരുത്വം പോലെയുള്ള പല വിഷയൾക്കെതിരെയുള്ളതായിരുന്നു ഈ ഗ്രന്ഥം.

1660 കളുടെ ആദ്യത്തിൽ അദ്ദേഹത്തിന്ന് ഇരുപത് വയസ്സ് പ്രായമുള്ളപ്പോൾ തന്റെ മനസ്സിൽ



രൂപപെട്ട ചോദ്യങ്ങളാണ് അദ്ദേഹത്തിന്റെ പിന്നീടുള്ള എല്ലാ കണ്ടുപിടുത്തങ്ങൾക്കും അടിത്തയിട്ടത്. 1687 ലാണ് ഭൗതിക ശാസ്ത്രത്തിന്റെ പുതിയ ഒരു കാലഘട്ടത്തിന്ന് തുടക്കം കുറിച്ച ന്യൂട്ടന്റെ മുഖ്യ കൃതി ദ മാത്തമെറ്റിക്കൽ പ്രിൻസിപ്പിൾ ഓഫ് നാചറൽ ഫിലോസഫി (The Mathematical Principles of Natural Philosophy) എന്ന പുസ്തകം പ്രസിദ്ധീകരിച്ചത്. ഇതിന് മുമ്പത്തെ രണ്ട് ദശാബ്ദങ്ങൾ ന്യൂട്ടൻ ഗോളവ്യവസ്ഥയെ സംബന്ധിച്ചും ഗുരുത്വബലം എല്ലാ വസ്തുക്കളിലും എങ്ങനെ തുല്യമായി പ്രവർത്തിക്കുന്നു എന്നുമുള്ള പഠനത്തിൽ മുഴുകിയിരുന്നു. പല സമയത്തും അദ്ദേഹത്തിന്ന് തന്റെ ശ്രദ്ധ പ്രകാശിക (ഓപ്ടിക്സിൽ) പഠനത്തിലേക്ക് തിരിയാനുള്ള സന്ദർഭങ്ങളുണ്ടാവുകയും അത് സംബന്ധിച്ച പ്രഭാഷണങ്ങൾ നടത്തുക പോലും ചെയ്തുവെങ്കിലും പെട്ടെന്ന് തന്നെ ഗുരുത്വ പഠനത്തിലേക്ക് തന്നെ മടങ്ങിയെത്തുകയായിരുന്നു.

ആദ്യം പ്രകൃതിയെ കണ്ടെത്തുക അതു വഴി സത്യത്തിലേക്ക് എത്തിചേരുകയും ചെയ്യുക. എന്ന തത്വമായിരുന്നു ന്യൂട്ടൻ ജീവിതത്തിലുടനീളം അന്വേഷിച്ചത്. ഈ വിഷയത്തിലുള്ള ഒരു പ്രബന്ധം എഴുതിക്കൊണ്ടാണ് തന്റെ' പ്രിൻസിപ്പിയ നുട്ടൻ ആരംഭിക്കുന്നത്. അടിസ്ഥാന തത്വം പറഞ്ഞുകൊണ്ടാണ് അദ്ദേഹം തന്റെ 'പ്രിൻസിപ്പിയ' എന്ന ഗ്രന്ഥം ആരംഭിക്കുന്നത്. ഇതിനെ തുടർന്നു വരുന്ന വിഷയങ്ങൾ മൂന്ന് ഭാഗങ്ങളാക്കുകയും അവയെല്ലാം ഓരോ ഗ്രന്ഥങ്ങളാക്കുകയും ചെയ്തിരിക്കുന്നു. വസ്തുക്കളുടെ ചലനത്തെക്കുറിച്ച് പഠിക്കുകയും പിണ്ഡം (Mass) ബലം(Force) ആക്കം (Momentem) തുടങ്ങി യവയെ വിശദീകരിക്കുകയും തന്റെ മൂന്ന് ചലന നിയമങ്ങൾ പ്രസ്താവിക്കുകയുമാണ് ആദ്യ രണ്ട് ഗ്രന്ഥങ്ങളിൽ. ഗുരുത്വാകർഷണ സിദ്ധാന്തത്തിന്ന് തെളിവുകൾ നൽകാനും അതിനെ സമർത്ഥിക്കാനുമാണ് മൂന്നാമത്തെ ഗ്രന്ഥം ഉപയോഗിച്ചിരുന്നത്. ഐസക്ക് ന്യൂട്ടന്റെ പ്രിൻസിപ്പിയ എന്ന പുസ്തകത്തിന്ന് ശാസ്ത്രീയ ലോകത്ത് വലിയ സ്വീകാര്യത ലഭിച്ചു. പക്ഷേ ജർമൻ ഗണിത ശാസ്ത്രജ്ഞനായിരുന്ന ലബ്നീസ് ഉൾപ്പെടെ അക്കാലത്ത് ജീവിച്ചിരുന്ന പല ഗണിത ശാസ്ത്രജ്ഞന്മാരും ന്യൂട്ടനോട് വിയോജിച്ചിരുന്നു. എന്നിരുന്നാലും പ്രിൻസിപ്പിയയിൽ പറയപ്പെട്ട എല്ലാ കാര്യങ്ങളും ഗവേഷണങ്ങളുമെല്ലാം തള്ളികളയുക അസാദ്ധ്യമായിരുന്നു. അത്കൊണ്ട് തന്നെ അദ്ദേഹത്തിന്റെ കീർത്തി യൂറോപ്പിൽ മുഴുവൻ ക്ഷണനേരം കൊണ്ട് വളർന്നു. ഒരു ശതാബ്ദം കൊണ്ട് തന്നെ പ്രിൻസിപ്പിയയുടെ പ്രാധാന്യത്തെ പറ്റി ലാപ്ലെസ് എന്ന ഫ്രഞ്ച് ഗണിതശാസ്ത്രജ്ഞൻ വിസ്മയത്തോടെ ഇപ്രകാരം എഴുതി: ഈ പ്രപഞ്ചത്തിലെ എല്ലാ കണത്തിന്റെ സ്ഥാനവും വേഗതയും ഗണിക്കുകയും അതിന്മേൽ പ്രയോഗിക്കപ്പെടുന്ന ബലവും കണക്ക് കൂട്ടി നിർണ്ണയിക്കുകയും ചെയ്യുകയാണെങ്കിൽ ന്യൂട്ടന്റെ നിയമങ്ങൾ പ്രയോഗിച്ച് ഈ പ്രപഞ്ചത്തിന്റെ ഭൂതവും ഭാവിയും അറിയാൻ എളുപ്പമാണ്.

ആൽബർട്ട് ഐൻസ്റ്റീന്റെ കാലം വരെ ഭൗതിക ശാസ്ത്രത്തിന്റെ അടിസ്ഥാന ശിലയായി വർത്തിച്ചത് പ്രിൻസിസിപ്പിയ ആയിരുന്നു എന്ന് പറഞ്ഞാൽ അത് ഒരിക്കലും അതിശയോക്തിയാവില്ല. കാരണം മുഴു പ്രപഞ്ചത്തെക്കുറിച്ചും മനസ്സിലാക്കാൻ അത് തന്നെ അക്കാലത്ത് ധാരാളം മതിയായിരുന്നു.

ഐൻസ്റ്റീൻ കാലഘട്ടം വരെ ഭൗതിക ശാസ്ത്രത്തിന്റെ അടിസ്ഥാന ശിലയായി നിലകൊണ്ടിരുന്നത് പ്രിസ്ൻസിപ്പിയ യാരുന്നുവെന്ന് പറഞ്ഞാലും അത് ഒരിക്കലും അതിശയോക്തിയാവില്ല. കാരണം മുഴുപ്രപഞ്ചത്തേയുംക്കുറിച്ച് മനസ്സിലാക്കാൻ അത് തന്നെ ധാരാളമായിരുന്നു. തിരമാലകളുടെ ചലനവും, ഗോളങ്ങളുടെ സഞ്ചാര പഥങ്ങളും ഉൾപ്പെടെ എല്ലാ ന്യൂട്ടോണിയൻ നിയമങ്ങൾക്ക് വിധേയമായിരുന്നു.

ദൈവത്തെ കുറിച്ചുള്ള ഈ ചർച്ച പ്രിൻസിപ്പിയ മാത്തമറ്റിക്കയിലെ ജനറൽ സ്കോളിയത്തിൽ അദ്ദേഹം അവസാനിപ്പിച്ചിട്ടില്ല. ദ്രവ്യത്തിന്റെ സൃഷ്ടിയിൽ ദൈവത്തിന്റെ പങ്കിനെ പറ്റി അദ്ദേഹത്തിന്റെ രണ്ടാമത്തെ ഗ്രന്ഥമായ ഓപ്റ്റിക്സിൽ അദ്ദേഹം ചർച്ച ചെയ്യുന്നു. അദ്ദേഹത്തിന്റെ മരണ ശേഷം ഓപറ്റിക്സിലെ അദ്ദേഹത്തിന്റെ പല കുറിപ്പുകളും കണ്ടെത്തിയിരുന്നു. അതിൽ പറഞ്ഞിരിക്കുന്ന നാല് സിദ്ധാന്തങ്ങളും പ്രകാശികത്തിന്റെ(Opticks) ആമുഖമായിട്ടാണ് ശാസ്ത്ര ലോകം കണക്കാക്കുന്നത് 1704 ൽ അത് പ്രസിദ്ധീകരിക്കുകയുണ്ടായി. അതിലെ ആദ്യ സിദ്ധാന്തം തന്നെ ദൈവത്തെ സംബന്ധിക്കുന്നതായിരുന്നു. ദൈവത്തിന്റെ അസ്തിത്വം അഥവാ അനന്തവും അനശ്വരതവും സർവ്വജ്ഞനും സർവ്വശക്തനുമായ ഒരു ആത്മീയ സത്ത എന്ന ഒരു ഖണ്ഡിക രൂപത്തിലാണ്. ( The being of a God or Spirit Infinite, Eternal, Omniscient, Omnipotent)

നമ്മുടെ ഈ ലേഖനത്തിൽ ചർച്ചചെയ്യപ്പെടുന്ന ഈ മൂന്ന് ഗ്രന്ഥങ്ങൾ മാത്രം പരിശോധിക്കുമ്പോൾ തന്നെ നമുക്ക് അദ്ദേഹത്തിന്റെ അചഞ്ചലമായ ദൈവവിശ്വാസത്തെ സാക്ഷ്യപ്പെടുത്താൻ സാധിക്കും. കാരണം അവ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ മൂന്ന് കാലഘട്ടങ്ങളിൽ എഴുതപ്പെട്ടവയാണ്. 1660 ലെ ചില തത്വശാസ്ത്രപരമായ ചോദ്യങ്ങൾ (Certain Philosophical Questions)എന്ന ഗ്രന്ഥം അദ്ദേഹത്തിന്റെ വിദ്യാഭ്യാസകാലത്ത് അതായത് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ ന്യൂട്ടൻ എഴുതിയതാണ്. അദ്ദേഹം തന്റെ ജീവിതത്തിന്റെ മധ്യ കാലഘട്ടത്തിൽ അതായത് 1684 ൽ എഴുതിയ ഗ്രന്ഥമാണ് പ്രിൻസിപ്പിയ മാത്തമറ്റിക്ക. (Principia Mathematica) ജീവിതത്തിന്റെ ഏക

ജനറൽ സ്കോളിയം

ഐസക്ക് ന്യൂട്ടൻ ഇപ്രകാരം എഴുതുന്നു: 'സൂര്യനും ഗ്രഹങ്ങളും ധൂമകേതുക്കളുമടങ്ങിയ ഈ മനോഹര സംവിധാനത്തിന്ന് അതിശക്തനും വിവേകിയുമായ ഒരുവന്റെ അധീശത്വത്തിലും ചിന്തയിൽ നിന്നു മാത്രമേ ഉദയം കൊള്ളുകയുള്ളൂ. അത്പോലെ തന്നെ മറ്റു പല നക്ഷത്രങ്ങളും ഇത്തരം അനേകം സംവിധാനങ്ങളുടെ കേന്ദ്രമാണെന്നിരിക്കെ അവയെ എല്ലാം നിയന്ത്രിക്കുന്നവൻ ഏകനായിരിക്കണം എന്നതാണ് യുക്തി. ഈ കേന്ദ്രത്തിൽ നിലകൊള്ളുന്ന നക്ഷത്രങ്ങളിൽ നിന്നുള്ള പ്രകാശ വികിരണവും സൂര്യനിൽ നിന്നുള്ള പ്രകാശ പ്രസരണവും ഒരു പോലെയാവുകയും ആ പ്രകാശമെല്ലാം ഒരു സംവിധാനത്തിൽ നിന്ന് മറ്റൊരു സംവിധാനത്തിലേക്ക് ഒരു പോലെ സഞ്ചരിക്കുകയും ചെയ്യുന്നു. ഗോളങ്ങളെയെല്ലാം ഒരു നിശ്ചിത അളവിൽ സ്ഥാപിക്കുകയും അവയ്ക്കിടയിലെല്ലാം ഗുരുത്വബലം നിലനിൽക്കുകയും ചെയ്യുന്നു. (പ്രപഞ്ചത്തിലെ എല്ലായിടത്തും ഏക നിയമമായിരിക്കെ ആ നിയമങ്ങൾ സൃഷ്ടിച്ചവനും ഏകനായിരിക്കണമെന്ന് താൽപര്യം)'

ജനറൽ സ്കോളിയത്തിന്റെ മൂന്നാം ഖണ്ഡത്തിൽ ദൈവത്തിന്റെ ഗുണഗണങ്ങളെ അദ്ദേഹം ഇപ്രകാരം വിവരിക്കുന്നു.:

'അവന്റെ കേവല ആധിപത്യത്തിൽ നിന്ന് നമുക്ക് വ്യക്തമാവുന്നത് യഥാർത്ഥ ദൈവം ജീവിച്ചിരിക്കുന്നവനും വിവേകിയും അതിശക്തനും സമ്പൂർണ്ണനും സർവ്വജ്ഞനു മാണെന്നാണ്. അതായത് അവൻ അനശ്വരതയിൽ നിന്ന് അനശ്വരതയിലേക്കും അനന്തതയിൽ നിന്ന് അനന്തതയിലേക്കും വ്യാപിച്ചു കിടക്കുന്നു. അവനാണ് എല്ലാം നി യന്ത്രിക്കുന്നവനും എല്ലാ അറിയുന്നവനും.'

ദൈവത്തിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ മാത്രമാണ് ന്യൂട്ടൻ ശ്രമിച്ചതെന്ന് പ്രിൻസിപ്പിയ എന്ന ഗ്രന്ഥം വിശകലനം ചെയ്യുമ്പോൾ നമുക്ക് ഗ്രഹിക്കാവുന്നതാണ്. പ്രിൻസിപ്പിയയുടെ മൂന്നാം വാല്യത്തിന്റെ ആദ്യപതിപ്പിൽ ഇങ്ങനെ പറയുന്നു. 'ഒരോ ഗ്രഹങ്ങളുടെയും സാന്ദ്രതക്കനുസരിച്ച് അവക്ക് ചൂട് ലഭിക്കാൻ വേണ്ടി ദൈവം ഓരോ ഗ്രഹങ്ങളെയും സൂര്യനിൽ നിന്ന് നിശ്ചിത അകലത്തിൽ വിന്യസിച്ചിരിക്കുന്നു.'

തുടർന്ന് വരുന്ന പതിപ്പുകളിൽ നിന്നും അദ്ദേഹം ഈ ഭാഗം നീക്കം ചെയ്തു അതിന്നു പകരമായി ജനറൽ സ്കോളിയം (General Scholium വിശദീകരണ ലേഖനം) എന്ന് പേരിൽ ഒരു പുതിയ ഭാഗം ചേർത്താണ് ഉപസംഹരിച്ചിട്ടുള്ളത്. പ്രിൻസിപ്പിയയിലുടനീളം എല്ലാ പരീക്ഷണ നിരീക്ഷണങ്ങളും ഉപസംഹരിക്കുന്നത് ഈ സ്കോളിയം പ്രതിപാദിച്ചു കൊണ്ടാണ്. തന്റെ മതപരവും ശാസ്ത്രീയവുമായ നിലപാടുകൾക്കെല്ലാം ഒരു വിശദീകരണം നൽകുകയും അത് സംബന്ധിച്ച് ഒരു അന്തർദൃഷ്ടി ഉലകത്തിന്ന് നൽകണമെന്ന് അദ്ദേഹത്തിന്ന് ആവശ്യമായി തോന്നിയത് കൊണ്ടുമാണ് അങ്ങനെ എഴുതിയത്. പ്രകൃതി ദൈവത്തിന്റെ സൃഷ്ടിയാണെന്നും അത് ദൈവത്തെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണെന്നും പ്രകൃതിയെ മനസ്സിലാക്കുന്നതിലൂടെ നമുക്ക് ദൈവത്തിന്റെ പ്രകൃതിയെന്താണെന്ന് മനസ്സിലാവുമെന്നും ന്യൂട്ടൻ വിശ്വസിച്ചിരുന്നു.

സൗരയൂഥത്തിന്റെ അത്ഭുതം ചർച്ച ചെയ്യുമ്പോൾ അദ്ദേഹം ഏകദൈവത്തിന്റെ മഹത്വം ചർച്ച ചെയ്യുന്നു. അല്ലാഹുവിന്റെ സൃഷ്ടി ക്രമത്തിൽ ഒരു ക്രമക്കേടും നിനക്ക് കണാൻ സാദ്ധ്യമല്ല. (67:4) എന്ന ഖുർആനിക വചനനത്തിന്റെ യഥാർത്ഥ പ്രതിഫലനമാണ്

ദേശം അവസാന കാലത്താണ് (1740) ഓപ്റ്റിക്സ് എന്ന ഗ്രന്ഥം എഴുതപ്പെടുന്നത്. കാലം കഴിയുന്തോറും അദ്ദേഹത്തിന്റെ വിശ്വാസം വർദ്ധിച്ചു വന്നിരുന്നു എന്ന് പല കാലഘട്ടങ്ങളിൽ രചിക്കപ്പെട്ട അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു.

മുകളിൽ നടത്തിയ ചർച്ചയിൽക് നിന്ന് ഉരുതിരിഞ്ഞു വരുന്ന ഒരു ചോദ്യമിതാണ് എന്തുകൊണ്ട് ദൈവത്തെ കുറിച്ചുള്ള അദ്ദേഹത്തിന്റെ രചനകൾ അദ്ദേഹം തന്റെ ജീവിത കാലത്ത് തന്നെ പ്രസിദ്ധപ്പെടുത്തിയില്ല? ന്യൂട്ടന്റെ ദൈവത്തെ സംബന്ധിച്ചുള്ള അറിവും വിശ്വാസത്തെ സംബന്ധിച്ചുള്ള ധാരണകളും അദ്ദേഹത്തിന്ന് ചുറ്റുമുള്ളവരുടെതിനെക്കാൾ അഗാധവും അതിഗഹനവുമായിരുന്നു. കാന്റർബറി ആർച്ച് ബിഷപ്പായിരുന്ന ഡോ. തോമസ് ടെന്നിസൻ (1636–1715) ന്യൂട്ട്നോട് പറഞ്ഞത് ദൈവത്തെ പറ്റി ഞങ്ങളെയെല്ലാവരെക്കാളും താങ്കൾക്ക് അറിയാമെന്നാണ്.

എന്തുകൊണ്ട് ന്യൂട്ടന്റെ ജീവിതകാലഘട്ടത്തിൽ ഇതൊന്നും പറഞ്ഞില്ല എന്ന പ്രശ്നത്തിന്ന് ആ കാലഘത്തിലെ മതരാഷ്ട്രീയ സ്ഥിതിഗതികൾ പരിശോധിച്ചാൽ മനസ്സിലാകും. ബൈബിളിനെ പ്രത്യേകിച്ചു ത്രിത്വസിദ്ധാന്തത്തെ ചോദ്യം ചെയ്യുന്നത് കൊടും പാപമായി അന്ന് കണക്കാക്കപ്പെട്ടിരുന്നു. അതിന്ന് മരണ ശിക്ഷ വരെ നൽകപ്പെട്ടിരുന്നു. വളരെയധികം ഒറ്റപ്പെട്ട് ജീവിച്ചിരുന്ന ഒരു മനുഷ്യനായിരുന്നു ന്യൂട്ടൻ. അത്കൊണ്ട് തന്നെ തന്റെ മതപരവും ദൈവികവുമായ വിശ്വാസം പരസ്യപ്പെടുത്തുന്നതിൽ നിന്ന് അദ്ദേഹം വിമുഖനായിരുന്നു. അത്വഴി തന്റെ ശാസ്ത്രീയ സിദ്ധാന്തങ്ങളും പാണ്ഡിത്യവും ചോദ്യം ചെയ്യപ്പെടുമോയെന്ന് പോലും അദ്ദേഹം ഭയന്നിരുന്നു. ഇത് മനസ്സിലാക്കാൻ നമുക്ക് ന്യൂട്ടന്റെ വ്യക്തിത്വം തിരിച്ചിയേണ്ടത് വളരെ അത്യാവശ്യമാണ്.

ആപ്പിളിന്റെ പതനത്തെ കുറിച്ച് പറയാതെ ന്യൂട്ടനെ കുറിച്ചുള്ള് ചർച്ച അവസാനിപ്പിക്കാൻ സാധിക്കില്ല. തന്റെ തലയിൽ ആപ്പിൾ വീണപ്പോഴാണ് അദ്ദേഹം ഗുരുത്വബലത്തെ കുറിച്ച് ചിന്തിച്ച് തുടങ്ങിയത്. എന്നത് വെറും കെട്ടുകഥ മാത്രമാണ് ആപ്പിൾ മരത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ ന്യൂട്ടന്റെ തൊട്ടപ്പുറത്ത് വീണ ആപ്പിൾ ആണ് അദ്ദേഹത്തിൽ കൗതുകം ജനിപ്പിച്ചത്. എന്ന് അദ്ദേഹത്തിന്റെ സുഹൃത്തായ വില്യം സ്റ്റക്കിലി സാക്ഷ്യപ്പെടുത്തുന്നു. ഈ സാക്ഷ്യത്തെ പോലും ചിലർ അംഗീകരിക്കുന്നില്ല. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) പറഞ്ഞത് ഇപ്രകാരമാണ്.

'ആപ്പിളിന്റെ പതനം അദ്ദേഹത്തെ അത്ഭുതപ്പെടുത്തിക്കാണും. എന്ത്കൊണ്ട് അത് ചെരിവില്ലാതെ (കോണിൽ സഞ്ചരിക്കാതെ) നേരെ താഴെ പതിക്കുന്നു എന്ന് അദ്ദേഹം ചിന്തിച്ചു'.

ഇങ്ങനെ അസാധാരണമായ പല നേട്ടങ്ങളും ജീവിതത്തിൽ നേടിയെടുക്കാൻ എങ്ങനെ അദ്ദേഹത്തിന്ന് സാധിച്ചു.? യുക്തിവാദികൾ കൊടികുത്തിവാഴുന്ന ഇക്കാലത്ത് അദ്ദേഹത്തിന്റെ ജ്ഞാനത്തിന്റെ അടിത്തട്ടിൽ നിന്നും പുറപ്പെട്ട ലാളിത്യത്തിന്റെ വാക്കുകൾ അത്ഭുതവഹമായിത്തോന്നാം. അദ്ദേഹം ഇപ്രകാരം പറഞ്ഞിരുന്നു.

'ലോകം എന്നെ എങ്ങനെ നോക്കിക്കാണുന്നു വെന്ന് എനിക്കറിയില്ല. കണ്ടെത്തപ്പെടാത്ത അറിവുകളുടെയും സത്യങ്ങളുടെയും സമുദ്രം എന്റെ മുന്നിൽ പരന്നു കിടക്കുന്നു. ആ സമുദ്രത്തിന്റെ മടിത്തട്ടിൽ നിന്ന് മനോഹരമായ ഒരു കല്ല ആല്ലെങ്കിൽ ചന്ത്മുള്ള ഒരുകക്ക പെറുക്കിയെടുത്ത് കളിക്കുന്ന ഒരു കുട്ടി മാത്രമാണ് ഞാൻ'

ശതാബ്ദങ്ങളോളം കവികളെയും തത്വചിന്തകരെയും ശാസ്ത്ര്ജ്ഞന്മാരെയും സ്വാധീനിച്ച വിനയം നിറഞ്ഞ ഈ വാക്കുകൾ ഉത്ഭവിച്ചത് ലോകത്തിലെ തന്നെ ഏറ്റവും സമർത്ഥനായ മസ്തിഷ്ക്കത്തിന്റെ ഉടമയിൽ നിന്നാണ്. ശാസ്ത്രത്തെ അദ്ദേഹം എത്രത്തോളം മനസ്സിലാക്കിയോ അത്രതന്നെ അദ്ദേഹം സർവ്വ വ്യാപിയായ ദൈവത്തെ കുറിച്ചും ബോധവാനായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ(റഹ്) ഇപ്രകാരം എഴുതി

ദൈവം ന്യൂട്ടന്ന് സ്വയം പ്രകടമാവുകയും' അല്ലാഹു ഇഛിക്കുന്നത് മാത്രമേ മനുഷ്യന്ന് അറിയുന്നുള്ളൂ' എന്ന ഖുർആനിക വാക്യം അദ്ദേഹം തന്റെ ജീവിതത്തിലുട നീളം ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്തു.

ദൈവത്തെ അന്വേഷിച്ചു നടന്ന ഒരു സാധാരണ വിദ്യാർത്ഥി യായിരുന്ന സർ ഐസക്ക് ന്യൂട്ടൻ ആ അന്വേഷണത്തിന്റെ പാതയിൽ വെച്ച് തന്നെ ചലന നിയമങ്ങളും ഗുരുത്വ നിയമങ്ങളുമെല്ലാം നമ്മുക്ക് സമ്മാനിച്ചു. സർവ്വ ജ്ഞനായ തന്റെ രക്ഷിതാവിന്റെ പാതയിൽ നിന്ന് അദ്ദേഹം ഒരിക്കൽ പോലും തെന്നി മാറിയിട്ടില്ല ഈ പ്രപഞ്ചത്തിൽ തന്റെ സ്ഥാനം മനസ്സിലാക്കുകയും ഈ ബൃഹദ് വ്യവസ്ഥയിൽ അദ്ദേഹത്തിന്റെ കണ്ടെത്തലുകളെല്ലാം വെറും നിസ്സാരമാണെന്ന കാര്യത്തിൽ ഒട്ടും തന്നെ സംശയം വെച്ച് പുലർത്താതിരിക്കുകയും ചെയ്തതാണ് അദ്ദേഹത്തിന്റെ വിജയം. അതിശയകരമായ കാര്യമെന്തെന്നാൽ അദ്ദേഹം നമുക്ക് നൽകിയ ജ്ഞാനങ്ങൾക്ക് പുറമെ പരിഹരിക്കാൻ ഒരു സമസ്യ കൂടി നീട്ടുകയുണ്ടായി. ഗുരുത്വത്തിന്നുള്ള കാരണമെന്താണ്? എന്നതാണ് ആ ചോദ്യം.



# ട്രംപും ലോകവും

അമേരിക്കയിൽ 2024 നവമ്പർ 5–ാം തീയതി നടന്ന ഇലക്ഷനിൽ നാല് വർഷത്തെ ഇടവേളക്ക് ശേഷം 47 ാമത് പ്രസിഡന്റായി ഡൊണാൾഡ് ട്രംപ് നല്ല ഭൂരിപക്ഷത്തിൽ അധികാരത്തിൽ തിരിച്ചു വന്നിരിക്കുന്നു. ട്രംപിന് 312 ഇലക്ട്രൽ വോട്ട് ലഭിച്ചപ്പോൾ കമല ഹാരിസിന് 226 വോട്ടുകൾ മാത്രമാണ് ലഭിച്ചത്. 2025 ജനുവരി 20 ന് അദ്ദേഹം അമേരിക്കൻ പ്രസിഡന്റായി അധികാരമേൽക്കും. ജോ ബൈഡന്റെ ഏറ്റവും ദുർബലമായ ഭരണത്തിനെതിരെയുള്ള വിധിയെഴുത്താണ് ഇത് എന്ന് പറയുന്നതാവും ശരി. ഫലസ്തീൻ പ്രശ്നത്തിൽ ബൈഡൻ കാണിച്ച വഞ്ചന ആ വിഭാഗത്തോട് അനുഭാവമുണ്ടായിരുന്ന വലിയൊരു വിഭാഗം വോട്ടർമാരെ ഡമോക്രാറ്റിക്ക് പാർട്ടിയിൽ നിന്നും അകറ്റി. അറബ് അമേരിക്കക്കാർ എന്നറിയപ്പെടുന്ന അറബ് വംശജർക്ക് നിർണ്ണായക സ്ഥാനമുള്ള മിഷിഗൺ സംസ്ഥാനത്തെ തെരഞ്ഞെടുപ്പിൽ ട്രംപിന്റെ റിപ്പബ്ലിക്കൻ പാർട്ടിക്കുണ്ടായ ജയം അതാണ് സൂചിപ്പിക്കുന്നത്. കുടിയേറ്റ വിരുദ്ധ പ്രഖ്യാപനങ്ങളുണ്ടായിട്ടും ഇന്ത്യൻ വംശജർ 80 ശതമാനത്തോളം ട്രംപിനാണ് വോട്ട് രേഖപ്പെടുത്തിയത്.

അമേരിക്കൻ തീരുമാനങ്ങൾക്ക് നിർണ്ണായക സ്വാധീനമുള്ള ഒരു ലോക സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. അപ്രവചനീയ സ്വഭാവവും താൻ പോരിമയും കാണിക്കുന്ന അന്തർദേശീയ നീതി സങ്കൽപ്പങ്ങളേക്കാൾ അമേരിക്കൻ കേന്ദ്രിത താൽപര്യങ്ങളെ മുറുകെ പിടിക്കുന്ന ട്രംപ് ലോകസമാധാനത്തിന് ഏറ്റവും വലിയ ഭീഷണിയായിരിക്കുന്ന ഇസ്റയേലിനെ അന്ധമായി പിന്തുണക്കുന്നയാളാണ്. ലോകത്ത് ഇപ്പോൾ രണ്ട് യുദ്ധങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. ആ യുദ്ധങ്ങൾ എപ്പോൾ വേണമെങ്കിലും വൻതോതിൽ വ്യാപിക്കാൻ സാദ്ധ്യതയുള്ളതാണ്. അത്യന്തം ഗൗരവതരമായ ഈ സംഘർഷങ്ങളോട് പുതിയ അമേരിക്കൻ പ്രസിഡന്റ് ട്രംപിന്റെ നിലപാടുകൾ അറിയാൻ ലോകം കാത്തു നിൽക്കുകയാണ്.

വിചിത്രവും ജനാധിപത്യത്തിന് നിരക്കാത്തതുമായ ട്രംപിന്റെ പൊതു ജീവിതത്തിലെയും വ്യക്തി ജീവിതത്തിലെയും പെരുമാറ്റങ്ങൾ ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. അമേരിക്കയിൽ 2020 ലെ ജോ ബെഡൻ ജയിച്ച തെരെഞ്ഞെടുപ്പ് ഫലം ട്രംപ് അംഗീകരിക്കാതിരിക്കുകയും ശേഷം അദ്ദേഹത്തിന്റെ അനുയായികൾ പ്രസിഡന്റിന്റെ ആസ്ഥാനമായ കാപിറ്റോൾ ഹില്ലിൽ നടത്തിയ സംഘട്ടനത്തിൽ ആറു പേർ മരിക്കുകയും ചെയ്ത സംഭവം ലോകത്ത് തന്നെയുള്ള പാർലമെന്ററി ചരിത്രത്തിലെ ദുസ്മരണകളാണ്. നാല് ക്രിമിനൽ കേസുകൾ ചുമത്തപ്പെടുകയും ഒരു ചലചിത്ര താരത്തിനെതിരെയുള്ള ലൈംഗിക കുറ്റത്തിന് ശിക്ഷിക്കപ്പെട്ടതും മൂന്ന് തവണ വിവാഹിതനാവുകയും ചെയ്തയാളാണ് 78 കാരനായ ട്രംപ്. അമേരിക്കയുടെ 244 വർഷത്തെ ചരിത്രത്തിൽ നീതി തടസ്സപ്പെടുത്തയതിന്റെ പേരിൽ രണ്ട് തവണ ഇംപീച്ച് ചെയ്യപ്പെട്ടയാളുമാണ് അദ്ദേഹം. രാജ്യത്തെ കുടിയേറ്റക്കാരെയും ന്യൂന പക്ഷങ്ങളെയും തള്ളിപറഞ്ഞതിനും സ്ത്രീകൾക്ക് അപമാനകരവും അപകീർത്തികരവുമായ പ്രസ്താവനകൾ നടത്തിയതിനും ആരോപണങ്ങൾ നേരിട്ട ആളുമാണ്. എന്നിട്ടും അമേരിക്കൻ ജനത ഇപ്പോൾ ഇദ്ദേഹത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

ഏറ്റവും പ്രധാനമായുള്ളത് ലോകത്ത് രണ്ട് യുദ്ധങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സാധാരണക്കാർക്ക് ആഗോള സമാധാനത്തിന്റെ അവസ്ഥയും യുദ്ധത്തിന്റെ തീവ്രതയും മനസ്സിലാകണമെങ്കിൽ സ്വർണ്ണത്തിന്റെ വിലയിലുണ്ടാകുന്ന ഏറ്റകുറച്ചിലുകൾ ശ്രദ്ധിച്ചാൽ മതി. സമാധാനകാലത്ത് വില കുറയുകയും യുദ്ധസാഹചര്യത്തിൽ വിലകൂടുകയും ചെയ്യുന്ന വസ്തുവാണ് സ്വർണ്ണം. യുദ്ധകാലത്ത് വ്യാപാരത്തിലും ബിസിനസ്സിലും ആശങ്ക ഉയരുന്നതിനാൽ ഓഹരികമ്പോളത്തിൽ വിലയിടിയുകയും കൂടുതൽ സ്ഥിരതയുള്ള സ്വർണ്ണത്തിൽ അത് നിക്ഷേപിക്കുകയും ചെയ്യുന്നതിനാലാണ് ഈ ഏറ്റകുറച്ചിലുകൾ.

ഇസ്റയേലും ഫലസ്തീനും തമ്മിലുള്ള യുദ്ധത്തിൽ അമേരിക്കയുടെ നിലപാട് വളരെ പ്രകടവും പ്രഖ്യാപിതവുമാണ്. തോറ്റ സ്ഥാനാർത്ഥി കമലാ ഹാരിസനും ജയിച്ച ട്രംപും യുദ്ധകുറ്റങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഇസ്റയേലിനെ പ്രീണിപ്പിക്കുന്നതിൽ മത്സരിക്കുകയായിരുന്നു. കമല ഇടക്കിടെ ഫലസ്തീനിൽ മരിച്ചു വീഴുന്ന കുഞ്ഞുങ്ങളേയും സ്ത്രീകളേയും ഓർത്തു മുതലക്കണ്ണീരൊഴുക്കാറുണ്ട് എന്നത് മാത്രമാണ് വ്യത്യാസം. ഇസ്റയേലിന്റെ



ഒരു ദാസ്യയെ പോലെയാണ് അമേരിക്കയുടെ എക്കാലത്തേയും സമീപനം. ഐക്യരാഷ്ട്ര സഭയിൽ ഇസ്റയേലിന്റെ അക്രമങ്ങൾക്കെതിരെ അന്തരാഷ്ട്രാ സമൂഹം അവതരിപ്പിക്കുന്ന പ്രമേയങ്ങൾ സെക്യൂരിറ്റി കൗൺസിലിൽ തടയുക എന്ന ദൗത്യമായിരുന്നു അമേരിക്ക ഇക്കാലമത്രയും നിർവ്വഹിച്ചിരുന്നത്. റഷ്യയുടെ യുക്രയ്ൻ അധിനിവേശത്തെ അമേരിക്കയും നാറ്റോ യൂറോപ്യൻ സഖ്യവും രൂക്ഷമായി എതിർക്കുകയും യുക്രയ്നെ യുദ്ധത്തിൽ സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ ഫലസ്തീനിൽ ഇസ്റയേൽ നടത്തിയ അധിനിവേശം തടയാൻ ഫലപ്രദമായി ഒരക്ഷരം ഉരിയാടാൻ അമേരിക്കയും നാറ്റോയും തയ്യാറായിട്ടില്ല. അന്യായമായിട്ടാണെങ്കിലും ഐക്യരാഷ്ട്ര സഭയാണ് ഇസ്റയേലിന് ജന്മം നൽകിയത് എന്നത് ഒരു യാഥാർത്ഥ്യമാണല്ലോ. എന്നാൽ ഇപ്പോൾ അത്യന്തം ധിക്കാരത്തോടെ ഐക്യരാഷ്ട്ര സഭയല്ല, മറിച്ച് തങ്ങൾ യുദ്ധം ചെയ്ത് നേടിയതാണ് ഇസ്റയേൽ എന്നാണ് അവർ പറയുന്നത്. നാറ്റോയിലെ പ്രബല രാജ്യമായ ഫ്രാൻസിന്റെ പ്രസിഡന്റിനെ ഓർമ്മിപ്പിച്ചുകൊണ്ട് ഇസ്റയേൽ പ്രധാനമന്ത്രി നെതന്യാഹു 2024 ഒക്ടോബർ 15 ന് X ൽ ഹിബ്രു ഭാഷയിൽ കുറിച്ചതിന്റെ പരിഭാഷ ഇപ്രകാരമാണ്.

'(ഇസ്റയേൽ) പ്രധാന മന്ത്രിയുടെ ഓഫീസിൽ നിന്നും ഫ്രാൻസ് പ്രസിഡന്റിന് ഒരു ഓർമ്മപ്പെടുത്തൽ:- ഇസ്റയേൽ രാഷ്ട്രം സ്ഥാപിച്ചത് യുഎൻ പ്രമേയമല്ല, മറിച്ച് വീരോചിതരായ ഞങ്ങളുടെ പോരാളികൾ രക്തപങ്കിലമായ സ്വാതന്ത്ര്യപോരാട്ടത്തിലൂടെ നേടിയ വിജയമാണ്. അവരിൽ പലരും ഫ്രാൻസിലെ വിച്ചി ഭരണത്തിനു കീഴിൽ ഹോളോകോസ്റ്റ് അതിജീവിച്ചവരായിരുന്നു.' സർവ്വാധികാരിയായി തീർന്ന ഇസ്റയേലിന്റെ ദാസ്യവൃത്തി നടത്തുന്ന രാജ്യമാണോ അമേരിക്ക എന്ന് തോന്നിപ്പിക്കുന്ന രീതിയിലാണ് അമേരിക്കയുടെ പെരുമാറ്റം. ഇപ്പോഴത്തെ പ്രസിഡന്റ് ട്രംപ് രാഷ്ടീയപരവും ബിസിനസ്സ്പരവും കുടുംബപരവുമായി യഹൂദരും ഇസ്റയേൽ രാഷ്ട്രവുമായി അഭേദ്യ ബന്ധം പുലർത്തുന്ന ആളാണ് എന്ന് വരുമ്പോൾ ലോകത്തിന്റെ ഭാവി എന്തായിതീരും എന്ന ആശങ്കയുണ്ട്.

ഏതായാലും ട്രംപ് അടിമുടി ബിസിനസ്സുകാരനായ രാഷ്ട്രീയക്കാരനാണ്. അത്കൊണ്ട് യുദ്ധത്തിൽ അത്ര തൽപ്പരനായിട്ടല്ല അദ്ദേഹം അറിയപ്പെടുന്നത്. എങ്കിലും ശക്തി പ്രകടനങ്ങളിലൂടെയുള്ള സമാധാനം (Peace through strength) എന്നതാണ് അദ്ദേഹത്തിന്റെ പോളിസി. ചില ആശയങ്ങളോട് പ്രതിബദ്ധതയുള്ള ഡോഗ്മാറ്റിക് സമീപനത്തിനു പകരം ലാഭം പ്രതീക്ഷിച്ചുകൊണ്ടുള്ള പ്രായോഗിക കച്ചവട സമീപനമാണ് അദ്ദേഹത്തിന് സ്വീകാര്യമായത്. മാറിവരുന്ന ലോക സാഹചര്യങ്ങളോട് അദ്ദേഹം എങ്ങനെ പ്രതികരിക്കുമെന്ന കാര്യം കണ്ടറിയേണ്ടിയിരിക്കുന്നു. അമേരിക്കയെ ആകെ ഗ്രസിച്ചിരിക്കുന്ന ഇസ്റയേൽ എന്ന വംശീയ രാഷ്ട്രവും മറ്റു സാഹചര്യങ്ങളും അദ്ദേഹത്തെക്കൊണ്ട് എന്തെല്ലാം ചെയ്യിക്കുമെന്നും അദ്ദേഹം സ്വയം എന്തൊക്കെ ചെയ്യുമെന്നും കോർപറേറ്റുകൾക്ക് വേണ്ടി എന്തെല്ലാം ഹീനകൃത്യങ്ങൾ അദ്ദേഹം നടത്തിക്കൊടുക്കുമെന്നും ആർക്കും ഒന്നും പറയാൻ പറ്റാത്ത വിധം കണക്ക്

കൂട്ടലുകൾക്ക് അതീതനും നില പാടുകളിൽ സ്ഥിരതയില്ലാത്തയാളുമാണ് ട്രംപ്.

യുക്രയ്ൻ റഷ്യാ യുദ്ധം രണ്ടര ക്കൊല്ലം പിന്നിട്ടുകഴിഞ്ഞു. യുദ്ധ ത്തിൽ എത്ര പേർ മരിച്ചുവെന്ന് ഇരു രാജ്യങ്ങളും ജനരോഷം ഭയന്ന് വെളിപ്പെടുത്തിയിട്ടില്ല. ഈ യുദ്ധം ഇരുപത്തിനാലു മണിക്കൂർ കൊണ്ട് അവസാനിപ്പിക്കുമെന്നാണ് ട്രംപ് പറഞ്ഞത്. തെരഞ്ഞെടുപ്പ് വിജത്തിന് ശേഷം ഫ്ളോറിഡയിലെ പാംബീച് കൺവെൻഷൻ സെന്ററിൽ നടത്തിയ പ്രസംഗത്തിൽ തനിക്ക് യുദ്ധം തുടങ്ങാനല്ല യുദ്ധം അവ സാനിപ്പിക്കാനാണ് താൽപര്യമെന്ന് ട്രംമ്പ് പറയുകയുണ്ടായി. അത്രയും നല്ലത്. ബൈഡൻ സ്ഥാനമൊഴി യാൻ ഏതാനും ദിവസം ബാക്കി നിൽക്കെ യുക്രയ്ൻ റഷ്യാ യുദ്ധ ത്തിൽ യുക്രയ്ൻ ദീർഘദൂര മി സൈലുകൾ ഉപയോഗിക്കാൻ പാടില്ല എന്ന അമേരിക്കൻ വിലക്ക് അദ്ദേഹം നീക്കുകയും അവർ അത് റഷ്യക്കെതിരായി ഉപയോഗിക്കുകയും ചെയ്തു. പോകുന്ന പോക്കിൽ ബൈഡൻ ചെയ്യുന്ന ഈ ദ്രോഹം ലോകത്തെ യുദ്ധ ഭീതിയിലാഴ്ത്തുകയാണ് ചെയ്യുന്നത്. തന്റെ പിതാവ് അധികാരമേൽക്കാൻ രണ്ടു മാസം ബാക്കി നിൽക്കേ ആയുധ വ്യാപാരികളെ സഹായിക്കാൻ ബൈഡൻ മൂന്നാം ലോക മഹായുദ്ധത്തിന് തുടക്കം കുറിക്കാൻ ശ്രമിക്കുകയാണെന്നാണ് ട്രംപിന്റെ മകൻ ജൂനിയർ ട്രംപ് പറഞ്ഞത്. ട്രംപ് അധികാരമേൽക്കുന്ന ജനുവരിക്ക് മുമ്പ് ഗസ്സയെ പരാജയപ്പെടുത്തി ഉടൻ തന്നെ ഇസ്റയേൽ യുദ്ധം അവസാനിപ്പിക്കണമെന്ന് ട്രംപ് നിർദ്ദേശിച്ചതായി ഇസ്റയേൽ ടൈംസ് റിപ്പോർട്ട് ചെയ്യുന്നു.

അമേരിക്ക ഈയ്യിടെ വികസിപ്പിച്ച് നൽകിയ സൂപ്പർ സോണിക് മിസ്സൈൽ MGM-140 Army Tactical Missile Sy-stem (ATACMS) റഷ്യയുടെ 115 കിലോ മീറ്റർ ഉള്ളിലേക്ക് കയറി ബ്ര്യാൻസ്ക് മേഖലയിൽ പ്രയോഗിക്കുകയുമുണ്ടായി. അമേരിക്കൻ വിലക്ക് നീക്കിയതിന് ശേഷം യുക്രയ്ൻ, റഷ്യയിൽ നടത്തിയ ആദ്യ ആക്രമമാണിത്. അത് പോലെ ബ്രിട്ടൻ നൽകിയ 250 കിലോ മീറ്റർ റേഞ്ചുള്ള സ്റ്റോം ഷാഡോ മിസൈൽ യുക്രയ്ൻ റഷ്യയിൽ പ്രായോഗിച്ചതായി അറിയുന്നു. നാറ്റോ രാജ്യങ്ങൾ യുക്രയിനിൽ വിന്യസിച്ച ആയുധങ്ങൾ പ്രയോഗിക്കാൻ ഉക്രയിനെ അനുവദിക്കുകയും ചെയ്തു. ഇതെല്ലാം റഷ്യയെ അത്യന്തം പ്രകോപിപ്പിച്ചിരിക്കയാണ്. ഇതിനെതിരെ റഷ്യയുടെ ആണവ നയം പരിഷ്ക്കരിച്ച് കൊണ്ട് പുട്ടിൻ നടത്തിയ പ്രസ്താവന യൂറോപ്പിലെയും അമേരിക്കയിലെയും ജനങ്ങളെ മുഴുവൻ നടുക്കുന്നതാണ്. റഷ്യക്കെതിരെ നാറ്റോയും അമേരിക്കയും അടക്കം ആണവ രാജ്യങ്ങൾ നൽകിയ ആധുനിക ആയുധങ്ങൾ ഉപയോഗിച്ച് ഇനിയും റഷ്യയെ ആക്രമിക്കുകയാണെങ്കിൽ റഷ്യ അതൊരു സംയുക്താക്രമണമായി കണക്കാക്കുമെന്നും റഷ്യക്ക് ആണവായുധങ്ങൾ പ്രയോഗിക്കാൻ കൂടുതൽ സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നുമാണ് പുട്ടിൻ നൽകിയ മറുപടി. പുട്ടിൻ ഉയർത്തിയ ഭീഷണി ലോകത്ത് യുദ്ധ ഭീതി വീണ്ടും ഉയർത്തിയിരിക്കുകയാണ്. റഷ്യയിൽ നിന്നുള്ള ഭീഷണി കണക്കിലെടുത്ത് റഷ്യൻ എംബസ്സി അടച്ച് പൂട്ടി. കനഡ, ഇറ്റലി, ഗ്രീക്ക് എന്നീ എംബസ്സികളും അടച്ചു പൂട്ടി. യുക്രയ്നിലെ മറ്റു പാശ്ചാത്യ എംബസ്സികളും ആശങ്കയിലാണ്.

ഏതായാലും ലോകത്തെ അനീതിയിൽ വലയം ചെയ്തിരിക്കുന്ന അവസാനകാലത്തെ വിനാശ ശക്തികളെ കുറിച്ച് വിശുദ്ധ ഖുർആനിലും ഹദീസുകളിലും വാഗ്ദത്ത മസീഹിന്റെ വചനങ്ങളും പ്രവചനമുണ്ട്. അവരുടെ ഉപദ്രവങ്ങളിൽ നിന്നും അവരുണ്ടാക്കുന്ന നാശത്തിൽ നിന്നും ലോകം രക്ഷപ്പെടുമാറാകട്ടെ. ലോകത്ത് ശാന്തിയും സുസ്ഥിര സമാധാനവും ഉണ്ടാവട്ടെ.

## അനുസ്മരണം



**സി. വി ഹംസ സാഹിബ് (82)**

12.11.2024 ചൊവ്വ രാത്രി 9 മണിക്ക് വഫാത്തായി ഇന്നാലില്ലാഹി .,..


മൂസിയായിരുന്ന അദ്ദേഹം എല്ലാ വെള്ളിയാഴ്ചയും കൃത്യമായി ചന്ദ തരുന്ന ഭക്തനായ വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ അവസാന വെള്ളിയാഴ്ച വലിയ ഒരു സംഖ്യ ഹിസ്സ ആമദിൽ ചന്ദയായി നല്കി. ബൈത്തുൽ ഖുദ്ദൂസിൽ നിറസാന്നിധ്യമായിരുന്നു അദ്ദേഹം ജമാഅത്ത് നിസ്കാരത്തിന് ഒന്നാമത്തെ നിരയിൽ തന്നെ സ്ഥാനമുറപ്പിക്കുമായിരുന്നു. സ്കൂൾ വിദ്യാഭ്യാസമൊന്നുമില്ലെങ്കിലും ഇത്രയും കാലം കണ്ണട വെക്കാതെ പലതും വായിച്ച് അതിനെ കുറിച്ച് ചർച്ച ചെയ്യുമായിരുന്നു. നാലും അഞ്ചും ഖലീഫമാർ ഖാദിയാനിൽ വന്നപ്പോൾ അവരുടെ പിന്നിൽ നിന്ന് നമസ്കരിക്കാനും കൈ കൊടുത്ത് സലാം നൽകാനും സാധിച്ചു എന്ന് അഭിമാന പൂർവ്വം അദ്ദേഹം പറയുമായിരുന്നു. അദ്ദേഹത്തിന്റെ തബ്‌ലീഗ് കൊണ്ട് 3 കുടുംബം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചിട്ടുണ്ട്. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഅഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. ഭാര്യ - സുബൈദ

മക്കൾ - മുസ്തഫ, മുഹമ്മദ് ബഷീർ, റംല, മൻസൂറ,

മരുമക്കൾ - അസ്മ, നിഷാന, സുൽത്താൻ അഹ്മദ്, ഷെഹസാദ് അഹ്മദ്

ഹാറൂൺ പി. കോഴിക്കോട്

# www.mta.tv




Muslim Television Ahmadiyya International (MTA)

*Reaching The Corners Of The Earth*

MTA International emerged in 1994 with the aim of providing a positive alternative in the broadcasting world.

MTA was the brainchild of Hadhrat Mirza Tahir Ahmad, Khalifat-ul-Masih IV ra, and ever since its inception MTA has been a unique channel in many respects. Its focus lies in producing programs that can be enjoyed by people of all ages at all times. It recognizes that television plays a significant role in the world and has accordingly devoted itself to applying this influence positively for the purpose of educating its viewers. MTA's future is not dependant upon commercial sponsorships or license fees, thus allowing it to concentrate on producing a variety of programs on a range of subjects for its viewers in all parts of the world, without sacrificing standards.

MTA offers quality family viewing right across the globe. It broadcasts internationally in up to eight languages simultaneously and features programs focusing on the different cultures of the world and the environments in which they exist. MTA has also kept pace with technology and broadcasts in both analogue and digital. MTA features many thought-provoking discussions and programs on issues of great relevance to society, with some of MTA's programs being unmatched in their high level of quality.

Published on 07.12.2024

Pages 44
RNI No. 3332/1957, Registered KL/EKM/726/2024-26
Licence No. KL/CR/EKM/WPP-19/2024-26. Licensed to post without Prepayment
The Sathyadoothan Monthly

Vol: 96 Issue.12
Price Rs. 30/-

100 YEARS 1925 2025

സത്യദൂതൻ

# സത്യദൂതൻ
# ഒരു നൂറ്റാണ്ട് പൂർത്തിയാക്കുന്നു.
# മലയാള പ്രസിദ്ധീകരണ രംഗത്ത്
# അത്യപൂർവ്വ സംഭവം

## വായിക്കുക, വരിക്കാരാവുക!

Rs. 30/-




# SUBSCRIBE

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ
300 രൂപ

*കൂടുതൽ വിവരങ്ങൾക്ക്:*
**മാനേജർ**
**സത്യദൂതൻ, മസ്ജിദ് ഉമർ**
**സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം**
*Email : sathyadoothan1@gmail.com*
***Phone No: 9447086862 (G. Pay)***
***+971505253252***

Printed & Published by B.B.Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Offset Prints, Ramanattukara, Calicut, Kerala - 673 633
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim.